സദ്ഭാവന
ഓൺലൈനിൽ വായിക്കുവാൻ
ക്യു.ആർ കോഡ് സ്കാൻ ചെയ്യുക

# സദ്ഭാവന

YouTube
ശ്രീ. ബി.എസ്. ബാലചന്ദ്രൻ രചിച്ച
ശ്രീമഹാരാമായണം
കേൾക്കുവാനും വായിക്കുവാനും
സന്ദർശിക്കുക
യൂട്യൂബ് ചാനൽ
Jaihind Bharat Voice

പ്രതിമാസ മലയാള വാർത്താപത്രം | SATHBHAVANA | The Monthly Malayalam Newspaper

പുസ്തകം 24 ലക്കം 10 തിരുവനന്തപുരം 2025 ഒക്ടോബർ 10 പേജ് 8 വില 20 രൂപ RNI Reg. No. KERMAL /2002/7358

## അഖിലഭാരത ചർക്കാസംഘം രൂപീകരിക്കപ്പെട്ടിട്ട് നൂറു വർഷം

# ഖാദി ശതാബ്ദി വർഷം

**ബി.എസ്. ബാലചന്ദ്രൻ**


ഭാരതത്തിന്റെ തിരുമുറ്റത്ത് കാലം കൊളുത്തി വച്ച നെയ്വിളക്കുകളാണ് ചർക്കയും ഖാദിയും, ഒരു കാലത്ത് പാവപ്പെട്ട ഗ്രാമീണരുടെ വിശപ്പിന്റെ വിളി കേൾക്കാൻ ചർക്കയും ഖാദിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ബ്രിട്ടീഷ് ഭരണകാലത്ത് പട്ടിണിയിവിടെ കടലായാണ് കണ്ടിരുന്നത്!

വിശപ്പു സഹിക്കാനാവാതെ കുട്ടികൾ മണ്ണുവാരി തിന്ന സംഭവങ്ങൾ പോലും എത്രയോ റിപ്പോർക്കു ചെയ്യപ്പെട്ടിട്ടുണ്ട്. നിസ്സഹായതയിൽ നിന്നുയർന്നുവന്ന ഇത്തരത്തിലുള്ള അവിശ്വസനീയത സ്ഫുരിക്കുന്ന സംഭവങ്ങളുടെ ഘോഷയാത്രകളായിരുന്നു അന്നിവിടെ കണ്ടിരുന്നത്!

വിശന്നൊട്ടി നട്ടെല്ലിനോടു ചേർന്ന വയറുകളുമായി കരയുന്ന കുട്ടികളും ഊഷര ഭാവിയിലേയ്ക്ക് കണ്ണും നട്ടിരിക്കുന്ന എല്ലും തോലുമായ മനുഷ്യക്കോലങ്ങളുമെല്ലാം ഈ നാടിന്റെ മുഖമുദ്രകളായിരുന്നു.

ദക്ഷിണാഫ്രിക്കയിൽ നിന്നും മടങ്ങിയെത്തിയ മഹാത്മാഗാന്ധി ദേശീയ പ്രസ്ഥാനത്തിനു കരുത്തു പകരുന്ന പ്രവർത്തനങ്ങളുമായി ഗോപാലകൃഷ്ണഗോഖലെയുമായി ചേർന്ന് നാടുനീളെ സഞ്ചരിച്ചു. ഭാരതത്തിന്റെ വടക്കൻ സംസ്ഥാനങ്ങളിലൂടെ നടന്നു നീങ്ങിയ അവർക്ക് ഹൃദയഭേദകമായ കാഴ്ചകൾക്കാണ് സാക്ഷ്യം വഹിക്കേണ്ടി വന്നത്. നേതാക്കളെ കണ്ടതോടെ സ്ത്രീകളും കുട്ടികളും വൃദ്ധരുമടങ്ങുന്ന ജനങ്ങൾ അവർക്കു ചുറ്റും കൂടി. അവർ കൂട്ടത്തോടെ 'ഖാ' (ഭക്ഷണം) 'ദീ' (തായോ) അതായത് 'ഭക്ഷണം തായോ' എന്നു വിളിച്ചു പറഞ്ഞു കരഞ്ഞു. മെച്ചപ്പെട്ട വസ്ത്രം ധരിച്ചെത്തുന്ന ആരെ കണ്ടാലും ഗ്രാമീണർ ഇതേ പോലെ ഓടിക്കൂടി കൈ നീട്ടുന്നു!

ഖാ....ദീ..., ഖാ... ദീ (ഭക്ഷണം തായോ..., ഭക്ഷണം തായോ...) എന്നു പറഞ്ഞ് തങ്ങൾക്കു ചുറ്റും കൂടിയവരിൽ ഏറിയ പങ്കും സ്ത്രീകളും കുട്ടികളും പ്രായം ചെന്നവരുമടക്കം എല്ലാ വിഭാഗം ഗ്രാമീണരുമുണ്ടായിരുന്നു. വിശന്നു വലഞ്ഞ കൊച്ചുകുട്ടികളുടെയും അഴുക്കു പുരണ്ട ചേലകളും ചുറ്റി കരഞ്ഞു തളർന്ന കണ്ണുകളുമായി നിൽക്കുന്ന സ്ത്രീകളുടെയും പരിതാപകരമായ അവസ്ഥ കണ്ട് ഇരുവരുടെയും ഉള്ളു പിടഞ്ഞു. കരളിന്റെ സ്ഥാനത്ത് കരിങ്കല്ലല്ലാത്ത ആരെയും കരയിക്കുന്ന ഈ രംഗങ്ങൾ ഗാന്ധിജിയുടെയും മിഴികൾ നിറച്ചു. "ഈ ദുഃസ്ഥിതിക്ക് അടിയന്തിര പരിഹാരം കണ്ടെത്തണം" അദ്ദേഹം മനസ്സിൽ പ്രതിജ്ഞയെടുത്തു.



ഗോപാലകൃഷ്ണ ഗോഖലെ 1915 ൽ കോൺഗ്രസ്സ് പ്രസിഡന്റായിരുന്ന അവസരത്തിൽ സംഘടനാ പ്രവർത്തനത്തിന്റെ ഭാഗമായി നാടിന്റെ നാനാ ഭാഗങ്ങളിലും പര്യടനം നടത്തുകയുണ്ടായി. ഗ്രാമ പ്രദേശങ്ങളിലെ പാവപ്പെട്ട ഗ്രാമീണർ അന്നന്നത്തെ അന്നത്തിനു വക തേടി നൂൽ നൂൽക്കുന്നതും അതുപയോഗിച്ച് കൈകൾ കൊണ്ട് വസ്ത്രങ്ങൾ നെയ്തെടുത്ത് അതു വിറ്റ് അന്നന്നത്തെ അഷ്ടിക്കു വകതേടുന്നതും അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. അതിൽ നിന്നും തുച്ഛമായ വരുമാനം മാത്രമേ ലഭിച്ചിരുന്നുള്ളൂവെങ്കിലും അവർക്കതൊരു വലിയ ആശ്വാസമായിരുന്നുവെന്നും അദ്ദേഹം കണ്ടിരുന്നു. അന്നു താൻ ശ്രദ്ധിച്ച ഈ കാര്യങ്ങൾ ഗോഖലെ ഗാന്ധിജിയുമായി പങ്കുവച്ചു. ഇതുകേട്ടപ്പോൾ ഗാന്ധിജിയുടെ മനസ്സിൽ തെളിഞ്ഞത് 'ഖാ...ദീ...' എന്നു വിളിച്ചു കേഴുന്ന ഗ്രാമീണ ജനതയുടെ മുഖങ്ങളായിരുന്നു! തന്റെ മനസ്സിലെ നീറുന്ന പ്രശ്നത്തിനുള്ള പരിഹാരമാർഗ്ഗം തെളിയുന്നതായി അദ്ദേഹത്തിനു തോന്നി. തുടർന്നദ്ദേഹം പട്ടിണിപാവങ്ങളായ ഗ്രാമീണർ യാചിച്ച 'ഖാ'-'ദീ' എന്നീ രണ്ട് വാക്കുകളും ഒന്നിച്ചു ചേർത്ത് 'ഖാദി' എന്നാക്കിക്കൊണ്ട് അതിനെ ഗ്രാമീണ നൂൽ നൂൽപ്പ് - വസ്ത്രനിർമ്മാണ കൈത്തൊഴിൽ മേഖലയാക്കി രൂപപ്പെടുത്തി. തുടർന്ന് ഇതിലേയ്ക്ക് ചെറുതും വലുതുമായ നിരവധി പ്രസ്ഥാനങ്ങളും സംഘടനകളും കൂടിച്ചേരുകയും പുതുതായി ഒട്ടേറെ ഗ്രാമീണ

(ശേഷം 6–ാം പേജിൽ)

## ഗാന്ധിഭാരത് ഖാദി ദിനാഘോഷവും ചർക്കാസംഘ ശതാബ്ദിയും കെ. മുരളീധരൻ ഉദ്ഘാടനം ചെയ്തു




*ഖാദി ദിനാഘോഷവും ചർക്കാസംഘ ശതാബ്ദിയും കെ. മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു*

**തിരുവനന്തപുരം:** 'ഗാന്ധിഭാരത്'ന്റെയും അഖിലഭാരത ചർക്കാസംഘത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട ദേശീയ ഖാദിദിനാഘോഷവും ചർക്കാസംഘ ശതാബ്ദി ആഘോഷവും സെപ്റ്റംബർ 23ന് തിരുവനന്തപുരം വൈ.എം.സി.എ ഹാളിൽ നടന്നു.

ഒട്ടേറെ ഖാദി-ചർക്കാ സംഘ പ്രവർത്തകർ പങ്കെടുത്ത ആഘോഷപരിപാടികൾ മുൻ കെ.പി.സി.സി പ്രസിഡന്റും മുൻ എം.പിയുമായ കെ. മുരളീധരൻ ഉദ്ഘാടനം ചെയ്തു. ഗാന്ധിഭാരത് ദേശീയ സെക്രട്ടറി കെ.ജി. ബാബുരാജ് സ്വാഗതമാശംസിച്ച ഉദ്ഘാടന സമ്മേളനത്തിൽ ഗാന്ധിഭാരത് ദേശീയ ചെയർമാനും ബി.എസ്.എസ് ദേശീയ ചെയർമാനുമായ ബി.എസ്. ബാലചന്ദ്രൻ അദ്ധ്യക്ഷനായിരുന്നു. മുൻ കെ.പി.സി.സി പ്രസിഡന്റ് എം.എം. ഹസ്സൻ ഖാദിദിന സന്ദേശം നൽകി. കായംകുളം യൂനുസ് കുഞ്ഞ്, ഡോ. പി. കൃഷ്ണകുമാർ തുടങ്ങിയവർ സംസാരിച്ചു.

(ശേഷം 7–ാം പേജിൽ)

## ഖാദി പ്രസ്ഥാനത്തിന്റെ ശതാബ്ദിയാഘോഷം സർക്കാർ ആഭിമുഖ്യത്തിൽ വേണ്ടിയിരുന്നുവെന്ന് കെ.മുരളീധരൻ

**തിരുവനന്തപുരം:** മഹത്തായ പാരമ്പര്യമുള്ള ഖാദി പ്രസ്ഥാനത്തിന്റെ നൂറാം വാർഷികം ആഘോഷിക്കാൻ ഗവൺമെന്റാണ് മുന്നിട്ടിറങ്ങേണ്ടിയിരുന്നതെന്ന് മുൻ കെ.പി.സി.സി പ്രസിഡന്റ് കെ. മുരളീധരൻ പ്രസ്താവിച്ചു.

ഖാദി ബോർഡ് ഇവിടെ എന്താണ് ചെയ്യുന്നതെന്ന് മനസ്സിലാവുന്നില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തുകയുണ്ടായി.

ഗാന്ധി ഭാരതിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട ദേശീയ ഖാദിദിനാഘോഷ പരിപാടികളും അഖില ഭാരത് ചർക്ക സംഘത്തിന്റെ ശതാബ്ദിയാഘോഷ പരിപാടികളും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു കെ. മുരളീധരൻ.

(ശേഷം 7–ാം പേജിൽ)

## 'ഭൂദാൻ യജ്ഞ'ത്തിന് ഏറ്റവും കൂടുതൽ ഭൂമി നൽകിയത് കെ. മുരളീധരന്റെ ഭാര്യയുടെ കുടുംബം: ബി.എസ്. ബാലചന്ദ്രൻ




*ബി.എസ്. ബാലചന്ദ്രൻ സംസാരിക്കുന്നു*

ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി വിനോബാഭാവെ നടത്തിയ 'ഭൂദാൻ യജ്ഞ'ത്തിൽ തെക്കേ ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഭൂമി ദാനമായി നൽകിയത് കെ. മുരളീധരന്റെ പത്നിയുടെ കുടുംബമാണെന്ന് 'ഗാന്ധിഭാരത്' ദേശീയ ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ ചൂണ്ടിക്കാട്ടി. സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ നിന്ന് ഗവൺമെന്റ് കെ. മുരളീധരന് വിട്ടുനൽകിയ നിക്ഷിപ്ത വനഭൂമിയായ ഏതാണ്ട് 1900ത്തോളം ഏക്കർ ഭൂമി കെ. മുരളീധരൻ കൈപ്പറ്റാതെ

(ശേഷം 6–ാം പേജിൽ)

## ഖദർ വസ്ത്രധാരണം ദേശീയ ബോധത്തിന്റെ അടയാളമായി കാണണം: എം.എം. ഹസ്സൻ




*എം.എം. ഹസ്സൻ സംസാരിക്കുന്നു*

**തിരുവനന്തപുരം:** സ്വാശ്രയത്വത്തിലൂടെ ദേശീയ സ്വാതന്ത്ര്യസമരത്തിന് ജനങ്ങളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ ഗാന്ധിജിയുടെ നേതൃത്വത്തിൽ വളർത്തിയെടുത്ത ഖാദി പ്രസ്ഥാനം ഇന്ന് വെല്ലുവിളി നേരിടുകയാണെന്ന് ജനശ്രീ ചെയർമാനും കെ.പി.സി.സി മുൻ പ്രസിഡന്റുമായ എം.എം. ഹസ്സൻ അഭിപ്രായപ്പെട്ടു. എന്തിനുവേണ്ടിയാണോ ഖാദിയേയും ചർക്കയേയും ഇന്ത്യൻ ജനതയുടെ മനസ്സിൽ ഗാന്ധിജി വളർത്തിയെടുത്തത് അതേ സാഹചര്യം

(ശേഷം 7–ാം പേജിൽ)

### ശാസ്ത്ര ലോകം



ജയ ശ്രീകുമാർ

## ജീൻ വില്ലെപ്ര്യൂക്സ്-പവർ ആദ്യത്തെ അക്വേറിയം

**നമ്മൾ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വസ്തുക്കൾ കണ്ടെത്തിയവരെ പരിചയപ്പെടുത്തുന്ന ഒരു പംക്തിയാണ് ഇത്**

1794 സെപ്റ്റംബർ മാസത്തിൽ കോറീസിലെ ജൂയിലാക്കിൽ ഒരു ഷൂ നിർമ്മാതാവിന്റെയും തയ്യൽതൊഴിലാളിയുടെയും മൂത്ത കുട്ടിയായി ജീൻ വില്ലെപ്ര്യൂക്സ് ജനിച്ചു. പതിനൊന്ന് വയസ്സുള്ളപ്പോൾ അമ്മ മരിച്ച വില്ലെപ്ര്യൂക്സ്ന്റെ സ്കൂൾ വിദ്യാഭ്യാസം വളരെ അടിസ്ഥാനപരമായിരുന്നു. വളരെ ചുരുങ്ങിയ കുടുംബ ബജറ്റിൽ ജീവിക്കേണ്ടിവന്ന അവർ 18 വയസ്സ് വരെ ഗ്രാമീണ ഫ്രാൻസിൽ താമസിച്ചു. 1812-ൽ, 18 വയസ്സുള്ളപ്പോൾ, ഒരു വസ്ത്രനിർമ്മാണജോലിക്കു വേണ്ടി അവർ പാരീസിലേക്ക് പുറപ്പെട്ടു. യാത്രാമധ്യേ തന്റെ രക്ഷാധികാരിയാകേണ്ട ബന്ധുവിനാൽ ആക്രമിക്കപെട്ടതിനെ തുടർന്ന് തിരിച്ചറിയൽ രേഖകൾ നഷ്ടപ്പെടുകയും പുതിയ യാത്രാ രേഖകൾ ലഭിക്കുന്നതുവരെ അവർക്ക് ഓർലിയൻസ് പോലീസ് സ്റ്റേഷനിൽ അഭയം തേടേണ്ടി വരുകയും ചെയ്തു. ആ കാലതാമസം കാരണം, അവർക്ക് ലഭ്യമാകേണ്ടിയിരുന്ന വസ്ത്രനിർമ്മാണ ജോലി നഷ്ടപ്പെടുകയും തയ്യൽക്കാരിയുടെ സഹായിയായി ജോലി ചെയ്യാൻ നിർബന്ധിതയാവുകയും ചെയ്തു. എന്നാൽ അവർ സ്വയം തന്റെ കഴിവുകൾ വികസിപ്പിച്ചും മെച്ചപ്പെടുത്തിയും പ്രശസ്തയായി. 1816-ൽ, ചാൾസ്-ഫെർഡിനാൻഡ് ഡി ബർബണുമായുള്ള വിവാഹത്തിൽ കരോലിൻ രാജകുമാരിയുടെ വിവാഹ ഗൗൺനിർമ്മിച്ചതിലൂടെ അവരുടെ പ്രശസ്തി വർധിച്ചു . 1818-ൽ അവർ ഇംഗ്ലീഷ് വ്യാപാരിയായ ജെയിംസ് പവറിനെ കണ്ടുമുട്ടുകയും വിവാഹം കഴിക്കുകയും ചെയ്തു, വിവാഹ ശേഷം അവർ വില്ലെപ്ര്യൂക്സ്-പവർ എന്ന കുടുംബപ്പേര് സ്വീകരിച്ചു. ദമ്പതികൾ സിസിലിയിലെ



(ശേഷം 6–ാം പേജിൽ)

### ചിറകുള്ള മുന്തിരിപ്പൂക്കൾ



മഞ്ജു ശ്രീകണ്ഠൻ

## ജ്യോതിഷം: സത്യമോ മിഥ്യയോ

ജ്യോതിഷത്തിൽ വിശ്വസിക്കുന്നവർ ഏറെയുണ്ട്. എന്നാൽ, അതിലർത്ഥമില്ലായെന്നു വാദിക്കുന്നവരും കുറവല്ല. അതേ സമയം ഈ വിഷയത്തിൽ അവഗാഹനം സിദ്ധിച്ച ജ്യോതിഷികളുടെ പ്രവചനങ്ങൾ സാധാരണഗതിയിൽ പിഴക്കാറില്ല എന്നാണു കാണുന്നത്.

പ്രവചനങ്ങൾ പലപ്പോഴും ഫലിക്കാതെ പോകുമ്പോഴാണ് പലർക്കും ഈ വിഷയത്തിലുള്ള വിശ്വാസം നഷ്ടമാവുന്നത്. ജ്യോതിഷത്തെക്കുറിച്ച് വേണ്ടത്ര ജ്ഞാനമില്ലാത്തവർ ദ്രവ്യ ലാഭത്തിനായി ജ്യോതിഷ ഫലമെന്ന പേരിൽ 'വായിൽ തോന്നുന്നതു' വിളിച്ചു പറയുമ്പോഴാണ് ഈ ശാഖയോട് തന്നെ വിശ്വാസം നഷ്ടപ്പെട്ടു പോകുന്നത്.

ജ്യോതിഷത്തിന് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. അതിൽ വിശ്വസിക്കുന്നവർ അതിനെ അന്ധമായി വിശ്വസിക്കും. മറിച്ചുള്ളവരാകട്ടെ അതിനെ കണ്ണടച്ചെതിർക്കുകയും പുച്ഛിക്കുകയും ചെയ്യും. ഇതാണു കണ്ടു വരുന്നത്. നാമിവിടെ ചിന്തിക്കുന്നത് ജ്യോതിഷം സത്യമോ, മിഥ്യയോ എന്നതിനെക്കുറിച്ചല്ല. പ്രമുഖരായ ചില വ്യക്തികൾക്കുണ്ടായ അനുഭവങ്ങളെക്കുറിച്ചു സൂചിപ്പിക്കുക മാത്രമാണ്.

പ്രശസ്ത സംഗീത സംവിധായകൻ ഇളയരാജയുടെ ഒൻപതാം വയസ്സിൽ അദ്ദേഹത്തിന്റെ പിതാവ് രാമസ്വാമി കാലയവനികയ്ക്കുള്ളിൽ



*ഇളയരാജ*



*ബി.എസ്. ബാലചന്ദ്രൻ*



*സ്വദേശാഭിമാനി രാമകൃഷ്ണപിള്ള*



*പാലക്കാട്ട് മണി*

(ശേഷം 6–ാം പേജിൽ)



# സെപ്റ്റംബർ ഡയറി

ആശ അരവിന്ദ്

## സെപ്റ്റംബർ 1

- അഹമ്മദാബാദിൽ നടന്ന 25-ാമത് കോമൺവെൽത്ത് സീനിയർ ഭാരോദ്വഹന ചാമ്പ്യൻഷിപ്പിൽ 4 സ്വർണ്ണവും 6 വെള്ളിയും 3 വെങ്കലവും ഉൾപ്പെടെ 13 മെഡലുകളുമായി ഇന്ത്യ മെഡൽ പട്ടികയിൽ ഒന്നാമതെത്തി.

## സെപ്റ്റംബർ 2

- 2026 ലെ ബാഡ്മിൻറൺ ലോക ചാമ്പ്യൻഷിപ്പ് ഓഗസ്റ്റിൽ ന്യൂഡൽഹിയിൽ നടക്കുമെന്ന് ബാഡ്മിൻറൺ വേൾഡ് ഫെഡറേഷൻ (BWF) സ്ഥിരീകരിച്ചു. 2009ൽ ഹൈദരാബാദിലെ ഗച്ചിബൗളി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ലോക ചാമ്പ്യൻഷിപ്പിന് ശേഷം ഇന്ത്യ രണ്ടാം തവണയാണ് കോർട്ടിലെ ലോക പോരാട്ടത്തിന് ആതിഥേയത്വം വഹിക്കുന്നത്. എട്ട് വർഷത്തിന് ശേഷമാണ് ആഗോള മത്സരം ഏഷ്യയിലേക്ക് തിരിച്ചെത്തുന്നത്.

## സെപ്റ്റംബർ 3

- ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ പുരുഷ ഡബിൾസിൽ ഇന്ത്യൻ സഖ്യമായ സാത്വിക്-ചിരാഗ് വെങ്കലം നേടി.

## സെപ്റ്റംബർ 4

- ഇന്ത്യയിൽ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ആദ്യത്തെ മൈക്രോപ്രൊസസർ പ്രധാനമന്ത്രി നരേന്ദ്ര മോദി അനാച്ഛാദനം ചെയ്തു. പഞ്ചാബിലെ മൊഹാലിയിൽ ആസ്ഥാനമായുള്ള ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന (ഐഎസ്ആർഒ) സെമികണ്ടക്ടർ ലബോറട്ടറിയാണ് 'വിക്രം 32-ബിറ്റ് പ്രോസസർ' എന്ന ചിപ്പ് വികസിപ്പിച്ചെടുത്തത്.

## സെപ്റ്റംബർ 5

- ഇന്ത്യൻ ഗോൾഫ് പ്രീമിയർ ലീഗിനു തുടക്കം, പ്രഖ്യാപനവുമായി യുവരാജ് സിങ്. മത്സരങ്ങൾ 10 മുതൽ. പുരുഷന്മാരും സ്ത്രീകളും ഒരേ വേദിയിൽ മത്സരിക്കുന്ന പ്രഫഷനൽ സർക്യൂട്ടായ ഇന്ത്യൻ ഗോൾഫ് പ്രീമിയർ ലീഗിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തി.

## സെപ്റ്റംബർ 6

- സൗരയൂഥം രൂപംകൊള്ളുന്നതിന് മുമ്പുള്ള നക്ഷത്രധൂളികൾ ബെന്നു ഛിന്നഗ്രഹത്തിലുണ്ടെന്ന് (101955 Bennu) തിരിച്ചറിഞ്ഞ് ഗവേഷകർ. ശ്രദ്ധേയമായ ഒരു കൂട്ടം ഘടകങ്ങൾ ബെന്നു ഛിന്നഗ്രഹത്തിന്റെ സാംപിളിൽ അടങ്ങിയിരിക്കുന്നു എന്നാണ് ബെന്നുവിന്റെ സാംപിൾ പരിശോധിക്കുന്ന ഗവേഷകരുടെ വാക്കുകൾ. ഈ പദാർഥങ്ങളിൽ ചിലതാണ് സൂര്യൻ രൂപപ്പെടുന്നതിനും മുമ്പുള്ളത്. സൗരയൂഥത്തിന്റെ ആദ്യകാലത്തെ കുറിച്ച് സൂചനകൾ നൽകാൻ ഈ ബെന്നു സാംപിളുകൾക്കാകും എന്നാണ് ഗവേഷകരുടെ പ്രതീക്ഷ.

## സെപ്റ്റംബർ 7

- യുഎസ് ഓപ്പൺ വനിതാ സിംഗിൾസ് കിരീടം സ്വന്തമാക്കി അരീന സബലേങ്ക. ഫൈനലിൽ എട്ടാം സീഡായ യുഎസ് താരം അമാൻഡ അനിസിമോവയെ പരാജയപ്പെടുത്തിയാണ് ബെലാറൂസിന്റെ അരീന സബലേങ്ക കിരീടം സ്വന്തമാക്കിയത്.

## സെപ്റ്റംബർ 8

- യുഎസ് ഓപ്പണ് പുരുഷ സിംഗിൾസ് ഫൈനലിൽ കിരീടം സ്വന്തമാക്കി കാർലോസ് അൽക്കരാസ്. ഫൈനലിൽ നിലവിലെ ചാംപ്യനും ഒന്നാം നമ്പർ താരവുമായിയാനിക് സിന്നറെ പരാജയപ്പെടുത്തിയാണ് അൽക്കരാസിന്റെ നേട്ടം. നാല് സെറ്റുകൾ (6-2,6-3,6-1,6-4) നീണ്ട പോരാട്ടത്തിനൊടുവിലാണ് അൽക്കരാസ് ഗ്രാന്ഡ്സലാം കിരീടം നേടിയത്. ഈ ജയത്തോടെ താരം റാങ്കിങ്ങിൽ ഒന്നാമതെത്തി. താരത്തിന്റെ കരയിറിലെ ആറാം ഗ്രാൻഡ്സലാം കിരീടമാണിത്. ഈ സീസണിലെ രണ്ടാം ഗ്രാൻഡ്സലാമും. ആറാം ഗ്രാൻഡ്സലാം നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരമെന്ന നേട്ടവും അല്ക്കരാസ് സ്വന്തമാക്കി. റാഫേല് നദാലിനെ മറികടന്നാണ് നേട്ടം. യുഎസ് ഓപ്പണിലെ രണ്ടാമത്തെ വിജയമാണ് അല്ക്കരാസിന്റേത്. 2022ല് നോര്വേയുടെ കാസ്പര് റൂഡിനെ തോൽപ്പിച്ചുകൊണ്ടാണ് ആദ്യ യുഎസ് ഓപ്പൺ കിരീടം സ്വന്തമാക്കിയത്.
- ഇന്ത്യയിൽ പൂർണ്ണ ചന്ദ്രഗ്രഹണം ദൃശ്യമായി. ഇന്നലെ രാത്രി 11 മണിയോടെ ഗ്രഹണം പൂർണ്ണതയിലെത്തി, ഇത് ഇന്ന് പുലർച്ചെ 12.22വരെ നീണ്ടുനിന്നു.

## സെപ്റ്റംബർ 10

- ഇന്ത്യൻ സൂപ്പർ ലീഗ് സ്റ്റാർ സ്ട്രൈക്കർ റോയ് കൃഷ്ണയെ തട്ടകത്തിലെത്തിച്ച് മലപ്പുറം ഫുട്ബോൾ ക്ലബ്. ഇന്ത്യൻ സൂപ്പർ ലീഗിൽ എടികെ മോഹൻബഗാൻ, ബെംഗളൂരു എഫ്സി, ഒഡീഷ എഫ്സി തുടങ്ങിയ കളിച്ച ടീമുകൾക്കെല്ലാം മിന്നും പ്രകടനമാണ് താരം കാഴ്ചവെച്ചിട്ടുള്ളത്.

## സെപ്റ്റംബർ 11

- ഏഷ്യാ കപ്പ്, പുരുഷ ഹോക്കിയിൽ ഇന്ത്യ ജേതാക്കൾ. ഫൈനലിൽ നിലവിലെ ചാംപ്യന്മാരായ കൊറിയയെ പരാജയപ്പെടുത്തിയാണ് ഇന്ത്യ ജേതാക്കളായത്.

## സെപ്റ്റംബർ 12

- ലോകത്തിലെ ആദ്യ എഐ മന്ത്രിയെ നിയമിച്ച് അൽബേനിയ. അൽബേനിയൻ പരമ്പരാഗത വസ്ത്രം ധരിച്ച ഒരു യുവതിയുടെ രൂപത്തിലുള്ള ഈ എഐ മന്ത്രിക്ക് 'ഡിയല്ല' എന്നാണ് പേര് നൽകിയിട്ടുള്ളത്. അൽബേനിയൻ ഭാഷയിൽ സൂര്യൻ എന്നാണ് ഈ വാക്കിന്റെ അർത്ഥം. അഴിമതിക്കെതിരെ പോരാടുക എന്നതാണ് ഈ മന്ത്രിയുടെ ചുമതല. സർക്കാർ കരാറുകൾക്കും പൊതു ടെൻഡറുകൾക്കും മേൽനോട്ടം വഹിക്കുക എന്നതാണ് ഈ എഐ മന്ത്രിയുടെ പ്രധാന ചുമതല. 2025 ജനുവരിയിൽ ഇ-അൽബേനിയ പ്ലാറ്റ്ഫോമിൽ വോയ്സ് അസിസ്റ്റന്റായി പ്രവർത്തനമാരംഭിച്ച ഡിയേല, സർക്കാർ സേവനങ്ങൾ പൗരന്മാരിലേക്കെത്തിക്കുന്നതിനായാണ് സൃഷ്ടിക്കപ്പെട്ടത്. 36,000-ത്തിലധികം ഡിജിറ്റൽ രേഖകൾ പ്രോസസ്സ് ചെയ്യുകയും ഏകദേശം 1,000 സേവനങ്ങൾ പൗരന്മാർക്ക് നൽകുകയും ചെയ്തു. ഇപ്പോൾ മന്ത്രിയുടെ റോളിലേക്ക് ഉയർത്തപ്പെട്ട ഡിയേല, സർക്കാർ കരാറുകളുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കൈകാര്യം ചെയ്യുന്ന ലോകത്തിലെ ആദ്യത്തെ എഐ മന്ത്രിയാകും. ഡിയേലയുടെ മേൽനോട്ടത്തിലുള്ള എല്ലാ പൊതു ടെൻഡറുകളും 100% അഴിമതി രഹിതവും ഫണ്ട് വിനിയോഗത്തിൽ പൂർണ്ണ സുതാര്യതയുമുള്ളതായിരിക്കുമെന്ന് അൽബേനിയ പ്രധാനമന്ത്രി ഈദി രമ പറഞ്ഞു. അഴിമതിക്കെതിരായ അൽബേനിയയുടെ ദീർഘകാല പോരാട്ടത്തിന്റെ പശ്ചാത്തലത്തിലാണ് ഈ നീക്കമെന്നും അദ്ദേഹം വ്യക്തമാക്കി.

## സെപ്റ്റംബർ 13

- അരുണാചൽ പ്രദേശിൽ അപൂർവമായ പല്ലാസ് പൂച്ചയുടെ ആദ്യ ഫോട്ടോഗ്രാഫിക് തെളിവ് രേഖപ്പെടുത്തി.
- വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ ഇന്ത്യ നടത്തിയ സർവേയിൽ മറ്റ് അഞ്ച് കാട്ടുപൂച്ചകളുടെ സാന്നിധ്യവും രേഖപ്പെടുത്തിയിട്ടു്.ഇത് മദ്ധ്യേഷ്യയിലെ ഉയർന്ന പ്രദേശങ്ങളിലാണ് സാധാരണയായി കാണപ്പെടുന്നത്. ഇന്ത്യയിൽ ഇത്തരം പൂച്ചയെ കണ്ടുപിടിച്ചതോടെ വന്യജീവി വൈവിധ്യത്തിന്റെ ഭൂപടത്തിൽ പുതിയ രേഖപ്പെടുത്തൽ നടന്നു. വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ ഇന്ത്യ സംസ്ഥാന വനം വകുപ്പുമായി സഹകരിച്ച് നടത്തിയ സർവേയിൽ സമുദ്രനിരപ്പിൽ നിന്ന് 4,200 മീറ്ററിലധികം ഉയരത്തിൽ ഹിമപ്പുലി, സാധാരണ പുള്ളിപ്പുലി, മേഘപ്പുലി, പുള്ളിപ്പുലി പൂച്ച, മാർബിൾ പൂച്ച എന്നീ അഞ്ച് കാട്ടുപൂച്ചകളുടെ സാന്നിധ്യവും രേഖപ്പെടുത്തിയിട്ടുണ്ട്.

## സെപ്റ്റംബർ 14

- പാലായിൽ വച്ച് നടന്ന സംസ്ഥാന സബ്ജൂനിയർ ബാഡ്മിൻറൺ ചാമ്പ്യൻഷിപ്പിൽ അണ്ടർ13 പെൺകുട്ടികളുടെ വിഭാഗത്തിൽ സ്വർണ മെഡൽ നേടി ഋതിക നമ്പ്യാർ അതേ കാറ്റഗറിയിൽ ഡബിൾസ് വെള്ളിമെഡൽ കരസ്ഥമാക്കി.

## സെപ്റ്റംബർ 15

- ഇന്ത്യയിലെ ആദ്യത്തെ മുള അധിഷ്ഠിത എത്തനോൾ പ്ലാന്റ് അസമിൽ പ്രധാനമന്ത്രി മോദി ഉദ്ഘാടനം ചെയ്തു. ലോകത്തിലെ ആദ്യത്തെ പച്ച മുള ബയോഎഥനോൾ പ്ലാന്റായി കണക്കാക്കപ്പെടുന്ന ഗോലാഘട്ട് പ്ലാന്റ്; നുമലിഗഡ് റിഫൈനറിയിൽ 7,230 കോടിയുടെ പോളിപ്രൊപ്പിലീൻ പദ്ധതിയും ആരംഭിച്ചു. കിഴക്കൻ അസമിലെ ഗോലാഘട്ട് ജില്ലയിലാണ് രാജ്യത്തെ ആദ്യത്തെ മുള അധിഷ്ഠിത എത്തനോൾ പ്ലാന്റ് ഉദ്ഘാടനം ചെയ്തത്.

## സെപ്റ്റംബർ 16

- ഓസോൺപാളിയിലെ വിള്ളൽ ഈ നൂറ്റാണ്ടിന്റെ മധ്യത്തിൽ പഴയ അവസ്ഥയിലാകും. ഈ നൂറ്റാണ്ടിന്റെ പകുതിയോടെ ഭൂമിയുടെ സംരക്ഷക പാളിയായ ഓസോൺപാളി 1980-കളിലെ നിലവാരത്തിലേക്ക് തിരിച്ചെത്തുമെന്ന് ലോക കാലാവസ്ഥാ സംഘടനയുടെ (W M O) പുതിയ റിപ്പോർട്ട്. ആഗോളതലത്തിൽ ഓസോൺപാളി സംരക്ഷിക്കാൻ നടത്തിയ പ്രവർത്തനങ്ങളുടെ വിജയമാണ് ഈ നേട്ടത്തിന് പിന്നിലെന്ന് റിപ്പോർട്ടിൽ പറയുന്നു. 2024-ൽ അന്റാർട്ടിക്കയിലെ ഓസോൺപാളിയിലെ വിള്ളൽ സമീപ വർഷങ്ങളെ അപേക്ഷിച്ച് ചെറുതായിരുന്നു എന്നതും ആശ്വാസം തരുന്ന വസ്തുതയാണ്. ഓസോൺപാളി സംരക്ഷിക്കുന്നതിനായുള്ള അന്താരാഷ്ട്ര സഹകരണത്തിന് അടിത്തറയിട്ട വിയന്ന കൺവെൻഷന്റെ 40-ാം വാർഷിക ദിനത്തിലാണ് ഈ റിപ്പോർട്ട് പുറത്തിറക്കിയത്. മോൺട്രിയൽ പ്രോട്ടോക്കോൾ വഴിയുള്ള ആഗോള ഇടപെടലുകളാണ് ഈ നേട്ടത്തിന് പ്രധാന കാരണം. റഫ്രിജറേഷൻ, എയർ കണ്ടീഷനിംഗ് തുടങ്ങിയവയിൽ ഉപയോഗിച്ചിരുന്ന, ഓസോൺ ശോഷണത്തിന് കാരണമാകുന്ന രാസവസ്തുക്കളുടെ ഉപയോഗം ഈ പ്രോട്ടോക്കോൾ വഴി 99 ശതമാനത്തിലധികം കുറച്ചു. ഓസോൺപാളി പൂർണ്ണമായി ശരിയാകുന്നതോടെ ചർമ്മ കാൻസർ, തിമിരം എന്നിവയ്ക്കുള്ള സാധ്യത കുറയുമെന്നും ആവാസവ്യവസ്ഥാ നാശം തടയാനാകുമെന്നും WMO-യുടെ ബുള്ളറ്റിൻ വ്യക്തമാക്കുന്നു. കൂടാതെ, ഓസോൺപാളിയുടെയും അതിന് ദോഷകരമാകുന്ന രാസവസ്തുക്കളുടെയും നിരീക്ഷണം തുടരേണ്ടത് അത്യാവശ്യമാണെന്നും റിപ്പോർട്ടിൽ പറയുന്നു.

## സെപ്റ്റംബർ 17

- രാജ്യവ്യാപക ശുചിത്വ ക്യാമ്പയിൻ ആയി സ്വച്ഛ് ഭാരത് മിഷന്റെ ആഭിമുഖ്യത്തിൽ 9-ാംത് സ്വച്ഛതാ ഹീ സേവാ ക്യാമ്പയിൻ 2025 സെപ്റ്റംബർ 17-ന് ആരംഭിച്ചു.2014-ൽ ആരംഭിച്ച സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായി ഇത് രാജ്യവ്യാപകമായി നടത്തപ്പെടുന്നു. ക്യാമ്പയിനിലൂടെ ജനങ്ങളെ ശുചിത്വ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

## സെപ്റ്റംബർ 18

- ലോകത്തിലെ ഉയർന്ന അൾട്രാമാരത്തൺ എന്നറിയപ്പെടുന്ന ഖാർദുങ് ലാ ചാലഞ്ച് പൂർത്തിയാക്കിയ ആദ്യ മലയാളി വനിതയായി സോജ സിയ. സമുദ്രനിരപ്പിൽ നിന്ന് 17,618 അടി ഉയരത്തിലുള്ള ഖാർദുങ് ലാ പാസ്സിലൂടെയാണ് മാരത്തോൺപാത. 72 കിലോമീറ്റർ ദൈർഘ്യമുള്ള ഈ മത്സരത്തിൽ കടുത്ത തണുപ്പും കുറഞ്ഞ ഓക്സിജൻ നിലയും വെല്ലുവിളികളാണ്.

## സെപ്റ്റംബർ 19

- അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെ പുതിയ ഭരണഘടന അംഗീകരിച്ച് സുപ്രീം കോടതി. താരങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന പുതിയ ഭരണഘടന ഇന്ത്യൻ ഫുട്ബോളിനെ മുന്നോട്ട് നയിക്കുമെന്നും സുപ്രീം കോടതി വിലയിരുത്തി.

## സെപ്റ്റംബർ 20

- ചന്ദ്രയാൻ -3 യുടെ വിജയകരമായ ലാൻഡിങ്ങിനു ശേഷം ഇന്ത്യയുടെ ബഹിരാകാശ ദൗത്യമായ ഗഗൻയാൻ തയ്യാറെടുക്കുകയാണ് ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ (ISRO). ബഹിരാകാശത്തേക്ക് ആളുകളെ അയക്കാനുള്ള ഉദ്ദേശ്യത്തോടു കൂടിയുള്ള ഇന്ത്യയുടെ ആദ്യ ദൗത്യമാണിത്. പരീക്ഷണങ്ങൾ ഒക്ടോബറിൽ ആരംഭിക്കുമെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് അറിയിച്ചിരുന്നു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഒരു റോബോട്ടിനെ ബഹിരാകാശത്തേക്ക് അയക്കുമെന്നും അദ്ദേഹം പറഞ്ഞു. സ്ത്രീ വേഷത്തിലും രൂപത്തിലും ഒരുക്കിയിരിക്കുന്ന ഈ റോബോട്ടിന്റെ പേര് വയോമിത്ര (Vyommitra) എന്നാണ്. ഒക്ടോബർ മാസത്തിൽ വയോമിത്ര ബഹിരാകാശത്തേക്ക് ഒരു ട്രയൽ യാത്ര നടത്തുമെന്നും ജിതേന്ദ്ര സിംഗ് അറിയിച്ചു. ബഹിരാകാശത്തേക്ക് അയക്കുന്ന ശാസ്ത്രജ്ഞരെ അതുപോലെ തന്നെ തിരിച്ചുകൊണ്ടുവരിക എന്നതും വളരെ പ്രധാനപ്പെട്ട കാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## സെപ്റ്റംബർ 21

- ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ കരുതൽ എണ്ണശേഖരം യാഥാർത്ഥ്യമാകുന്നു. ചരിത്രപരമായ പ്രോജക്റ്റ് നിർമ്മിക്കുന്നതിനും, പ്രവർത്തിപ്പിക്കുന്നതിനുമുള്ള കരാർ മേഘ എൻജിനീയറിംഗ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് ആണ് സ്വന്തമാക്കിയിരിക്കുന്നത്. ഏകദേശം 5,700 കോടി രൂപയാണ് പദ്ധതിയുടെ ചെലവ് പ്രതീക്ഷിക്കുന്നത്. ഇന്ത്യയുടെ ഊർജ്ജ സുരക്ഷ ഉറപ്പാക്കാനുള്ള പദ്ധതികളിലെ ഏറ്റവും പ്രധാന്യമർഹിക്കുന്ന നീക്കമാണ് ഈ പുതിയ സ്ട്രാറ്റജിക് പെട്രോളിയം റിസർവ്. അടിയന്തര സാഹചര്യങ്ങളെ നേരിടാൻ അസംസ്കൃത എണ്ണ സംഭരിക്കുന്ന ഭൂഗർഭ അറകളാണ് തന്ത്രപ്രധാന പെട്രോളിയം റിസർവുകൾ.

## സെപ്റ്റംബർ 22

- സൂപ്പർ ലീഗ് കേരള ഫുട്ബോൾ സീസൺ 2-ന്റെ കർട്ടൻ റൈസർ 'കിക്ക് ഓഫ് ടു ഗ്ലോറി' ദുബായിലെ അൽ നഹ്ദയിലുള്ള അൽ അഹ്ലി സ്പോർട്സ് ഹാളിൽ ഞായറാഴ്ച നടന്നു.

## സെപ്റ്റംബർ 23

- പ്രശസ്ത ബ്രിട്ടിഷ്-ഇന്ത്യൻ ശിൽപി അനീഷ് കപൂർ രൂപകൽപ്പന ചെയ്ത മോണ്ടെ സാന്റ് ആഞ്ചലോ മെട്രോ ഭൂഗർഭ സ്റ്റേഷൻ നേപ്പിൾസിൽ ഉദ്ഘാടനം ചെയ്തു. രണ്ടു പതിറ്റാണ്ടുകൾക്ക് മുൻപ് നിർമാണം ആരംഭിച്ച പദ്ധതിയിലെ പുതിയ ലൈൻ - 7 സബ്വേ സ്റ്റേഷൻ, ഇറ്റലിയിലെ തെക്കൻ കാമ്പാനിയ മേഖലയിലെ ഗവർണർ വിൻചെൻസോ ഡി ലൂക്കയാണ് ഉദ്ഘാടനം ചെയ്തത്. പദ്ധതി രൂപകൽപ്പന ചെയ്ത അനീഷ് കപൂറും ചടങ്ങിൽ സന്നിഹിതനായിരുന്നു. വാസ്തുവിദ്യയും കലയും തമ്മിലുള്ള അതിരുകൾ ലഘൂകരിക്കുന്നതാണ് അനീഷ് കപൂറിന്റെ സ്റ്റേഷൻ രൂപകൽപ്പന. നേപ്പിൾസിന്റെ അതുല്യമായ ഭൂമിശാസ്ത്രത്തിൽനിന്നും പുരാണങ്ങളിൽനിന്നും പ്രചോദനം ഉൾക്കൊണ്ടാണ് അദ്ദേഹം സ്റ്റേഷൻ രൂപകല്പനചെയ്തത്. 1954 ൽ മുംബൈയിൽ ജനിച്ച കപൂർ, 1970 കളുടെ അവസാനത്തോടെ ലണ്ടനിൽ ഒരു കലാകാരനായി പരിശീലനം നേടി.1990 ൽ വെനീസ് ബിനാലെയിൽ യുകെയെ പ്രതിനിധീകരിച്ച് 'പ്രീമിയോ ഡ്യൂമില' പുരസ്കാരവും 1991 ൽ ബ്രിട്ടന്റെ സമകാലിക കലയ്ക്കുള്ള പരമോന്നത അവാർഡായ ടർണർ സമ്മാനവും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

## സെപ്റ്റംബർ 24

- 71-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ ദില്ലി വിഗ്യാൻ ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചു. ദാദാസാഹേബ് ഫാൽക്കേ പുരസ്കാരജേതാവായ നടൻ മോഹൻലാലിനെ ദേശീയ ചലച്ചിത്ര പുരസ്കാര വിതരണച്ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു അഭിനന്ദിച്ചു. അഞ്ച് പുരസ്കാരങ്ങളാണ് ഇത്തവണ മലയാള സിനിമ സ്വന്തമാക്കിയത്. പൂക്കാലം സിനിമയിലൂടെ മികച്ച സഹനടനുള്ള പുരസ്കാരം വിജയരാഘവനും ഉള്ളൊഴുക്കിലെ അഭിനയത്തിന് മികച്ച സഹനടിക്കുള്ള പുരസ്കാരം ഉർവശിയും സ്വന്തമാക്കി. മികച്ച പ്രൊഡക്ഷൻ ഡിസൈനർക്കുള്ള പുരസ്കാരം മോഹൻദാസും മികച്ച എഡിറ്റിംഗിനുള്ള പുരസ്കാരം മിഥുൻ മുരളിയും മികച്ച മലയാള ചിത്രമായ ഉള്ളൊഴുക്കിനുള്ള പുരസ്കാരം സംവിധായകൻ ക്രിസ്റ്റോ ടോമിയും രാഷ്ട്രപതിയിൽ നിന്ന് ഏറ്റുവാങ്ങി.

## സെപ്റ്റംബർ 25

- വിമാനവാഹിനിക്കപ്പലിന്റെ ഫ്ലൈറ്റ് ഡെക്കിൽ കാറോടിച്ച് ഇറ്റാലിയൻ ഡ്രൈവർ വേഗത്തിന്റെ പുതിയ ലോക റെക്കോർഡിട്ടു. ഇറ്റാലിയൻ നാവികസേനയുടെ ട്രിയെസ്തെ കപ്പലിന്റെ ഫ്ലൈറ്റ് ഡെക്കിലാണ് ഫാബിയോ ബറോൺ എന്ന ഇറ്റാലിയൻ ഡ്രൈവർ വേഗത്തിന്റെ ചരിത്രമെഴുതിയത്. കപ്പൽഡെക്കിൽ മണിക്കൂറിൽ 164 കിലോമീറ്റർ വേഗത്തിലാണ് ഫാബിയോ ബറോണെ കാറോടിച്ചത്.

## സെപ്റ്റംബർ 26

- ചരിത്രത്തിലാദ്യമായി സുബ്രതോ മുഖർജി ഇന്റർനാഷണൽ ഫുട്ബോൾ ടൂർണമെന്റ് ജേതാക്കളായി കേരളം. 64 വർഷത്തെ നീണ്ട കാത്തിരിപ്പിന് ശേഷമാണ് ഇത്തവണ കേരളം ജേതാക്കളായത്. കേരളത്തെ പ്രധിനിധീകരിച്ച് ഫാറൂഖ് ഹയർ സെക്കൻഡറി സ്കൂളാണ് ടൂർണമെന്റിൽ മത്സരിച്ചത്.

## സെപ്റ്റംബർ 28

- ഇന്ത്യൻ പാരാ അർച്ചറി താരമായ ശീതൾ ദേവി ലോകകിരീടം നേടി ചരിത്രം കുറിച്ചു. പാരാ വേൾഡ് ആർച്ചറി ചാമ്പ്യൻഷിപ്പിൽ വനിതാ കോമ്പൗണ്ട് വ്യക്തിഗത വിഭാഗത്തിൽ നടന്ന ഫൈനലിൽ ലോക ഒന്നാം നമ്പർ താരമായ തുർക്കിയിലെ ഒസ്നൂർ കുർ ഗിർഡിയെ പരാജയപ്പെടുത്തിയാണ് 18കാരി ശീതൾ സ്വർണം സ്വന്തമാക്കിയത്.

## സെപ്റ്റംബർ 29

- ദുബായിലെ ചരക്കുനീക്കത്തിൽ പിടിമുറുക്കാൻ ഇനി ഡ്രൈവറില്ലാ ലോറികളും. സ്വയം നിയന്ത്രിത വാഹനങ്ങളുടെ ശ്രേണിയിൽ ലോറികളും ദുബായ് റോഡുകളെ കീഴടക്കാനൊരുങ്ങുകയാണ്. ഡ്രൈവറില്ലാ ടാക്സിക്കും ബസിനും അബ്രയ്ക്കും പിന്നാലെയാണ് സ്വയം നിയന്ത്രിത ലോറികളും രംഗത്ത് എത്തുന്നത്. ഇതോടെ എല്ലാ മേഖലകളിലും ഡ്രൈവറില്ലാ വാഹനങ്ങളുടെ സ്വാധീനം വർധിക്കും. സ്മാർട്ട് ലോറികളുടെ പരീക്ഷണയോട്ടത്തിന് 5 റൂട്ടുകൾ ദുബായ് റോഡ്സ്ആൻഡ് ട്രാൻസ്പോർട്ട് അതോറിറ്റിയിൽ (ആർടിഎ) പ്രഖ്യാപിച്ചു.

## സെപ്റ്റംബർ 30

- അമേരിക്കയുടെ ചാറ്റ്ജിപിറ്റിയും, ചൈനയുടെ ഡീപ്സീക്കും അടക്കമുള്ള നിർമ്മിത ബുദ്ധിയിൽ (എഐ) അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സേവനങ്ങൾക്ക് നേരിട്ടു വെല്ലുവിളി ഉയർത്താൻ എത്തുകയാണ് ഇന്ത്യയിൽ വികസിപ്പിച്ച വെബ്എനോയിഡ് (WebEnoid). പ്രാഥമിക ടെസ്റ്റുകളിൽ മറ്റ് എഐ സേർച്ച് സംവിധാനങ്ങളെക്കാൾ മികവു പുലർത്തുന്നു എന്നാണ് കാണാൻ സാധിച്ചിരിക്കുന്നത്. വിഷമം പിടിച്ച ആശയങ്ങളോ, കാര്യങ്ങളോ പോലും സേർച്ച് ചെയ്താലും വിശദവും, ലളിതവുമായ മറുപടികൾ തന്ന് അമ്പരപ്പിക്കുകയാണ് വെബ്എനോയിഡ് ഇപ്പേൾ കേരളത്തിൽ നിന്നുള്ള ഒരു കൂട്ടം ഗവേഷകരുടെ നേതൃത്വത്തിലാണ് വെബ്എനോയിഡ് വികസിപ്പിച്ചത്.

# പ്രതിഭകൾക്കൊപ്പം: അതിഥിയായി ഡോ. അച്യുത്ശങ്കർ

**തിരുവനന്തപുരം:** സദ്ഭാവനാ ഭവനിൽ സംഘടിപ്പിച്ച പ്രതിഭകൾക്കൊപ്പം പരിപാടിയിൽ പങ്കെടുത്തുകൊണ്ട് ഇന്ത്യൻ അക്കാദമിക വിദഗ്ധനും കേരള സർക്കാരിന്റെ സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജിയുടെ (സി-ഡിറ്റ്) മുൻ ഡയറക്ടറുമായ ഡോ. അച്യുത് ശങ്കർ സംവദിച്ചു.

ആധുനിക വിദ്യാഭ്യാസ നവീകരണത്തിൽ നിസ്തുലമായ പങ്കുവഹിച്ചവരിൽ ഗണനീയനായ ഡോ. അച്യുത് ശങ്കർ തന്റെ അറിവ് സദസ്യരുമായി പങ്കുവച്ചു.



'പ്രതിഭകൾക്കൊപ്പം' പരിപാടിയിൽ ഡോ. അച്യുത് ശങ്കർ സംസാരിക്കുന്നു

ബി.എസ്.എസ് ചെയർമാൻ ഡോ. ബി.എസ് ബാലചന്ദ്രൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ബി.എസ്.എസ് ഡയറക്ടർ ജനറൽ ജയ ശ്രീകുമാർ സ്വാഗതം ആശംസിച്ചു. വിവരസാങ്കേതിക വിദ്യയെക്കുറിച്ച് മലയാളികൾക്ക് പരിചയപ്പെടുത്തുകയും അതിനുവേണ്ടി ഗണ്യമായ സംഭാവനകൾ നൽകുകയും ചെയ്ത ഡോ. അച്യുത്ശങ്കറിനെ നേരിട്ടറിയുവാനും അദ്ദേഹത്തിന്റെ പ്രഭാഷണം ശ്രവിക്കുവാനുമായി ഒട്ടേറെപേർ സന്നിഹിതരായിരുന്നു.

## സംസ്കാര ഭാരതം കാവ്യസദസ്സ്

# മികച്ച കവിതയ്ക്കുള്ള പുരസ്കാരം ആശാകിഷോറിന്

**തിരുവനന്തപുരം:** ബി.എസ്.എസ് കൾച്ചറൽ മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സംസ്കാരഭാരതം കാവ്യസദസ്സ് കവടിയാർ സദ്ഭാവനാ ഭവനിൽ കവിയും, അധ്യാപകനുമായ ഡോ. ബിജു ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ആഗസ്റ്റ് മാസം അവതരിപ്പിച്ച കവിതകളുടെ സമാഹാരമായ കാവ്യമാല ഇതൾ പതിനഞ്ച് എന്ന പുസ്തകത്തിന്റെ പ്രകാശനം കവി സുധീർ ചടയമംഗലത്തിന് പുസ്തകത്തിന്റെ പതിപ്പ് നൽകിക്കൊണ്ട് അദ്ദേഹം നിർവ്വഹിക്കുകയുണ്ടായി. ബി.എസ്.എസ് ചെയർമാൻ ഡോ. ബി.എസ്. ബാലചന്ദ്രൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ബി.എസ്.എസ് ഡയറക്ടർ ജനറൽ ജയശ്രീകുമാർ സ്വാഗതം ആശംസിച്ചു.



*മികച്ച കവിതയ്ക്കുള്ള പുരസ്കാരം ആശാകിഷോറിന് ഡോ. ബിജു ബാലകൃഷ്ണൻ സമ്മാനിക്കുന്നു*

ബി.എസ്.എസ് അസിസ്റ്റന്റ് ഡയറക്ടർ സ്മിത മനോജ് കൃതജ്ഞത രേഖപ്പെടുത്തിയ പരിപാടിയുടെ ഏകോപനം അരുവിക്കര വിൽഫ്രഡ് നിർവ്വഹിച്ചു. പരിപാടിയിൽ മുപ്പതിലേറെ കവികൾ തങ്ങളുടെ കവിതകൾ അവതരിപ്പിച്ചു. ജൂലൈ മാസത്തെ മികച്ച കവിതയ്ക്കുള്ള പുരസ്കാരം ശ്രീമതി ആശാകിഷോറിന് ഡോ. ബിജു ബാലകൃഷ്ണൻ സമ്മാനിച്ചു.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു


എൻ.രാമലിംഗം


ജാഫർ ഈരാറ്റുപേട്ട


ഡോ.സി.എം.നീലകണ്ഠൻ


ഡോ. ലക്ഷ്മിദേവി സി.ജി.

## എൻ.രാമലിംഗം

തിരുവനന്തപുരം ശാസ്തമംഗലം സ്വദേശി. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനിൽ അധ്യാപകൻ, ഗവേഷകൻ, പരിശീലകൻ, റീഡർ ആന്റ് അസോസിയേറ്റ് പ്രൊഫസർ എന്നീ തസ്തികളിൽ സേവനമനുഷ്ഠിച്ചു. വി.എ.ടി, ജി.എസ്.ടി. തുടങ്ങിയ മേഖലകളിൽ കേരളത്തിലും മറ്റു വിവിധ സംസ്ഥാനങ്ങളിലുമായി ആയിരത്തി അഞ്ഞൂറിലധികം പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ കൺസൾട്ടൻസി സർവ്വീസുകളും ചെയ്തിട്ടുണ്ട്. ഗവേഷണ പ്രബന്ധങ്ങൾ, വർക്കിംഗ് പേപ്പറുകൾ എന്നിവ അവതരിപ്പിച്ചിട്ടുണ്ട്. കേരള സർക്കാറിന്റെ ആറാമത്തെ പൊതുചിലവ് അവലോകന കമ്മറ്റി അംഗം, കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്കിന്റെ പരിശോധന കമ്മറ്റി അംഗം, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം, നികുതി നിരീക്ഷണ സെല്ലിലെ അംഗം, കേരള സർക്കാർ വർക്കിംഗ് കമ്മറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

## ജാഫർ ഈരാറ്റുപേട്ട


കോട്ടയം ഈരാറ്റുപേട്ട സ്വദേശി. ചരിത്ര ഗവേഷകൻ, ഗ്രന്ഥകാരൻ. നിരവധി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്വന്തമായി തിരക്കഥയെഴുതിയ ഷോർട്ട് ഫിലിമും നിർമ്മിച്ചിട്ടുണ്ട്. ഒട്ടുമിക്ക ഇംഗ്ലീഷ്-മലയാളം ദിനപ്പത്രങ്ങളിലും ഫീച്ചറുകളും ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചക്കി പറമ്പൻ വാരിയൻകുന്നത്ത് കുടുംബ അസോസിയേഷൻ സെൻട്രൽ കമ്മിറ്റി ജനറൽ സെക്രട്ടറി, എമർജ് ആശുപത്രി, എമർജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒപ്റ്റോമെട്രി സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർ, ക്രസന്റ് സ്ക്കൂൾ ഓഫ് സ്പെഷ്യൽ എഡ്യൂക്കേഷൻ വൈസ് ചെയർമാൻ എന്നി നിലയിൽ പ്രവർത്തിക്കുന്നു. കേരളസംസ്കൃതി പുരസ്കാരം, ഐ ഡിയൽ പുരസ്കാരം, ഈരാറ്റുപേട്ട നഗരസഭാ പുരസ്കാരം, ഇ.ജി.എ. പ്രവാസി പുരസ്കാരം, മലബാർ ഹെരിറ്റേജ് പുരസ്കാരം, ഇശൽമാനസം പുരസ്കാരം, ഫെയ്സ് സിൽവർ ജൂബിലി പുരസ്കാരം, 2024-ൽ സിജി സംസ്ഥാന കമ്മിറ്റി പുരസ്കാരം തുടങ്ങി ധാരാളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

## ഡോ.സി.എം.നീലകണ്ഠൻ

പാലക്കാട് ഷൊർണ്ണൂർ സ്വദേശി. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഗവ.കോളേജ്, പട്ടാമ്പി ശ്രീനീലകണ്ഠ ഗവ.സംസ്കൃത കോളേജ് എന്നിവിടങ്ങളിൽ പത്തൊൻപതു വർഷം അദ്ധ്യാപകനായി സേവനമനുഷ്ഠിച്ച് വിരമിച്ചതിനുശേഷം സംസ്കൃത സർവ്വകലാശാലയിൽ പബ്ലിക്കേഷൻ ഡയറക്ടറായിരുന്നു. കേരള കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയിൽ അക്കാദമിക് ഡയറക്ടറായി പ്രവർത്തിച്ചു. സംസ്കൃത സർവ്വകലാശാലയിൽ പബ്ളിക്കേഷൻ ഡയറക്ടറായിരുന്നു. സംസ്കൃതം, ഇംഗ്ലീഷ്, മലയാളം ഭാഷകളിലായി നിരവധി ഗ്രന്ഥങ്ങളുടെ മോണോഗ്രാഫുകളുടെ കർത്താവ്, എഡിറ്റർ, സഹ എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു. കേരള സാഹിത്യ അക്കാദമി എൻഡോവ്മെന്റ് അവാർഡടക്കം ധാരാളം പുരസ്കാരങ്ങളും, അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര പ്രാധാന്യമുള്ള നിരവധി പ്രോജകടുകൾക്ക് നേതൃത്വം നൽകിയിട്ടുമുണ്ട്.

## ഡോ. ലക്ഷ്മിദേവി സി.ജി.

എർത്ത് എൻവിയോൺമെന്റൽ സയൻസ്, ക്രിട്ടിക്കൽ സോൺ റിസർച്ച് , സോഷ്യോളജി, എഡ്യുക്കേഷണൽ റിസർച്ച് എന്നിവയിൽ പ്രാവീണ്യം നേടിയിട്ടുണ്ട്. ഫ്രഞ്ച് സർക്കാരിന്റെ റീജിയൺ ഫെല്ലോഷിപ്പും ഫ്രാൻസിലെ പോയിറ്റിയേഴ്സ് സർവ്വകലാശാലയിൽ ഇന്റേൺഷിപ്പും ഉണ്ട്. നേച്ചർക്ലബ്ബും, സസ്റ്റെനബിളിറ്റി ക്ലബ്ബും ആരംഭിച്ചു. വിദ്യാർത്ഥികളെയും, അദ്ധ്യാപകരെയും സാമൂഹ്യ സേവനത്തിലേയ്ക്ക് കൊണ്ടു വന്നു. ദേശീയ, അന്തർദേശിയ കോൺഫറൻസുകളിലും, ശിൽപ്പ ശാലകളിലും പങ്കെടുത്ത് പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ക്രിട്ടിക്കൽ സോൺ റിസർച്ച്, സോയിൽ സയൻസ്, എൻവയോൺമെന്റൽ സയൻസ്, അഗ്രികൾച്ചറൽ സയൻസ്, സോഷ്യോളജി, ഇന്ത്യൻ നോളജ് സിസ്റ്റം തുടങ്ങിയവയാണ് ഗവേഷണമേഖല. റിസർച്ച് സെൽ കോഓർഡിനേറ്റർ, നാക് ക്രൈറ്റിരിയ ഹെഡ്, ഐക്യു എസി അംഗം, സ്റ്റുഡൻസ് ഗ്രീവൻസ് റീഡ്രസൽ സെൽ അംഗം, സ്റ്റാർട്ടപ്പ് ഇൻകുബേഷൻ സെൽ കോർഡിനേറ്റർ, ഗോ ഗ്രീൻ ക്ലബ്ബ് കോർഡിനേറ്റർ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്നു. നിലവിൽ മാഹി കോ-ഓപ്പറേറ്റീവ് കോളേജ് ഓഫ് ഹയർ എഡ്യുക്കേഷൻ ആന്റ് ടെക്നോളജിയുടെ പ്രിൻസിപ്പലാണ്.


അഷ്റഫ് കൊയിലോത്താൻ കണ്ടിയിൽ


ഡോ. അമ്മുക്കുട്ടി. കെ. പി.


രാജൻ വി. പൊഴിയൂർ


ജയപ്രസാദ്. സി.കെ


രാധാകൃഷ്ണൻ .എ

## അഷ്റഫ് കൊയിലോത്താൻ കണ്ടിയിൽ

കോഴിക്കോട് കൊടിയൂറ സ്വദേശി. കോകേരി ഗവൺമെന്റ് കോളേജിൽ പ്രിൻസിപ്പൽ ഇൻ ചാർജായി സേവനമനുഷ്ഠിക്കുന്നു. നാദാപുരം ഗവൺമെന്റ് കോളേജ് സ്പെഷ്യൽ ഓഫീസർ ആയിരുന്ന കാലയളവിൽ ബി.എസ്.സി. ഫിസ്ക്സ് അടക്കം അഞ്ച് കോഴ്സുകൾ കോളേജിലേയ്ക്ക് കൊണ്ടുവരുന്നതിൽ നേതൃപരമായ പങ്കുവഹിച്ചു. ചരിത്രവുമായി ബന്ധപ്പെട്ട് നിരവധി ഗവേഷണ പ്രബന്ധങ്ങളും പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആനുകാലികങ്ങളിൽ ലേഖനങ്ങളും എഴുതാറുണ്ട്. അമേരിക്കൻ ഗവൺമെന്റിന്റെ ക്ഷണപ്രകാരം സ്റ്റഡി യു.എസ്.ഇൻസ്റ്റിറ്റ്യൂട്ട് പ്രോഗാമിൽ ഇന്ത്യയെ പ്രതിനിധികരിച്ച് പങ്കെടുത്തു. കാലിക്കറ്റ് യൂണിവേഴ്സിറ്റി ചരിത്ര വിഭാഗം ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാനായിരുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റി ചരിത്ര വിഭാഗം ബോർഡ് ഓഫ് സ്റ്റഡിസ് ചെയർമാനായി പ്രവർത്തിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി അക്കാഡമിക് കൗൺസിൽ അംഗമായിരുന്നു. കോളേജ് അദ്ധ്യാപക സംഘടനായ കോൺഫറേഷൻ ഓഫ് കേരള കോളേജ് ടീച്ചേഴ്സ് സ്ഥാപക ജനറൽ സെക്രട്ടറിയും മുൻ സംസ്ഥാന പ്രസിഡന്റ്മാണ്.

## ഡോ. അമ്മുക്കുട്ടി. കെ. പി.

കോഴിക്കോട് വടകരസ്വദേശി. ഇന്ത്യൻ ചരിത്ര കോൺഗ്രസ്സിൽ സ്ഥിരാംഗം. കേരളത്തിലെ വിവിധ ഗവ. കോളേജുകളിൽ അദ്ധ്യാപികയായി പ്രവർത്തിച്ചു. വടകര എഡ്യുക്കേഷണൽ സഹകരണ സൊസൈറ്റി ഡയറക്ടർ, ഇഗ്നോ സ്റ്റഡി സെന്റർ അസിസ്റ്റന്റ് കോർഡിനേറ്റർ, പ്രീയദർശിനി ജനശ്രിസംഘം ചേറോടിന്റെ ചെയർ പേഴ്സൺ, മഹാത്മ ആർട്സ് ആന്റ് സർവ്വീസ് സൊസൈറ്റിയുടെ മെമ്പർ, ലയൺസ് ക്ലബ്ബ് ഓഫ് വടകര മിഡ് ടൗൺമെമ്പർ, വടകര ഓയിസ്കോ വനിതഫോറം മെമ്പർ, മടപ്പള്ളി ചരിത്രവിഭാഗം പൂർവ്വ വിദ്യാർത്ഥി സംഘടന സെക്രട്ടറി, സോഷ്യോകൾച്ചറൽ ഇനിഷേറ്റ്യവ് ഓഫ് മടപ്പള്ളി അലുംനൈ കോൺഗ്രസ്സിന്റെ വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

## രാജൻ വി. പൊഴിയൂർ

തിരുവനന്തപുരം പൊഴിയൂർ സ്വദേശി. അദ്ധ്യാപകൻ, കഥാകൃത്ത്, കവി, നാടക രചയിതാവ്, അഭിനേതാവ്, സംവിധായകൻ, നിരൂപകൻ, പ്രഭാഷകൻ, സാമൂഹ് പ്രവർത്തകൻ, പരിസ്ഥിതി പ്രവർത്തകൻ, ജീവകാരുണ്യ പ്രവർത്തകൻ. ധാരാളം സാമൂഹ്യസേവന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. മഹാത്മ ഗ്രാമീണ കവിത പുരസ്കാരം, കെ.സി.സെബാസ്റ്റ്യൻ സ്മാരക സാഹിത്യ പുരസ്കാരം, ഗുരുശ്രേഷ്ഠ പുരസ്കാരം, നിരവധി അദ്ധ്യാപക സാഹിത്യ പുരസ്കാരങ്ങൾ, വിദ്യാരംഗം ജില്ലാ കൺവീനർക്കുള്ള സംസ്ഥാന സർക്കാർ പുരസ്കാരം, മികച്ച അദ്ധ്യാപകനുള്ള സേവന വികാസ്, കേന്ദ്രത്തിന്റെ സേവനശ്രീ, മികച്ച സാമൂഹ്യ സേവനത്തിന് ലണ്ടൻ ആസ്ഥാനമായുള്ള റോട്ടറി ഇന്റർനാഷമൽ പോൾ ഹാരിസ് ഫെല്ലോഷിപ്പ് തുടങ്ങി ധാരാളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്. നിലവിൽ തിക്കുറ്റിശി ഫൗണ്ടേഷൻ ജനറൽ സെക്രട്ടറി, വള്ളത്തോഴ് സാഹിത്യസമിതി, പ്രൊഫ.എൻ.കൃഷ്ണപിള്ള ഫൗണ്ടേഷൻ എന്നിവയുടെ എക്സിക്യൂട്ടിവ് കമ്മറ്റി അംഗം, ഉദിയൻകുളങ്ങര റോട്ടറി ക്ലബ്ബ് പ്രസിഡന്റ്, പൊഴിയൂർ ശാന്തിനികേതൻ ചാരിറ്റബിൾ സൊസൈറ്റി പ്രസിഡന്റ്, പൊഴിയൂർ പൗരസമിതി സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.


## ജയപ്രസാദ്. സി.കെ

കോഴിക്കോട് കൊയിലാണ്ടി സ്വദേശി. മോട്ടിവേറ്റർ, അസി.എക്സൈസ് ഇൻസ്പെക്ടർ. മുവായിരത്തി അറുനൂറിലേറെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. ഇരിനൂറിലേറെ പേരെ വിവിധ ചികിത്സ കേന്ദ്രങ്ങളിലേക്കയച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ലഹരി വിരുദ്ധ നാടകത്തിന് പാടുകയും, സംഗീതവും, പഞ്ചാത്തല സംഗീതവും നൽകുകയും ചെയ്തിട്ടുണ്ട്. 2023-ലെ വിശിഷ്ട സേവനത്തിനുള്ള മുഖ്യമന്ത്രിയുടെ എക്സൈസ് മെഡൽ നേടിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ മികച്ച വിമുക്തി മിഷൻ പ്രവർത്തകനുള്ള അവാർഡ്, 2023-2024 വർഷത്തെ വിദ്യാർത്ഥികൾക്ക് മയക്കുമരുന്നിനെതിരെ ക്യാമ്പയിൻ നടത്തിയതിന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പിന്റെ ആദരവ് തുടങ്ങി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

## രാധാകൃഷ്ണൻ .എ

തിരുവനന്തപുരം പൂഴിക്കുന്ന് സ്വദേശി. അഭിനേതാവ്, മിമിക്രി ആർട്ടിസ്റ്റ്. ദൂരദർശൻ, സൂര്യ, കൈരളി തുടങ്ങിയ ടെലിവിഷൻ ചാനലുകളിലെ സീരിയലുകളിലും കോമഡി സ്കിറ്റുകളിലും സിനിമകളിലും അഭിനയിച്ചു. ആകാശവാണിയിൽ യുവവാണി പ്രോഗാം, ശിശുദിന പ്രോഗ്രാം, എഫ്.എം.ആകാശവാണിയിലെ പരിപാടിയിലും പങ്കെടുത്തിട്ടുണ്ട്. സ്വന്തമായി കലാഹൃദയ ട്രൂപ്പ് എന്ന സ്ഥാപനം നടത്തിയിരുന്നു.


പ്രേംജിത്ത് സി.കെ.


ഡി. സുരേഷ്കുമാർ ആശാൻ


സെമീർ സലീം


ആചാര്യ വി.മാനുവൽ ഗുരുക്കൾ


ബിന്ദു കല്യാണി

## പ്രേംജിത്ത് സി.കെ.

കോഴിക്കോട് മലാപറമ്പ് സ്വദേശി. ചിത്രകല, ശിൽപ്പകല (വുഡ് ബർൺ ആർട്ട്) ലോഹ മ്യൂറൽ, പ്ലൈവുഡ് മ്യുറൽ, കളിമൺ ശിൽപ്പ നിർമ്മാണം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നു. ലോഹ തകിടിൽ ഇരുപതോളം മ്യൂറൽ ശിൽപ്പങ്ങൾ ചെയ്തിട്ടുണ്ട്. നൂറിലധികം ബർൺ ആർട്ട് ചിത്രങ്ങൾ ചെയ്തിട്ടുണ്ട്. അവയിൽ ചിലത് വടകര ഇരിങ്ങലുള്ള സർഗാലയിൽ (കേരള ആർട്സ് ആന്റ് ക്രാഫ്റ്റ് വില്ലേജ്) പ്രദർശിപ്പിച്ചിട്ടുണ്ട്, ബിർട് പ്ലൈവുഡിൽ പത്തു ശിൽപ്പങ്ങൾ ചെയ്തിട്ടുണ്ട്. കളിമൺ ശിൽപ്പകലയും ചെയ്യുന്നു. ഫെഡറൽ ബാങ്കിലും, ഹോട്ടൽ മാനേജ്മെന്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ ആയി മാർ ഇവാനിയോസ് കോളേജിലും വർക്ക് ചെയ്തിട്ടുണ്ട്.

## ഡി. സുരേഷ്കുമാർ ആശാൻ

തിരുവനന്തപുരം പാറശാല സ്വദേശി. മുപ്പത് വർഷമായി പാരമ്പര്യ സിദ്ധ-ചിന്താർമണി - ആയൂർവേദ മർമ്മ ചികിത്സകൾ ചെയ്തുവരുന്ന പാരമ്പര്യ മർമ്മ വൈദ്യനാണ്, പാരമ്പര്യ സിദ്ധ-ചിന്താർമണി - ആയൂർവേദ മർമ്മ വിഷയങ്ങളിൽ പതിനൊന്ന് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അനുഗ്രഹ സിദ്ധ മർമ്മ ഹോളിസ്റ്റിക് ഹീലിംഗ് സെന്റർ നടത്തിവരുന്നു. ആയിരത്തി അഞ്ഞൂറിലധികം വിദ്യാർത്ഥികൾ ശിഷ്യൻമാരായുണ്ട്. ഇരുപതിലധികം പാരമ്പര്യ ചികിത്സാ കോഴ്സുകൾ പഠിച്ചിട്ടുണ്ട്. ഇരുപത്തിലാറിലധികം ഗുരുക്കൻമാരിൽ നിന്ന് വിദ്യകൾ പഠിച്ചിട്ടുണ്ട്. ഒട്ടേറെ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. സൗജന്യ മെഡിക്കൽ ക്യാമ്പുകളും നടത്തിയിട്ടുണ്ട്. മർമ്മ ചക്രവർത്തി അവാർഡും പതഞ്ജലി സിദ്ധർ അവാർഡ്, ഏഷ്യൻ ബുക്ക് ഓഫ് വേൾഡ് റെക്കാർഡും ഗോൽഡ് മെഡലും ഉൾപ്പെടെ വിവിധ അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

## സെമീർ സലീം

ആലപ്പുഴ ചാരുമൂട് സ്വദേശി. മാധ്യമ പ്രവർത്തകൻ. വിവിധ വിഭാഗങ്ങളിലെ പൊതുജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ, നാട്ടിൽ നടക്കുന്ന ലഹരി വിൽപ്പനയും ലഹരിയുടെ ഉപയോഗത്തിൻമേൽ നടക്കുന്ന അതിക്രമങ്ങളും തുടങ്ങിയവ വെളിച്ചത്തുകൊണ്ടുവന്നു. നിലവിൽ 24 ന്യൂസ് ചാനലിൽ പ്രദേശിക റിപ്പോർട്ടർ ആയി പ്രവർത്തിക്കുന്നു.

## ആചാര്യ വി.മാനുവൽ ഗുരുക്കൾ

തിരുവനന്തപുരം സ്വദേശി. പാരമ്പര്യ വൈദ്യചികിത്സാരംഗത്തും ആയോധനകലാരംഗത്തും പ്രവർത്തിക്കുന്നു. മനുഷ്യശരീരത്തിനുണ്ടാകുന്ന അപചയങ്ങളും രോഗങ്ങളും കൃത്യമായ കാലയളവിൽ സുഖപ്പെടുത്തുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് മരുന്നായാലും ചികിത്സയായാലും, നിസ്വാർത്ഥയോടെ നൽകുന്നു. കളരിയും പാരമ്പര്യ വൈദ്യവും ജാതിമതഭേദമെന്യേ സ്ത്രീപുരുഷഭേദമെന്യേ വിദേശിയെയും സ്വദേശിയെയും അഭ്യസിപ്പിക്കുന്നു. ഒട്ടേറെ അവാർഡുകൾക്കും അംഗീകാരങ്ങൾക്കും അർഹനായിട്ടുണ്ട്.

## ബിന്ദു കല്യാണി

കണ്ണൂർ മാടത്തിൽ സ്വദേശി, ഗായിക, ഗാനരചയിതാവ്, സംഗീത സംവിധായിക. വിവിധ ചാനലുകളിൽ പാടുകയും നിരവധി വേദികളിൽ സംഗീതക്കച്ചേരി നടത്തുകയും ചെയ്തിട്ടുണ്ട്. ജർമ്മനിയിൽ നടന്ന ഹെർമ്മൻ ഹോസ്സെ ഫെസ്റ്റിവലിൽ ഇന്ത്യയെ പ്രതിനിധികരിച്ച് പങ്കെടുത്തിട്ടുണ്ട്. കണ്ണൂർ ഇരിട്ടിയിൽ കല്യാണി സ്കൂൾ ഓഫ് കർണാടിക് മ്യൂസിക് എന്ന സ്ഥാപനത്തിന്റെ ഡയറക്ടറാണ്. കേളകം, പയ്യാവൂർ എന്നീ സ്ഥലങ്ങളിൽ ഈ സ്ഥാപനത്തിന് രണ്ട് ബ്രാഞ്ചുകൾ കൂടി ഉണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സൗജന്യ പരിശീലനം നൽകിവരുന്നു. ഗുരുവായൂരിൽ ചെമ്പൈ സംഗീതോത്സവത്തിൽ മുപ്പത് മിനിറ്റ് എല്ലാവർഷവും പാടിവരുന്നു. ദേവബിന്ദുക്കൾ എന്ന ഓഡിയോ സീഡി പുറത്തിറക്കി. കൃഷ്ണ ജ്വൽസിന്റെ സ്ത്രീശക്തി അവാർഡ് ഉൾപ്പെടെ അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു


പി.സുകുമാരി


മെവിൻ സുശീൽ .പി


റീജേഷ് രാജൻ


ദിലീപ്കുമാർ. ഡി

## പി.സുകുമാരി

കാസർകോഡ് ഉദുമ മങ്ങാട് സ്വദേശി. സാമൂഹ്യ പ്രവർത്തക. 25 വർഷമായി സാമൂഹിക വികസന മേഖലകളിലെ വിവിധ പദ്ധതികളിൽ സജീവമായി പ്രവർത്തിക്കുന്നു. ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ആദ്യ കാലഘട്ടത്തിൽ ജില്ലയുടെ റിസോഴ്സ് പേഴ്സൺ ആയി പ്രവർത്തിച്ചു. കലാസാംസ്കാരിക, ജീവ കാരുണ്യ പ്രവർത്തനങ്ങളിലും സജീവമായി ഇടപെടുന്നു. കഴിഞ്ഞ ആറു വർഷമായി വനിത ശിശു വികസന മേഖലയിൽ കാസർകോഡ് ജില്ലയിലെ കൗൺസിലറായി പ്രവർത്തിക്കുന്നു. കാസർകോഡ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള ജില്ലാ ജാഗ്രത സമിതിയുടെ കോർഡിനേറ്ററും, കൗൺസിലറുമാണ്. നിരവധി ബോധവൽക്കരണ പരിപാടികൾ, സ്ത്രീ ശാക്തികരണ പരിപാടികൾ, ജെൻഡർ സെൻസിറ്റൈസേഷൻ പ്രവർത്തനങ്ങൾ, പ്രീമാരിറ്റൽ കൗൺസിലിംഗ് തുടങ്ങിയവയുടെ മുഖ്യ സംഘാടകയും റിസോഴ്സ് പേഴ്സണുമാണ്.വനിതാ കമ്മിഷൻ നടത്തുന്ന അദാലത്തിനും കൗൺസിലറായി സേവനം നൽകിവരുന്നു. കാസർകോഡ് ജില്ലാ ജാഗ്രത സമിതിയുടെ കൗൺസിലർ കൂടിയാണ്.

## മെവിൻ സുശീൽ .പി

മലപ്പുറം തിരൂർ സ്വദേശി. അദ്ധ്യാപകൻ, കവി, ചെറുകഥാകൃത്ത്. നവ മാധ്യമങ്ങളിൽ കവിതകളും, ചെറുകഥകളും പ്രസിദ്ധികരിച്ചിട്ടുണ്ട്. മലയാള ഭാഷ പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി സർഗ്ഗ രചന ക്യാമ്പുകളും, വായന പ്രോത്സാഹിപ്പിക്കുന്നതിനായി സ്വന്തം വീട്ടിൽ തന്നെ ലൈബ്രറിയും നടത്തിവരുന്നു. മലയാളം ലിറ്ററേച്ചർ അക്കാദമി അവാർഡ്, നാലപ്പാട്ട് അശോകൻ സ്മാരക അവാർഡ്, തെളിനീർ ട്രസ്റ്റ് പ്രശംസാപത്രം തുടങ്ങി നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. മരണത്തിന്റെ തണുപ്പും, ഒരു ഭ്രാന്തന്റെ സ്വപ്നവും എന്ന ചെറുകഥാ സമാഹാരത്തിന് ഇൻർനാഷണൽ ലിറ്ററേച്ചർ ഫെസ്റ്റിവൽ, ദിബുക്ക് ചാനൽ ഗോവൻ ലിറ്ററേച്ചർ ഫെസ്റ്റിവൽ എന്നീ മത്സരങ്ങളിൽ മികച്ച മലയാളം ഫിക്ഷൻ വിഭാഗത്തിന്റെ ആദരവും ലഭിച്ചിട്ടുണ്ട്.

## റീജേഷ് രാജൻ

മാഹി സ്വദേശി. അദ്ധ്യാപകൻ, കഥാകൃത്ത്, കവി,ലേഖകൻ, ഗാനരചയിതാവ്, സംഗീത സംവിധായകൻ, നിർമ്മാതാവ്. ധാരാളം നവ മാധ്യമങ്ങളിൽ എഴുതുകയും ആത്മീയ ലേഖനങ്ങളും കഥകളും രചിച്ചിക്കുകയും ചെയ്തു. ചെറുകഥകളും, കവിതകളും എഴുതി പ്രസിദ്ധികരിച്ചു. ഇതുകൂടാതെ സ്വാഗത ഗാന സമാഹാരവും, രണ്ട് കവിതാ സമാഹാരങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. മണ്ണാറശാല നാഗക്കാവ് എന്ന ആൽബം ഉൾപ്പെടെയുള്ള ആൽബങ്ങൾ ചെയ്തിട്ടുണ്ട്. ഏഷ്യാ ബുക്ക് ഓഫ് റെക്കാർഡ്, കൊട്ടാരക്കര കലാസാഹിത്യസംഘം സാഹിത്യ പുരസ്കാരം, നിലാവ് സാഹിത്യ പുരസ്കാരം, ധാർമികത ദിനപത്ര സാഹിത്യ പുരസ്കാരം തുടങ്ങിയുള്ളപുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. നിലവിൽ എക്സൽ പബ്ലിക് സ്കൂൾ അദ്ധ്യാപകനാണ്.

## ദിലീപ്കുമാർ. ഡി

തിരുവനന്തപുരം കണ്ണമ്മൂല സ്വദേശി. കേരള പോലീസിൽ സബ് ഇൻസ്പെടറായി 2004 ൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് സർക്കിൾ ഇൻസ്പെക്ടറായും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടായും വിവിധ ജില്ലകളിൽ സേവനമനുഷ്ഠിച്ചു. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടായും റസ്ക്യൂ ഓപ്പറേഷനുമായി ബന്ധപ്പെട്ടും സേവനം അനുഷ്ഠിച്ചു. അഭിനയരംഗത്തും സജീവമാണ്. വിവിധ സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. ഇപ്പോൾ സിനിമകളുടെ തിരക്കഥാരചനയിലാണ്.


അഭിജിത്ത്. കെ.എ


മിനി ഗോപിനാഥ്


സിനുഖാൻ.എസ്.


ശ്രീജേഷ്. ഇ


ബിന്ദുവി.കെ.

## അഭിജിത്ത്. കെ.എ

വയനാട് കണിയാംമ്പാറ്റ സ്വദേശി. കഥാകൃത്ത്, കവി, ലേഖകൻ, സാമൂഹ്യ പ്രവർത്തകൻ വിവിധ ഓൺലൈൻ അച്ചടി മാധ്യമങ്ങളിൽ കഥകൾ, കവിതകൾ, ലേഖനങ്ങൾ തുടങ്ങിയവ പ്രസിദ്ധീകരിക്കുന്നു. വിവിധ മാഗസിനുകളുടെ എഡിറ്റർ ആയിരുന്നു. കോവിഡ് കാലത്തും, മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ സമയത്തും നടത്തിയ സേവന പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ പ്രത്യേക പ്രശംസ ലഭിച്ചു. ഊർജ്ജം കഥാപുരസ്കാരം ഉൾപ്പടെയുള്ള വിവിധ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് കേന്ദ്ര നിർവാഹകസമിതി അംഗം, ശാസ്ത്ര സാഹിത്യ പരിഷത്ത് കൽപ്പറ്റ മേഖലാ സെക്രട്ടറി, പരിഷത്ത് ഫിലിം ക്ലബ്ബ് ജില്ലാ കൺവീനർ, മലയാള ഐക്യവേദി സംസ്ഥാന നവമാധ്യമ സമിതി കൺവീനർ, മലയാള ഐക്യവേദി വയനാട് ജില്ലാ കൺവീനർ, മലയാള സർവ്വകലാശാല നാഷണൽസർവ്വീസ് സ്കീം വോളന്റിയർ സെക്രട്ടറി തുടങ്ങിയുള്ള മേഖലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. വിവിധ സംഗീത ആൽബങ്ങളുടെയും വീഡിയോകളുടെയും ക്രിയേറ്റീവ് ഡയറക്ടർ, ഷോർട്ട്ഫിലിം ഡയറക്ടർ, ഷോർട്ട് ഫിലിം തിരക്കഥാകൃത്ത്, പോസ്റ്റർ ഡിസൈനർ എന്നീ നിലകളിലും പ്രവർത്തിക്കുന്നു. നിലവിൽ നെഹ്റു യുവകേന്ദ്ര വയനാട് ജില്ലാ ഓഫീസ് സ്റ്റാഫായി പ്രവർത്തിക്കുന്നു.

## മിനി ഗോപിനാഥ്

തിരുവനന്തപുരം ശ്രീകാര്യം സ്വദേശി. കവയിത്രി, കഥാകൃത്ത്., ലേഖിക. കഥകൾ കവിതകൾ നർമ്മകഥകൾ എന്നിവ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആകാശവാണിയിൽ പതിനാല് വർഷവും, ദൂരദർശനിൽ അഞ്ച് വർഷവും സേവനമനുഷ്ഠിച്ചു. വയോജനങ്ങൾക്ക് വേണ്ടിയുള്ള സായന്തനം പരിപാടിക്ക് വേണ്ടി തയ്യാറാക്കിയ പരിപാടി, യുവവാണിയിൽ പ്രക്ഷേപണം ചെയ്ത അക്ഷരക്കാഴ്ച എന്ന പരിപാടി എന്നിവ ശ്രദ്ധേയമായിരുന്നു. മിനി കവിതകൾ, ആക്ഷേപഹാസ്യകഥകളുടെ സമാഹാരമായ മിനിച്ചിരി എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## സിനുഖാൻ.എസ്.

ആലപ്പുഴ ചാരുംമൂട് സ്വദേശി. സാമൂഹ്യ പ്രവർത്തകൻ. സ്കൂൾ വിദ്യാഭ്യാസ കാലത്ത് തന്നെ വിദ്യാർത്ഥികളുടെ അവകാശ പ്രശ്നങ്ങളിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കൊപ്പം രക്തദാനമേഖലയിലും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെച്ചു. രക്തം ആവശ്യമായി വരുന്ന സമയത്ത് സന്നദ്ധരായ വ്യക്തികളെ കണ്ടെത്തി നൽകുന്നു. നിലവിൽ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് ചാരുംമൂട് ഡിവിഷൻ മെമ്പറായി പ്രവർത്തിച്ചുവരുന്നു. രോഗികൾക്കും കഷ്ടത അനുഭവിക്കുന്നവർക്കുമായി കൂട്ടായ്മയിലൂടെ സാമ്പത്തിക സഹായം ചെയ്യാൻ സാധിച്ചിട്ടുണ്ട്. അസുഖങ്ങളാൽ വലയുന്ന നിരവധി ആളുകൾക്ക് പരിചരണം കൊടുക്കുന്നു. നമ്മുടെ നാട്ടിൽ ഒരാൾപോലും പട്ടിണി കിടക്കാൻ പാടില്ല എന്ന ലക്ഷ്യത്തോടെ തുടങ്ങിയ ഭക്ഷണ അലമാര ചാരുമൂട് ജങ്ഷനിൽ സ്ഥാപിച്ചു. നാലുവർഷമായി എല്ലാ ദിവസവും മുടങ്ങാതെ വിശന്നുവരുന്നവർക്ക് ആഹാരവും വെള്ളവും നൽകാൻ കഴിയുന്നുണ്ട്. ഒരു സംഘടനയുടെയും ലേബലിൽ അല്ലാതെ പവർത്തിക്കുന്ന ഈ സംരംഭത്തിന് നിരവധി ആദരവുകൾ ലഭിച്ചിട്ടുണ്ട്. നിരവധി കൂട്ടായ്മകളുടെ ഭാരവാഹിയായി പ്രവർത്തിക്കുന്നു.

## ശ്രീജേഷ്. ഇ

മലപ്പുറം എടപ്പാൾ സ്വദേശി. ആർട്ടിസ്റ്റ്, സാമൂഹ്യ പ്രവർത്തകൻ, ജീവകാരുണ്യ പ്രവർത്തകൻ. ഒമാനിൽ ഒരു വർഷം അവിടത്തെ സർക്കാരിന്റെ അധീനതയിലുള്ള മൂന്നോളം കൊട്ടാരങ്ങളിൽ ആർട്ട് വർക്ക് ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഒമാനിൽ ചിത്രംവര അധ്യാപകനായി ജോലി ചെയ്തു. നാട്ടിലും വിദേശത്തുമായി സ്ഥാപനങ്ങളിലും ,വീടുകളിലും, അമ്പലങ്ങളിലും ചിത്രങ്ങൾ വരച്ചിട്ടുണ്ട്. പ്രശസ്തരായ ആയിരത്തിലേറെ ആൾക്കാരുടെ ചിത്രങ്ങൾ വരച്ചിട്ടുണ്ട്. കൺസ്യൂമർ കോർട്ടുമായി ബന്ധപ്പെട്ട് പത്തിലേറെ പേർക്ക് സഹായം ലഭ്യമാക്കി. ദയ, സാന്ത്വനം മുതലായ പാലിയേറ്റിവ് സംഘടനകളുമായി ബന്ധപ്പെട്ട് ചികിത്സാ സഹായങ്ങൾ ചെയ്തു വരുന്നു. കേരള പരസ്യകല സമിതി അംഗം, ആൾകേരള ആർട്ട് ഗാലറി അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. പ്രസ് റിപ്പോർട്ടേഴ്സ് ക്ലബ്ബ്, പൂക്കരത്തറ സ്കൂൾ പൂർവ്വ വിദ്യാർത്ഥി സംഘടന, എടപ്പാൾ പഞ്ചായത്ത് തുടങ്ങിയവയുടെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

## ബിന്ദുവി.കെ.

ഇടുക്കി മണക്കാട് സ്വദേശി. സാമൂഹ്യ പ്രവർത്തക. സാധാരണക്കാരുടെ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് ഒട്ടേറെ നല്ലകാര്യങ്ങൾ ചെയ്തുവരുന്നു. തൊടുപുഴയിലെ സ്കൂളുകളിൽ നിന്നും അറുപത് എസ്.സി.എസ്,ടി കുട്ടികൾക്ക് പഠനോപകരണം നൽകി. ആരും നോക്കാൻ ഇല്ലാത്ത ആൾക്കാർക്ക് പല സംഘടനകളുമായി ചേർന്ന് മരുന്ന്, വസ്ത്രം, ആഹാര സാധനങ്ങൾ എന്നിവ നൽകുന്നു. ഭാരതീയ ദളിത് കോൺഗ്രസ്സ് തൊടുപുഴ ബ്ലോക്ക് പ്രസിഡന്റ്, മനുഷ്യ അവകാശ സംഘടനയുടെ ഇടുക്കി ജില്ലാ കോർഡിനേറ്റർ, ഐ.എൻ.ടി.യു.സി.യുടെ ഇടുക്കി വനിത വിംഗിന്റെ ജില്ല ജനറൽ സെക്രട്ടറി, ഐ.എൻ.ടി.യു.സി.യുടെ തൊടുപുഴ റീജണൽ വൈസ് പ്രസിഡന്റ്, തൊടുപുഴ എസ്.സി, എസ്,ടി, വെൽഫെയർ സൊസൈറ്റിയുടെ ബോർഡ് മെമ്പർ, ജവഹർ ബാല മഞ്ചിന്റെ തൊടുപുഴ കോർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. കുടുംബശ്രീയുടെ പ്രസിഡന്റ് ആയി ആറുകൊല്ലം പ്രവർത്തിച്ചിട്ടുണ്ട്.


ഗോകുലപാലൻ


കലാ റാണി. എസ്


സരസ്വതി ബിജു


പി.കെ.ഗോകുലവാസൻ


സിദ്ധാർത്ഥ് അജിത് കുമാർ

## ഗോകുലപാലൻ

എറണാകുളം വൈറ്റില സ്വദേശി. കവി. ധാരാളം കവിതാ സമാഹാരങ്ങൾ പ്രസിദ്ധീകരിച്ചു. യൂട്യൂബിൽ നൂറോളം കവിതകൾ എഴുതി വീഡിയോ ചെയ്തു. ആൽബങ്ങൽക്ക് രചന നിർവഹിച്ചിട്ടുണ്ട്. കേരള സാഹിത്യസംഗമ വേദിയുടെ കാവ്യ പ്രതിഭാ പുരസ്കാരം, അക്ഷര കേരളത്തിന്റെ സാഹിത്യ പുരസ്കാരം, പ്രീമിയർ ടയേഴ്സ് നൊസ്റ്റാൽജിയ ഗ്രൂപ്പിന്റെ പ്രതിഭ പുരസ്കാരം, കൊട്ടാരക്കര കർമ്മ ശ്രേഷ്ഠ പുരസ്കാരം, കൊച്ചിൻ മുൻസിപ്പലിന്റെ എക്സലൻസ് അവാർഡ് തുടങ്ങി പ്രദേശിക സംഘടനകളുടെ പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. നിലിവിൽ സ്വകാര്യ മേഖലയിൽ എഞ്ചിനിയറായി ജോലി ചെയ്യുന്നു.

## കലാ റാണി. എസ്

നെടുമങ്ങാട് സ്വദേശി. സാമൂഹ്യ പ്രവർത്തക, മോഡൽ, കവയിത്രി. പതിനഞ്ച് വർഷമായി പൊതു പ്രവർത്തനങ്ങളിൽ ഇടപെടുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. എസ്.കെ. ഗ്ലോബൽ കലാസാഹിത്യ ഫിലിം അക്കാദമി ചെയർമാൻ, ബഹുജനസാഹിത്യക്കാരുടെ കേരള സ്റ്റേറ്റ് വനിതാ പ്രസിഡന്റ്, സൗത്ത് ഇന്ത്യൻ ഫിലിം അസോസിയേഷന്റെ എക്സീക്യൂട്ടിവ് അംഗം, ഫിലിം അസിസ്റ്റന്റ് ഡയറക്ടർ, കൈത്താങ്ങ് ചാരിറ്റി മലപ്പുറം തിരൂരിന്റെ തിരുവനന്തപുരം കോർഡിനേറ്റർ എന്നീ സംഘടനകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മോഡലിംഗ് മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കവിതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗ്ലോബൽ ഹ്യൂമൻ പീസ് യൂണിവേഴ്സിറ്റി ദുബായ് കോ-ഓർഡിനേറ്റർ കൂടിയാണ്.

## സരസ്വതി ബിജു

കോഴിക്കോട് കുറുവട്ടൂർ സ്വദേശി. കവിയത്രി, ഗാനരചയിതാവ്, അഭിനേത്രി. ആങ്കർ, നർത്തകി, ഗാനങ്ങളും, കവിതകളും, കവിതാ സമാഹാരങ്ങളും ആനുകാലികങ്ങളിലും, മാഗസിനുകളിലും, സോഷ്യൽ മീഡിയകളിലും, പത്രത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കവിതാ സമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇടം തിരയുന്നവർ എന്ന കവിതാ സമാഹാരത്തിന് 2025-ലെ വള്ളത്തോൾ സാഹിത്യ പുരസ്കാരം ലഭിച്ചിട്ടുണ്ട്. അവളെഴുതണമെങ്കിൽ എന്ന കവിതാ സമാഹാരത്തിന് 2025-ലെ ഭാഷാശ്രീ ആർ.കെ. രവിവർമ്മ സംസ്ഥാന സാഹിത്യ പുരസ്കാരം ലഭിച്ചിട്ടുണ്ട്. സിനിമയ്ക്കും, ഓണത്തിനും വേണ്ടി ഗാനങ്ങളും ഗസൽ ആൽബത്തിന് വേണ്ടി രചനകളും നിർവഹിച്ചിട്ടുണ്ട്. കൊട്ടാരക്കര കലാസാഹിത്യ വേദി അവാർഡ്, കേരളസർക്കാരും ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും കവിതയ്ക്കുള്ള ക്യാഷ് അവാർഡ്, ലേഖനത്തിന് ലഭിച്ച് അവാർഡ് തുടങ്ങി ധാരാളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്. നിലവിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ സീനിയർ നഴ്സിംഗ് ഓഫീസറായി ജോലി നോക്കുന്നു.

## പി.കെ.ഗോകുലവാസൻ


കാസർകോഡ് ഉദുമ സ്വദേശി. മുപ്പതുവർഷമായി നൃത്തരംഗത്ത് തുടരുന്നു. ഡ്രായിംഗ്, പെയിന്റിംഗിലും പ്രാവണ്യം നേടിയിട്ടുണ്ട്. തിരുവനന്തപുരം റിഗാറ്റ കൾച്ചറൽ സൊസൈറ്റി, അബുദാബി ഗൾഫ് ഫൈൻ ആർട്സ്, കേരള സോഷ്യൽ സെന്റർ അബുദാബി എന്നീ സ്ഥാപനങ്ങളിൽ നൃത്ത അദ്ധ്യാപകനായി പ്രവർത്തിച്ചിട്ടുണ്ട്. സൂര്യഫെസ്റ്റിവൽ, നിശാഗന്ധി ഫെസ്റ്റിവൽ, ചിദംബരം നാട്യാഞ്ചലി ഡാൻസ് ഫെസ്റ്റിവൽ. ഇന്ത്യ ഫെസ്റ്റ് അബുദാബി, യു.എ.ഇ എന്നിവിടങ്ങളിൽ നൃത്തം അവതരിപ്പിച്ചിട്ടുണ്ട്. നിലവിൽ കാസർകോഡ് കാഞ്ഞങ്ങാട് സ്വന്തമായി ശിവനാട്യ സ്കൂൾ ഓഫ് ഡാൻസ് എന്ന സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ കൂടിയാണ്.

## സിദ്ധാർത്ഥ് അജിത് കുമാർ

തിരുവനന്തപുരം കരമന സ്വദേശി. സാമൂഹ്യ കാരുണ്യ പ്രവർത്തകൻ, കൗൺസിലർ, കൈഗോ ഹോം ഹെൽത്ത് കെയർ ഡയറക്ടർ. കൈഗോ ഹോം ഹെൽത്ത് കെയർ വഴി ഡോക്ടർ കൺസൽട്ടേഷൻ, ചികിത്സകൾ, ഫിസിയോ തെറാപ്പി, മെഡിക്കൽ ഉപകരണങ്ങൾ വാടകയ്ക്ക് നൽകൽ, മരുന്ന് ഡെലിവറി എന്നിവ ചെയ്തുവരുന്നു. വൃദ്ധസദനങ്ങളിൽ സൗജന്യമായി മെഡിക്കൽ ക്യാമ്പുകളും, ബ്ലഡ് ടെസ്റ്റും നടത്തുന്നുണ്ട്. കൗൺസിലിംഗ് മുഖേനെ സ്കൂളുകളിലെ കുട്ടികളുടെ സ്ട്രസ്സ് കുറയ്ക്കാനായിട്ട് മാർഗ്ഗങ്ങളും കൗൺസിലിംഗ് മുഖേനെ പഠിപ്പിച്ചു കൊടുക്കുന്നു.

# 'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു

'ഭാരത് സേവക്' ബഹുമതികൾ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു


ചന്ദ്രശേഖരൻ .ഇ


സുചിത്ര.എസ്


അജി ബഷീർ


സന്തോഷ് കൊണ്ടൂർ


സുരേഷ്കുമാർ. എൻ


ശ്രീദേവി.വി.കെ

### ചന്ദ്രശേഖരൻ .ഇ

മലപ്പുറം വട്ടംകുളം സ്വദേശി.ഗായകൻ, ആങ്കർ, അഭിനേതാവ്. നൂറോളം സ്റ്റേജുകളിൽ പാടിയിട്ടുണ്ട്. ഒട്ടേറെ സ്റ്റേജുകളിൽ ആങ്കറായി പ്രവർത്തിച്ചു. നാടകങ്ങളിൽ അഭിനയിച്ചിട്ടുമുണ്ട്. നിലവിൽ ഉമ്മർകുട്ടി സാംസ്കാരിക കേന്ദ്രത്തിലെ ഗായകനാണ്. നാട്ടിലെ താരം എന്ന യുട്യൂബ് ചാനലിൽ നാടകഗാന എപ്പിസോഡിൽ അഭിനയിച്ചിട്ടുണ്ട്. കവിതകളും പാടി അഭിനയിച്ചിട്ടുണ്ട്. നിലവിൽ വട്ടകുളം അമ്പിളികലാ സമിതിയുടെ പ്രസിഡന്റായി പ്രവർത്തിക്കുന്നു.

### സുചിത്ര.എസ്

കൊല്ലം സ്വദേശി. നർത്തകി. ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി, നാടോടി നൃത്തം എന്നിവയിൽ പ്രാവണ്യം നേടിയിട്ടുണ്ട്. കൊല്ലത്തെ വിവിധ സ്കൂൾ, അക്കാദമികളിൽ നൃത്ത അദ്ധ്യാപികയായി തുടരുകയും അഞ്ഞൂറോളം കുട്ടികളെ നൃത്തം പഠിപ്പിച്ചു. പെരുമണ്ണിൽ സ്വസ്തി അക്കാദമി ഓഫ് ആർട്സ് എന്ന കലാ കേന്ദ്രം സ്ഥാപിച്ചു. അതിന്റെ മാനേജിംഗ് ഡയറടക്ടർ കൂടിയാണ്. ഇവിടെ നൃത്തത്തിന് പുറമെ ചെണ്ട, കീബോർഡ്, ഗിറ്റാർ, വയലിൻ, മ്യൂസിക് എന്നിവയെല്ലാം കുട്ടികളെ പഠിപ്പിക്കുന്നുണ്ട്. കൊല്ലം കൊട്ടിയം ആസ്ഥാനമായി നടന്ന സാംസ്കാരിക മത്സരത്തിൽ മികച്ച നൃത്ത ആവീഷ്കാരത്തിനുള്ള പുരസ്കാരം, കൊല്ലം ഏഴാംമൈൽ ആസ്ഥാനമായി നടന്ന നൃത്ത ആവിഷ്കാരത്തിനുള്ള പുരസ്കാരം, ദേശീയഗാനം ശാസ്ത്രീയമായി അവതരിപ്പിച്ചതിനുള്ള പുരസ്കാരം തുടങ്ങിയവയും വിവിധ സ്റ്റേജ് പ്രോഗ്രാമുകൾക്കുള്ള ധാരാളം പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

### അജി ബഷീർ

വയനാട് കൽപ്പറ്റ സ്വദേശി. കവയിത്രി, ചെറുകഥാകൃത്ത് കവിതകളും ചെറുകഥകളും എഴുതിയിട്ടുണ്ട്. നവ മാധ്യമങ്ങളിലും കവിതകളും, കഥകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്, മഷികൂട് സർഗ്ഗ സാഹിത്യ വേദി പുരസ്കാരവും ലഭിച്ചിട്ടുണ്ട്. നീല തൂവാല എന്ന ചെറുകഥയ്ക്ക് ശ്രീ ചിത്തിര തിരുനാൾ അവാർഡ്, ഗോവ മലയാളി അസോസിയേഷൻ മഷിക്കൂട് അവാർഡ്, പെണ്ണെഴുത്തിടം അവാർഡ്, മന്ദാരം കവിതാ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. പുരോഗമന കലാസാഹിത്യ വേദി വനിതാ സാഹിതി സംസ്ഥാന കമ്മറ്റി അംഗവും, സംസ്ഥാന എക്സീക്യൂട്ടിവ് അംഗവും, ഫിലമെന്റ് കലാസാംസ്കാരിക വേദി സംസ്ഥാന കമ്മറ്റി അംഗവും, പെണ്ണെഴുതിടം എഡിറ്റോറിയൽ ബോർഡ് അംഗം, കേരള സംഗീത നാടക അക്കാദമി ജില്ലാ കേന്ദ്ര എക്സീക്യൂട്ടിവ് അംഗവും, ലിറ്ററേച്ചർ ഓഫ് വയനാട് എക്സീക്യൂട്ടീവ് അംഗവും ആണ്.

### സന്തോഷ് കൊണ്ടൂർ

മലപ്പുറം കോട്ടയ്ക്കൽ സ്വദേശി. സാമൂഹ്യ പ്രവർത്തകൻ, ലീമാക്സ് ബിൽഡേഴ്സ് ആന്റ് ഡവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഡയറക്ടർ ആണ്. ജില്ലയിലെ തിരഞ്ഞെടുത്ത കോളനികളിലെ നിർദ്ധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുവാൻ വേണ്ടിയുള്ള സർവ്വേയിൽ മുഖ്യ പങ്ക് വഹിച്ചുകൊണ്ടിരിക്കുന്നു. സായ് സംഘടനയുടെ ജീവകാരുണ്യ പ്രവർത്തകനും, മലപ്പുറം ജില്ലാ ബ്ലഡ്ഡ്ഡോണേഴ്സ് ക്ലബ്ബിലെ മെമ്പറായും പ്രവർത്തിച്ച് കൊണ്ടിരിക്കുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിലെ നിർധനരായ രോഗികളുടെ കൂട്ടിരിപ്പുകാർക്കുള്ള ഉച്ചഭക്ഷണ വിതരണത്തിൽ വീടുകൾതോറും കയറി കളക്ട് ചെയ്ത് സമയബന്ധിതമായി വിതരണം ചെയ്യുന്നു. നിലവിൽ കെ.കെ.എസ്.എന്ന സന്നദ്ധ സംഘടനയുടെ ജില്ലാ ജോയിന്റ് സെക്രട്ടറിയും, കോട്ടക്കൽ യൂണിറ്റിന്റെ സെക്രട്ടറിയായും പ്രവർത്തിക്കുന്നു.

### സുരേഷ്കുമാർ. എൻ


തിരു: ചുള്ളിമാന്നൂർ സ്വദേശി. കാട്ടാക്കട കൃഷിഭവനിൽ അസിസ്റ്റന്റ് കൃഷി ഓഫീസറായി ജോലി നോക്കുന്നു. 25 വർഷത്തിൽ അധികമായി കാർഷികമേഖലയിൽ സേവനം ചെയ്തു വരുന്നു. മികച്ച കൃഷി ഉദ്യോഗസ്ഥനുള്ള ജില്ലാതല അവാർഡ് അടക്കം ഒട്ടനവധി അവാർഡുകളും പുരസ്ക്കാരങ്ങളും നേടിയിട്ടുണ്ട്. സെക്രട്ടറിയേറ്റിന്റെ ഗാർഡൻ സൂപ്രണ്ടായി ആയി 10 വർഷം പ്രവർത്തിച്ചിട്ടുണ്ട്. എൻ.എസ്സ്.എസ്സുമായി ചേർന്നു ആദിവാസി തോട്ടം തൊഴിലാളികൾ എന്നിവരുമായി ചേർന്ന് ഈ മേഖലകളിൽ കാരുണ്യപ്രവർത്തനം നടത്തുന്നതിനോടൊപ്പം ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ പ്രചാരണങ്ങളും നടത്തിവരുന്നു. സർക്കാർ അനുമതിയോടെയും ആരുടെയും ഒരു തുകയും കൈപറ്റാതെ നിരന്തരം കാർഷികമേഖലയിൽ പ്രവർത്തിക്കുന്നു.

### ശ്രീദേവി.വി.കെ

കോഴിക്കോട് അത്തോളി സ്വദേശി. നർത്തകി. ഭരതനാട്യം, മോഹിനിയാട്ടം തുടങ്ങിയ നൃത്തകലകളിൽ പ്രാവണ്യം നേടിയിട്ടുണ്ട്. 25 വർഷമായി നൃത്തരംഗത്ത് പ്രവർത്തിച്ചു വരുന്നു. നിരവധി കുട്ടികളെ നൃത്തം പഠിപ്പിച്ചു. അത്തോളിയിൽ മയൂര കലാക്ഷേത്രയിൽ പാവപ്പെട്ട കുട്ടികൾക്ക് വേണ്ടി ക്ലാസ്സ് നടത്തുന്നു. അത്തോളി മയൂര കലാക്ഷേത്ര രണ്ട് ശാഖകളായി പ്രവർത്തിച്ചുവരുന്നു. അനവധി കുട്ടികളെ ഗുരുവായൂർ അമ്പലത്തിൽ അരങ്ങേറ്റം നടത്തിയിട്ടുണ്ട്. ധാരാളം കലോത്സവ വേദികളിൽ ജഡ്ജായി പോകാറുണ്ട്. നിലവിൽ പ്രോമിസ് ഇൻർനാഷണൽ സ്കൂളിൽ നൃത്ത അദ്ധ്യാപികനാണ്.


ബിന്ദു രാഘുവരൻ


അഞ്ജലി രാജ് എസ്.ആർ


എൻ.പി. ബാലകൃഷ്ണൻ ആചാരി


ഗീതാലക്ഷ്മി


രതീഷ്


കെ.എൻ. ഗോപാലകൃഷ്ണൻ

### ബിന്ദു രാഘുവരൻ

പത്തനംതിട്ട ജില്ലയിൽ ഇലന്തൂർ സ്വദേശിനി. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി 1999- ൽ നാടകരംഗത്തെത്തി. തുടർന്ന് വിവിധ പ്രൊഫഷണൽ നാടക സമിതികളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു. കെസ്‌ക എന്ന കലാ സാംസ്കാരിക സംഘടന തിരുവനന്തപുരത്ത് സംഘടിപ്പിച്ച അഖില കേരള നാടക മത്സരത്തിൽ നടിക്കുള്ള അവാർഡിന് അർഹയായി. 23 വർഷമായി കല ഒരു പ്രഫഷനായും പാഷനായും കൊണ്ടു നടക്കുന്നു. കൈലാസ് പ്രൊഡക്ഷന്റെ ബാനറിൽ ബാബു താന്നിക്കുടം തിരക്കഥ എഴുതിയ മെഗാപരമ്പരയിൽ 500 എപ്പിസോഡ് പൂർത്തിയാക്കി.

### അഞ്ജലി രാജ് എസ്.ആർ

കന്യാകുമാരി പളുകൽ സ്വദേശി. നർത്തകി. മോഹിനിയാട്ടം, ഭരതനാട്യം, കേരളനടനം, ശാസ്ത്രീയ സംഗീതം എന്നീ കലകളിൽ പ്രാവണ്യം നേടിയിട്ടുണ്ട്. 2024-ൽ കൊച്ചിയിൽ നടന്ന മൃദംഗനാദം ഭരതനാട്യം ഗിന്നസ് വേൾഡ് റിക്കാർഡിൽ പങ്കെടുത്തിട്ടുണ്ട്. പാവപ്പെട്ട കുട്ടികൾക്ക് തുച്ഛമായ ഫീസ് വാങ്ങി പരിശീലനം നൽകി വരുന്നു. നിലവിൽ കാരകോണം സെൻട്രൽ സ്കൂളിൽ നൃത്ത അദ്ധ്യാപികയായി ജോലി ചെയ്യുന്നു. ഇതുകൂടാതെ വീട്ടമ്മമാരെയും ഇതിൽ ഉൾകൊള്ളിക്കുന്നുണ്ട്. ധാരാളം ക്ഷേത്രങ്ങളിൽ നിന്ന് മികച്ച നൃത്ത അദ്ധ്യാപികയ്ക്കുള്ള അവാർഡ് നേടിയിട്ടുണ്ട്.

### എൻ.പി. ബാലകൃഷ്ണൻ ആചാരി

കോട്ടയം ജില്ലയിലെ തൃക്കോതമംഗലം സ്വദേശി. ക്ഷേത്ര അടിയന്തിരമേളം, കഥകളിയിൽ ചെണ്ട എന്നിവ പഠിച്ച് 16 വർഷം തൊഴിലായി ചെയ്തു. ഈ പരമ്പരാഗത തൊഴിലും അറിവും 400 ൽ പരം ശിഷ്യന്മാർക്ക് പകർന്നു നൽകികൊണ്ടും അവരുമായി സഹകരിച്ചുകൊണ്ടും വിവിധ ഇടങ്ങളിൽ പരിപാടികൾ നടത്തികൊണ്ടിരിക്കുന്നു. പാരമ്പര്യ തൊഴിലായ ക്ഷേത്ര നിർമ്മാണത്തിൽ വൈദഗ്ധ്യം നേടുകയും ചെയ്തിട്ടുണ്ട്. 200 ഓളം പുതിയ ക്ഷേത്രങ്ങൾ നിർമ്മിക്കുകയും പുതുക്കി പണിയുകയും ചെയ്തിട്ടുണ്ട്.

### ഗീതാലക്ഷ്മി

ആലപ്പുഴയിൽ പള്ളിപ്പാട് മുട്ടം സ്വദേശിനി. ഹൈസ്ക്കൂളിൽ പഠിക്കുന്ന കാലം മുതൽ എഴുതുമായിരുന്നു. 2024 ൽ തന്റെ രചനക്ക് മലയാറ്റൂർ മാധവമുരളി പുരസ്കാരം ഏറ്റുവാങ്ങി. ഗോവയിൽ നിന്നും പുരസ്കാരം ലഭിച്ചിട്ടുണ്ട്. ഒരു പുസ്തകം പ്രകാശനത്തിന് ഒരുങ്ങുന്നു. 2025 ഏപ്രിലിൽ അശ്വതി തിരുനാൾ റാണി ലക്ഷ്മിഭായി തമ്പുരാട്ടിയിൽ നിന്നും കലാസാഹിത്യ സംസ്കൃതിയിൽ നിന്നും പുരസ്കാരം ലഭിച്ചു.

### രതീഷ്

തിരുവനന്തപുരം കാച്ചാണി സ്വദേശി. 15 വർഷമായി സാമൂഹ്യ പ്രവർത്തനമേഖലയുമായി ബന്ധപ്പെട്ടു പോകുന്നു. ആശുപത്രികളിൽ പ്രത്യേകിച്ചും തിരു. മെഡിക്കൽകോളേജ് ആശുപത്രിയിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഉച്ചഭക്ഷണം എത്തിക്കുന്നതിൽ ഒരു പ്രതിഫലവും വാങ്ങാതെ ഭക്ഷണപൊതികൾ എത്തിക്കുന്നു. മിത്രം ചാരിറ്റബിൾ ട്രസ്റ്റുമായും ചേർന്ന് നിർധനരായവരെ സഹായിക്കുന്നു. അക്ഷരദീപ പുരസ്കാരം, നിലാവ് എന്ന സംഘടനയുടെ മദർതെരേസ അവാർഡ്, വീഡിയോ സിഡിയുടെ മോനിഷ ഫിലിം അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

### കെ.എൻ. ഗോപാലകൃഷ്ണൻ

തിരുവല്ലാ ഒതറ സ്വദേശി. പാരമ്പര്യമായി ലഭിച്ച ജ്യോതിഷവും കോലമെഴുത്തും മുത്തച്ഛനിൽ നിന്നും അച്ഛനിൽ നിന്നും ലഭിച്ചു. കഴിഞ്ഞ 55 വർഷങ്ങളായി ഈ മേഖലയിൽ സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കുകയും അവയുടെ വളർച്ചയ്ക്കായി അഹോരാത്രം പ്രയത്നിക്കുകയും ചെയ്തുവരുന്നു. ജ്യോതിഷശാസ്ത്രം സത്യസന്ധമായും ചിട്ടയുള്ള ഒരു ജീവിത ചര്യയായി കണ്ടുകൊണ്ട് ആയിരക്കണക്കിന് മനുഷ്യരിലേക്ക് അതിന്റെ ഗുണ ഫലങ്ങൾ എത്തിക്കുന്നു.


ഹരിനാരായണൻ


സുരേഷ്കുമാർ. ആർ


മീനാക്ഷി മഞ്ഞപ്ര


ബിൻസി വർഗീസ്


ആശാസുധി


സുപ്രിയ രമേഷ്


ഷബീര കളക്കാട്ട്

### ഹരിനാരായണൻ

ആലുവ കണിയാൻകുന്ന് കടുങ്ങല്ലൂർ സ്വദേശി. ജ്യോതിഷപഠനത്തിനുശേഷം കേരളത്തിനകത്തും പുറത്തുമുള്ള നൂറുകണക്കിന് ക്ഷേത്രങ്ങളിലും മറ്റും ദേവപ്രശ്നങ്ങൾ നടത്തുവാൻ കഴിഞ്ഞു. താംബൂല പ്രശ്നം, അഷ്ടമംഗലപ്രശ്നം എന്നിവ കൈകാര്യം ചെയ്യുന്നു. കാമാക്ഷി ജ്യോതിഷാലയത്തിലൂടെ നേരിട്ടും ഓൺലൈനായും പൊതുജനങ്ങൾക്ക് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു. ജ്യോതിഷകേസരി ജ്യോതിഷ ഭൂഷണം എന്നീ പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. പെരുമ്പാവൂർ സാവർണ്ണി ഗുരുകുല ജ്യോതിഷവിദ്യാലയത്തിന്റെ ഡയറക്ടറായും ജ്യോതിഷവിചാര സംഘത്തിന്റെ കളമശ്ശേരി മേഖലാ സെക്രട്ടറിയായും ഇപ്പോൾ സേവനം അനുഷ്ഠിക്കുന്നു.

### സുരേഷ്കുമാർ. ആർ

ആലപ്പുഴ ജില്ലയിൽ എടത്വാ സ്വദേശി 1987 മുതൽ ജ്യോതിഷശാസ്ത്രപഠനം ആരംഭിച്ചു. 1999 മുതൽ പ്രവർത്തിപഥത്തിൽ കൊണ്ടുവന്നു. നിരവധി സപ്താഹങ്ങൾക്ക് ആചാര്യത്വം വഹിച്ചിട്ടുണ്ട്. വേദാന്തപഠനങ്ങൾ ജ്യോതിഷത്തെ പാരമ്പര്യവഴിയിൽ സഞ്ചരിക്കുവാൻ പ്രചോദനം നല്കുന്നു എന്ന് മനസ്സിലാക്കി ജ്യോതിഷം കൈകാര്യം ചെയ്യുന്നു.

### മീനാക്ഷി മഞ്ഞപ്ര

പാലക്കാട് ജില്ലയിലെ മഞ്ഞപ്ര സ്വദേശിനി. കലയോടുള്ള താത്പര്യംകൊണ്ട് ജോലി ഉപേക്ഷിച്ച് മുഴുവൻ സമയവും അഭിനയത്തിനായി മാറ്റിവച്ചു. തുടർന്ന് സീരിയൽ സിനിമ അഭിനയത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. വിവിധ സിനിമകളിൽ അഭിനയിച്ചു. തമിഴിലും ഇംഗ്ലീഷിലും നല്ല പ്രാവീണ്യമുള്ളതിനാൽ സീരിയലുകൾക്കും ഷോർട്ട് ഫിലിമുകൾക്കും ശബ്ദം നൽകുവാൻ സാധിച്ചു..

### ബിൻസി വർഗീസ്

തൃശൂർ ജില്ലയിലെ പുത്തൂർ സ്വദേശിനി. അഭിനേത്രി. മെഗാപരമ്പരകളിലും സീരിയലുകളിലും നിരവധി ഷോർട്ട് ഫിലിമുകളിലും അഭിനയിക്കുന്നു. സമൂഹത്തിന് നല്ല സന്ദേശങ്ങൾ നൽകാൻ കഴിയുന്ന വേഷങ്ങളിൽ അഭിനയിക്കാനാണ് താൽപര്യം.

### ആശാസുധി

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് സ്വദേശിനി. 13 വർഷമായി ഹൈസ്ക്കൂൾ അധ്യാപികയായി ജോലി നോക്കുന്നു. കലയോടുള്ള താല്പര്യംകൊണ്ട് അഭിനയ രംഗത്തേക്ക് വന്നു. നിരവധി ഷോർട്ട് ഫിലിമുകൾ, ആൽബം എന്നിവ ചെയ്തു. സിനിമാ സീരിയൽ ഒരു പാഷൻ ആയി കണ്ടുകൊണ്ട് അധ്യാപനവും അഭിനയവും ഒരുപോലെ ചെയ്തുവരുന്നു.

### സുപ്രിയ രമേഷ്

കൊല്ലം ജില്ലയിൽ വെട്ടിക്കവല സ്വദേശിനി. എഴുത്തുകാരി, സോഷ്യൽ മീഡിയ മുഖ പുസ്തകത്തിലൂടെ എഴുത്തിലേക്ക് വന്നു. കഥ, കവിത, ആസ്വാദനം, അവലോകനം എന്നിവ എഴുതാറുണ്ട്. "എന്റെ തൂലികാവസന്തങ്ങൾ" എന്ന ആദ്യ കവിത മഞ്ജരി ബുക്സിലൂടെ 2023 ൽ പ്രസിദ്ധീകരിച്ചു. മഞ്ജരി പബ്ലിക്കേഷൻ എഴുത്തച്ഛൻ പുരസ്കാരം, കേരള ബുക്ക് ഓഫ് റെക്കാർഡ് വിവിധ മികച്ച സാഹിത്യ പ്രതിഭാ പുരസ്കാരം എന്നിവ നേടി. ലോകത്തിലെ ഏറ്റവും വലിയ സാഹിത്യ പുസ്തകമായ ഗിന്നസ് പെൻഡ്രൈവിൽ തന്റെ കവിത ഉൾപ്പെട്ടിട്ടുണ്ട്. എറണാകുളം കിറ്റക്സ് അപ്പാരലിൽ ക്വാളിറ്റി ഓഡിറ്റർ വിഭാഗത്തിൽ ജോലി ചെയ്യുന്നു.

### ഷബീര കളക്കാട്ട്

ഇരിങ്ങാലക്കുട സ്വദേശി.പഠനകാലത്ത് നാട്ടിലെ കലാസാഹിത്യ മേഖലകളിൽ സജീവമായിരുന്നു. പ്രശസ്തരായ സിനിമാനടന്മാരും നാടക നടന്മാരോടുമൊപ്പവും അഭിനയിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. പത്രമാസികകളിൽ കഥയും കവിതയും എഴുതുന്നുണ്ട്. സിനിമകളിൽ ചെറിയ വേഷത്തിൽ അഭിനയിക്കാൻ സാധിച്ചിട്ടുണ്ട്. ഷോർട്ട് ഫിലിമുകളിൽ വേഷം ചെയ്തു വരുന്നു. എഡിറ്റിംഗ് രംഗത്തും സജീവം.

(1-ാം പേജിൽ നിന്നും തുടർച്ച)

# ജീൻ വില്ലെപ്ര്യൂക്സ്-പവർ ആദ്യത്തെ അക്വേറിയം

മെസീനയിൽ താമസമാക്കി. 25 വർഷത്തെ സിസിലിയിലെ താമസമാണ് അവരുടെ ജീവിതത്തിൽ വഴിത്തിരിവായത് . അവർ ഭൂമിശാസ്ത്രം, പുരാവസ്തുശാസ്ത്രം, പ്രകൃതി ചരിത്രം എന്നിവ പഠിക്കാൻ തുടങ്ങി. അവർ സെഫലോപോഡുകളെയും മറ്റ് സമുദ്രജീവികളെയും കുറിച്ച് കൂടുതൽ സമഗ്രമായ പഠനം നടത്താൻ തുടങ്ങിയപ്പോൾ കരയിലെ മൃഗങ്ങളെ എളുപ്പത്തിൽ നിരീക്ഷിക്കാൻ കഴിയുമെങ്കിലും, സമുദ്രജീവികളെ പരിശോധിക്കുന്നത് വളരെ ബുദ്ധിമുട്ടാണെന്ന് മനസിലാക്കി അതിനായി ഒരു ഗ്ലാസ് എൻക്ലോഷർ വികസിപ്പിക്കാനുള്ള ശ്രമം ആരംഭിച്ചു.

ഒടുവിൽ വെള്ളത്തിനകത്തും പുറത്തും ജീവനുള്ള സമുദ്രജീവികളെക്കുറിച്ച് പഠിക്കുന്നതിനായി മൂന്ന് പ്രവർത്തന മാതൃകകൾ വികസിപ്പിച്ചെടുത്തു. ആദ്യത്തേത് ഇന്ന് നമുക്കറിയാവുന്ന അക്വേറിയമായിരുന്നു; സമുദ്രത്തിൽ മുങ്ങിയ ഒരു കേസിനാൽ ചുറ്റപ്പെട്ടതായിരുന്നു രണ്ടാമത്തെ ഗ്ലാസ്; മൂന്നാമത്തേത് മോളസ്കുകൾ പോലുള്ള വലിയ സമുദ്രജീവികൾക്കായി സമുദ്രത്തിൽ മുക്കിയ നങ്കൂരമിട്ട കൂടും.

അക്കാലത്ത് അത് വിപ്ലവകരമായ കണ്ടുപിടുത്തമായിരുന്നു. കാരണം ചില ഇനം നീരാളികൾക്ക് അവയുടെ ഇരയുടെ ഷെല്ലുകൾ തുറക്കാൻ ഉപകരണങ്ങൾ ഉപയോഗിക്കാൻ കഴിയുമെന്ന് ആദ്യമായി രേഖപ്പെടുത്തിയത് അവരായിരുന്നു. ആഴം കുറഞ്ഞ വെള്ളത്തിൽ ജീവികളെ നിരീക്ഷിക്കാൻ കഴിയുന്ന ഗ്ലാസ് അക്വേറിയത്തിന്റെ വ്യത്യസ്ത മാതൃകകളും വ്യത്യസ്ത ആഴങ്ങളിലേക്ക് താഴ്ത്താൻ കഴിയുന്ന ഒരു കൂടുപോലുള്ള പോലുള്ള രൂപകൽപ്പനയും ജീൻ വില്ലെപ്ര്യൂക്സ്-പവർ സൃഷ്ടിച്ചു, ഇത് സമുദ്ര ജീവശാസ്ത്ര ഗവേഷണത്തിന്റെ സാധ്യതകൾ വർദ്ധിപ്പിച്ചു.

മറൈൻ ബയോളജി മേഖലയിലെ അവരുടെ മികച്ച പ്രവർത്തനങ്ങൾ വില്ലെപ്ര്യൂക്സ്-പവറിനെ കാറ്റാനിയ അക്കാദമിയയിലെയും മറ്റ് നിരവധി ശാസ്ത്ര അക്കാദമികളിലെയും ആദ്യത്തെ വനിതാ അംഗമാക്കി. ജീൻ വില്ലെപ്ര്യൂക്സ്-പവറിന്റെ സംഭാവനകൾ ഇന്നും ഉപയോഗത്തിലുണ്ട്, അത് പലതവണ മെച്ചപ്പെടുത്തിയിട്ടുണ്ടെങ്കിലും, കാതലായ ആശയം നിലനിൽക്കുന്നു. ലോകമെമ്പാടും ഇതിനകം 200-ലധികം സമുദ്ര അക്വേറിയങ്ങളും സമുദ്രജീവി കേന്ദ്രങ്ങളും ഉണ്ട്. അക്കാദമിക് കോൺഫറൻസുകളിൽ പ്രസംഗിക്കാനോ കോളേജുകളിൽ ചേരാനോ ശാസ്ത്ര സമൂഹത്തിൽ പ്രവർത്തിക്കാനോ സ്ത്രീകൾക്ക് അനുവാദമില്ലാത്തതിനാൽ, അവരുടെ ഫലങ്ങൾ ഒരു പ്രോക്സി വഴി ലോകമെമ്പാടും പ്രചരിപ്പിച്ചു. ചാൾസ് ഡാർവിനു മുമ്പ് ബ്രിട്ടനിലെ പ്രമുഖ ശാസ്ത്രജ്ഞനായിരുന്ന സർ റിച്ചാർഡ് ഓവൻ അവരുടെ ഗവേഷണം ലണ്ടൻ സുവോളജിക്കൽ സൊസൈറ്റിയിൽ അവർക്കുവേണ്ടി അവതരിപ്പിച്ചു. അവരുടെ പരീക്ഷണങ്ങളിലുടനീളം അവർ പരസ്പരം ആശയവിനിമയം നടത്തിയിരുന്നു. അവരുടെ ഗവേഷണം ജർമ്മൻ, ഫ്രഞ്ച്, ഇംഗ്ലീഷ് ഭാഷകളിൽ വേഗത്തിൽ പ്രസിദ്ധീകരിക്കപ്പെടുകയും യൂറോപ്പിലുടനീളം വേഗത്തിൽ വ്യാപിക്കുകയും ചെയ്തു.

1843-ൽ വില്ലെപ്ര്യൂക്സ്-പവറും ഭർത്താവും സിസിലി വിട്ടു, അവരുടെ പല രേഖകളും ശാസ്ത്രീയ ചിത്രങ്ങളും നഷ്ടപ്പെട്ടു. എങ്കിലും അവർ എഴുത്ത് തുടർന്നു. 1870-ലെ ശൈത്യകാലത്ത് പ്രഷ്യൻ സൈന്യത്തിന്റെ ഉപരോധത്തിനിടെ അവർ പാരീസിൽ നിന്ന് ജൂലിയാക്കിലേക്ക് മടങ്ങി.1871 ജനുവരിയിൽ അവർ മരിച്ചു വളരെക്കാലം കഴിഞ്ഞ്, 1997 ൽ മാത്രമാണ് അവരുടെ കൃതികൾ വീണ്ടും കണ്ടെത്തിയത്. 1997 ൽ മഗല്ലൻ പേടകം കണ്ടെത്തിയ ശുക്രനിലെ ഒരു ഗർത്തത്തിന് അവരുടെ ഓർമക്കായി 'വില്ലെപ്ര്യൂക്സ്-പവർ' എന്ന പേര് നൽകി.

(1-ാം പേജിൽ നിന്നും തുടർച്ച)

# 'ഭൂദാൻ യജ്ഞ'ത്തിന് ഏറ്റവും കൂടുതൽ ഭൂമി നൽകിയത് കെ. മുരളീധരന്റെ ഭാര്യയുടെ കുടുംബം: ബി.എസ്. ബാലചന്ദ്രൻ

ഗവൺമെന്റിന് തിരികെ നൽകുകയായിരുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ദേശീയത തുളുമ്പുന്ന മനസ്സിനുടമയാണ് കെ. മുരളീധരൻ എന്നതിന് മകുടോദാഹരണമാണിതെന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട് അതുകൊണ്ടുതന്നെ ദേശീയതയുടെ ഭാഗമായുള്ള ദേശീയ ഖാദി ദിനാഘോഷ പരിപാടി ഉദ്ഘാടനം ചെയ്യാൻ ഏറ്റവും അനുയോജ്യനായ വ്യക്തിതന്നെയാണ് കെ. മുരളീധരനെന്നും ബി.എസ്. ബാലചന്ദ്രൻ പറഞ്ഞു. ഗവൺമെന്റിന്റെ പക്കലുള്ള നിക്ഷിപ്ത വനഭൂമി സ്വന്തമാക്കുവാൻ ഓരോരുത്തരും നടത്തുന്ന കുത്സിത ശ്രമങ്ങളോർക്കുമ്പോഴാണ് ലീഡറുടെ പുത്രൻ കെ. മുരളീധരന്റെ ഹൃദയ വിശാലതയും നൈർമല്യവും വ്യക്തമാവുന്നത്. ഭാരതത്തിന്റെ ആത്മാവുമായി അലിഞ്ഞുചേർന്നുള്ള മാനസിക ഭാവം തന്നെയാണിത്. ആയിരക്കണക്കിന് ഏക്കർ ഭൂമി പോയിട്ട് ഒരേക്കർ ഭൂമിക്കുവേണ്ടിയോ ഒരു സെന്റ് ഭൂമിക്കുവേണ്ടിയോ പോലും കാട്ടിക്കൂട്ടുന്ന അതിക്രമങ്ങൾ നമുക്കു ചുറ്റും കാണാനാവും.

അത്തരമൊരു കാലഘട്ടത്തിലാണ് സർക്കാർ വിട്ടുനൽകിയ ഭൂമി തന്നെ ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി കെ. മുരളീധരരൻ ഗവൺമെന്റിന് തിരിച്ചുനൽകിയത്. ഇത്തരത്തിലുള്ള ദേശീയത തുളുമ്പുന്ന മനസ്സിനുടമകളെയാണ് രാജ്യത്തിനും ജനങ്ങൾക്കും ആവശ്യം- ബി.എസ്. ബാലചന്ദ്രൻ പറഞ്ഞു. കെ. മുരളീധരന്റെ ശ്വശൂരൻ ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി 3600 ഏക്കർ ഭൂമിയാണ് വിനോബാജിക്ക് കൈമാറിയത്. ദേശീയ ഖാദിദിനാഘോഷ പരിപാടികളുടെ ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷ പ്രസംഗം നടത്തവേ ബി.എസ്. ബാലചന്ദ്രൻ പറഞ്ഞു.

ശരീരശുദ്ധിക്കൊപ്പം മനഃശുദ്ധിയും ഉണ്ടാവണമെന്നാണ് മഹാത്മാഗാന്ധി നമ്മെ പഠിപ്പിച്ചത്. അത്തരം ഒരാശയം തന്നെയാണ് ഗാന്ധിഭാരതിനുമുള്ളത്. "ഗാന്ധിഭാരത്' എന്നത് ഒരാശയമാണ്. ഈ ആശയം സർവ്വയിടങ്ങളിലും എത്തിക്കുക എന്നതാണ് ലക്ഷ്യം. ഖാദി പ്രസ്ഥാനത്തെ പരിപോഷിപ്പിക്കുക എന്നത് ഭാരതത്തിലെ ഓരോ പൗരന്റെയും കടമയായി കാണണം- അദ്ദേഹം കൂട്ടിച്ചേർത്തു.

# ജ്യോതിഷം: സത്യമോ മിഥ്യയോ

(1-ാം പേജിൽ നിന്നും തുടർച്ച)



മറഞ്ഞു. ജ്യോതിഷത്തിൽ അഗാധ പാണ്ഡിത്യമുള്ള രാമസ്വാമി മകൻ ജനിച്ചപ്പോൾ കുട്ടിയുടെ ജാതകം പരിശോധിച്ചു. 1943 ജൂൺ 3 ന് മധുര ജില്ലയിലെ പന്നൈപുരം ഗ്രാമത്തിൽ ജനിച്ച തന്റെ മകന്റെ ജാതകം കൃത്യമായ ജനനസമയവും ജനനസ്ഥലവും വച്ച് ഗണിച്ചു നോക്കിയ ശേഷം ഭാര്യ ചിന്നത്തായി അമ്മാളിനോടു പറഞ്ഞു; "നിനക്കു സന്തോഷിക്കാം... നിന്റെ മകൻ വലിയവനാകും. മറ്റുള്ളവർ അവനെ ബഹുമാനിക്കും. അവന് ഒട്ടേറെ സമ്മാനങ്ങൾ ലഭിക്കും. പണവും പ്രശസ്തിക്കും വേണ്ടുവോളം നേടുന്ന അവൻ ഭാഗ്യശാലിയായിരിക്കും. ഇതെല്ലാം കണ്ട് നിനക്ക് സന്തോഷിക്കാം..." ഭർത്താവിന്റെ വാക്കുകൾ കേട്ട് സന്തോഷം തോന്നിയെങ്കിലും അദ്ദേഹത്തിന്റെ വരികൾക്കിടയിലെ നിഗൂഢത അമ്മാളിനെ ആശങ്കാകുലയാക്കി. അവർ ചോദിച്ചു: "എനിക്കു സന്തോഷിക്കാം എന്നു പറയുമ്പോൾ നിങ്ങൾക്കു സന്തോഷമില്ലേ..." "അതിനു ഞാനുണ്ടായിട്ടു വേണ്ടേ....?" എന്നായിരുന്നു രാമസ്വാമിയുടെ മറുപടി. ഇതുകേട്ട് സ്തംഭിച്ചു നിന്ന അമ്മാളിനെ ആശ്വസിപ്പിച്ചുകൊണ്ട് രാമസ്വാമി പറഞ്ഞു: "ഇവന്റെ ജാതക പ്രകാരം ഇവനു പത്തുവയസ്സാകുമ്പോഴേക്കും ഇവന്റെ പിതാവ് ഉണ്ടാകില്ല." പ്രവചിച്ചത് ഫലിച്ചു. 1953 ൽ രാമസ്വാമി ദിവംഗതനായി.

എഴുത്തുകാരനും ബി.എസ്.എസ് ചെയർമാനുമായ ബി.എസ്. ബാലചന്ദ്രൻ സാറിനും ഏതാണ്ടിതുപോലൊരു അനുഭവമുണ്ടായിട്ടുണ്ട്. മുൻപ് ഒരുനാൾ അദ്ദേഹത്തെ കാണുവാനായി പ്രഗത്ഭനായ ഒരു ജ്യോത്സ്യൻ വീട്ടിലെത്തി. സംസാരിച്ചിരിക്കേ ബാലചന്ദ്രൻ സാറിന്റെ ഉയർച്ച താഴ്ച്ചകളെക്കുറിച്ചും എത്തിപ്പെടാൻ സാധ്യതയുള്ള ഉന്നത പദവികളെക്കുറിച്ചുമെല്ലാം ജ്യോത്സ്യൻ വിവരിക്കാൻ തുടങ്ങി. അന്നേരം ഇതെല്ലാം കേട്ടിരിക്കുകയായിരുന്ന സാറിന്റെ പത്നി ഷീലടീച്ചർ പെട്ടെന്ന് ജ്യോത്സ്യനോടായി ചോദിച്ചു: "ഇതെല്ലാം എനിക്കും കണ്ട് സന്തോഷിക്കാമല്ലോ അല്ലേ...?" ടീച്ചറുടെ മുഖത്തേയ്ക്ക് നോക്കാതെയുള്ള നിശ്ശബ്ദമായൊരു ചിരിയായിരുന്നു ജ്യോതിഷിയുടെ മറുപടി! പിന്നീട് സംഭാഷണ വിഷയങ്ങൾ മാറി കുറേ സമയം കൂടി സംസാരിച്ചിരുന്ന ശേഷം ജ്യോത്സ്യൻ പോയി. കുറച്ചു നാളുകൾക്കുശേഷം അതേ ജ്യോത്സ്യൻ വീണ്ടും വന്നു. അപ്പോഴേക്കും ഷീലടീച്ചർ എന്നന്നേയ്ക്കുമായി എല്ലാവരേയും വിട്ടുപിരിഞ്ഞ് പോയിക്കഴിഞ്ഞിരുന്നു. ബാലചന്ദ്രൻ സാറുമായി കുറേനേരം സംസാരിച്ചിരുന്നശേഷം ജ്യോത്സ്യൻ മടങ്ങാൻ തുടങ്ങവേ പറഞ്ഞു: "കഴിഞ്ഞതവണ ഞാൻ വന്നപ്പോൾ ടീച്ചർ ചോദിച്ച ചോദ്യത്തിന് ഞാൻ മറുപടി പറയാത്തതും മുഖത്തേയ്ക്ക് നോക്കാത്തതും മനഃപ്പൂർവ്വമായിരുന്നു. കാരണം, എനിക്കറിയാമായിരുന്നു അവർ അമ്പത് വയസ്സ് പിന്നിടുകയില്ലായെന്ന്...!"ജ്യോത്സ്യൻ യാത്രപറയുമ്പോൾ ബാലചന്ദ്രൻ സാർ ഒരു ദീർഘനിശ്വാസത്തോടെ ചിന്താഗ്രസ്ഥനായി ഇരുന്നു.

കേരളശബ്ദം, മലയാള നാട് എന്നിവയുടെ പത്രാധിപരായിരുന്ന പ്രശസ്ത സാഹിത്യകാരൻ തോപ്പിൽ രാമചന്ദ്രൻ പിള്ളയ്ക്ക് ആദ്യകാലത്ത് ജ്യോതിഷത്തിലൊന്നും തീരെ വിശ്വാസമില്ലായിരുന്നു എന്നു മാത്രമല്ല ശക്തമായ എതിർപ്പുമായിരുന്നു. രാമചന്ദ്രൻ പിള്ള ജനിച്ചപ്പോൾ ജാതകം ഗണിച്ചത് അദ്ദേഹത്തിന്റെ മുത്തച്ഛന്റെ അടുത്ത സുഹൃത്തായ കൊച്ചുകൃഷ്ണപിള്ളയായിരുന്നു. ജനന സമയംവച്ച് ജാതകം ഗണിച്ചശേഷം ജ്യോത്സ്യൻ പറഞ്ഞു: "ഇയാൾ രണ്ടുവിവാഹം കഴിക്കും. രണ്ടാമത്തെ വിവാഹം ജീവിതത്തിലെ വലിയൊരു വഴിത്തിരിവിനും കാരണമാവും. തുടർന്ന് പേരും പ്രശസ്തിയും പിടിച്ചുപറ്റും; സാമ്പത്തികമായി ഉയർന്ന നിലയിലുമെത്തും; എന്നാൽ അംഗഭംഗത്തോടെയായിരിക്കും മരണം സംഭവിക്കുക." ആദ്യ വിവാഹം പിരിഞ്ഞ് രണ്ടാമതു വിവാഹം കഴിച്ചപ്പോൾ തന്നെ രാമചന്ദ്രൻ പിള്ളയ്ക്ക് ജ്യോതിഷത്തിൽ വിശ്വാസം വന്നു തുടങ്ങി. ജീവിതത്തിൽ വലിയ വഴിത്തിരിവുണ്ടാകുമെന്ന പ്രവചനവും ഫലിച്ചു.

മുഴുവൻ സമയം സി.പി.എം. പ്രവർത്തകനായിരുന്ന തോപ്പിൽ രാമചന്ദ്രൻപിള്ള രണ്ടാം വിവാഹത്തോടെയാണ് സാഹിത്യരംഗത്തേയ്ക്കു തിരിയുന്നത്. വിവാഹിതനായ പിള്ളയുടെ പ്രേമബന്ധവും തുടർന്നുള്ള രണ്ടാം വിവാഹവും പാർട്ടിയുടെ അച്ചടക്ക നടപടിക്കു വിധേയനാക്കി. ലോക്കൽ കമ്മിറ്റി സെക്രട്ടറിയായിരുന്ന പിള്ളയെ ബ്രാഞ്ച് കമ്മറ്റിയിലേയ്ക്ക് തരംതാഴ്ത്തി. അതോടെയാണ് അദ്ദേഹം രാഷ്ട്രീയം ഉപേക്ഷിച്ച് സാഹിത്യരംഗത്തേയ്ക്ക് കടന്നത്. സി.പി.എം മുതിർന്ന നേതാവ് എസ്സ്. രാമചന്ദ്രൻ പിള്ള പാർട്ടിയിൽ തോപ്പിൽ രാമചന്ദ്രൻ പിള്ളയേക്കാൾ വളരെ ജൂനിയറായിരുന്നു. മലയാള നാട് പത്രാധിപരായിരിക്കേ തോപ്പിൽ കടുത്ത പ്രമേഹ രോഗിയായിത്തീർന്നു. രോഗം മൂർച്ഛിച്ചതോടെ അദ്ദേഹത്തിന് തന്റെ വലതുകാൽ മുറിച്ചു മാറ്റപ്പെടേണ്ടതായി വന്നു. തുടർന്നും കുറേ നാളുകൾ എഴുത്തും വായനയുമായി കഴിഞ്ഞ രാമചന്ദ്രൻ പിള്ള മരിക്കുമ്പോൾ ജോത്സ്യ പ്രവചനം പോലെ വികലാംഗനായിരുന്നു എന്നാണ് മകൾ പ്രിയാരാമചന്ദ്രൻ എഴുതിയിട്ടുള്ളത്.

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ രണ്ടാമത്തെ പുത്രന്റെ (മാധവൻ നായർ) ജനനം പിതാവിന്റെ ആയുസ്സിനു ദോഷകരമെന്നായിരുന്നു ജ്യോതിഷ പ്രവചനം. രാമകൃഷ്ണപിള്ള അതു വലിയ കാര്യമായെടുത്തില്ല. മകന്റെ പത്തു വയസ്സുവരെയുള്ള കാലഘട്ടം വളരെ ദോഷകാലമാണെന്നായിരുന്നു പ്രവചനം. 1907-ലാണ് മാധവൻനായരുടെ ജനനം. 1916- മാർച്ച് 28 ന് സ്വദേശാഭിമാനി രാമകൃഷ്ണപിള്ള അന്തരിച്ചു! കുട്ടിയുടെ ജനനം മുതൽ പിതാവിന്റെ ആരോഗ്യ സ്ഥിതി മോശമായി വന്നിരുന്നതായാണ് ഭാര്യ ബി. കല്ല്യാണിയമ്മ അഭിപ്രായപ്പെട്ടിട്ടുള്ളത്. എന്നാൽ ഇത് ജാതകഫലമാണെന്നു പറയാൻ കല്ല്യാണിയമ്മ കൂട്ടാക്കിയിട്ടില്ല.

പ്രശസ്തനായ പാലക്കാട്ട് മണി ഏതാണ്ട് 40-ഓളം വീടുകളിലാണ് മാറി മാറി താമസിച്ചത്. മണി ജനിക്കുന്നതിനും ഏറെ നാളുകൾക്കു മുൻപ് മണിയുടെ പിതാവ് ശേഷഭാഗവതരുടെ ജാതകം ഗണിച്ചുകൊണ്ട് ഭാഗവതരുടെ പിതാവ് രാമസ്വാമി അയ്യർ പറഞ്ഞു: "നിന്റെ ഭാര്യ ഏതു വീട്ടിൽ പ്രസവിക്കുന്നുവോ ആ വീട് തൊണ്ണൂറുദിവസത്തിനകം തകർന്നു വീഴും. മാത്രമല്ല, കുട്ടി വലുതാവുംതോറും താമസസ്ഥലം മാറിക്കൊണ്ടിരിക്കുകയും ചെയ്യും..." 1912 ജൂൺ 10 ന് പാലക്കാട് തിരുവില്ല്വാമലയിലെ ശേഷ ഭാഗവതരുടെ വീട്ടിലായിരുന്നു പാലക്കാട്ട് മണിയുടെ ജനനം. പ്രവചനം ഫലിച്ചു. താമസിയാതെ തന്നെ തിരുവില്ല്വാമലയിലെ വീട് തകർന്നു വീണു.

ശേഷഭാഗവതരും കുടുംബവും ഭാര്യ അനന്താംബാളുടെ പഴയന്നൂരിലുള്ള വീട്ടിലേയ്ക്ക് താമസം മാറിയ ശേഷമായിരുന്നു വീട് തകർന്നത്. മണി ജനിച്ച് രണ്ടുമാസം തികയുന്നതിനു മുൻപായിരുന്നു സംഭവം. മാത്രമല്ല, പിന്നീട് ശേഷഭാഗവതർക്ക് മണിയുമൊത്ത് ഒരു വീട്ടിലും സ്ഥിരമായി താമസിക്കാൻ കഴിഞ്ഞിട്ടുമില്ല. ശേഷഭാഗവതരുടെ മരണശേഷവും പാലക്കാട് മണിയുടെ താമസസ്ഥലം മാറൽപ്രക്രിയ തുടർന്നു. ഏതാണ്ട് 40-ഓളം വീടുകളിലാണ് പാലക്കാട്ട് മണിക്ക് മാറിതാമസിക്കേണ്ടി വന്നത്!

(1-ാം പേജിൽ നിന്നും തുടർച്ച)

## അഖിലഭാരത ചർക്കാസംഘം രൂപീകരിച്ചിട്ട് നൂറു വർഷം

# ഖാദി ശതാബ്ദി വർഷം

തൊഴിൽ സംഘങ്ങൾ രൂപീകൃതമാവുകയും ചെയ്തു. ചർക്കയും ഖാദിയും പട്ടിണിപ്പാവങ്ങളായ ഗ്രാമീണ ജനതയ്ക്ക് ആശ്വാസം പകരുന്നുവെന്നു കണ്ടതോടെ മഹാത്മാഗാന്ധി "അഖില ഭാരത ചർക്കാ സംഘം" എന്ന പേരിൽ ഒരു പ്രസ്ഥാനത്തിന് ബീജാവാപം നൽകി. 1925 സെപ്റ്റംബർ 23 നായിരുന്നു അത്. ഗാന്ധിജി അന്നു കൊളുത്തിവച്ച ഈ നെയ്‌വിളക്ക് കഴിഞ്ഞ നൂറ് വർഷമായി വിശപ്പെന്ന കൊടുംകൂരിരുട്ടിനെ തെല്ലെങ്കിലും അകറ്റുന്ന ഒരു നുറുങ്ങുവെട്ടമായി ഇവിടെ പരിലസിക്കുന്നു. അഖില ഭാരത ചർക്കാ സംഘത്തിന്റെ ശതാബ്ദി വർഷമാണിത്!

ഖാദിയെ ഇന്ന് ഒരു സാധാരണ വസ്ത്രത്തിന്റെ കള്ളിയിലൊതുക്കി നിറുത്തി കാണാനാവില്ല. ഇപ്പോഴത് ലോക ശ്രദ്ധപിടിച്ചു പറ്റിയ ഒരുല്പന്നമായി മാറിക്കഴിഞ്ഞിരിക്കുകയാണ്! ഏറ്റവും മികച്ച പരിസ്ഥിതി സൗഹൃദ ഉല്പന്നമായി ഖാദിയെ ലോകം അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു! ഖാദിയുടെ ശതാബ്ദി ആഘോഷവേളയിൽ ഇതൊരു പ്രോജ്വലവിശേഷമായി ചൂണ്ടിക്കാട്ടപ്പെടുന്നു.

ഗാന്ധിജിയുടെ സ്വാശ്രയത്വ തത്വശാസ്ത്രത്തിന്റെ ആണിക്കല്ലാണ് ഖാദി പ്രസ്ഥാനം. ഗ്രാമീണ ജനതയ്ക്ക് ആശ്വാസം പകരാനും, ജനങ്ങളെ - പ്രത്യേകിച്ചും വനിതകളെ - സ്വയം പര്യാപ്തരാക്കാനും തദ്ദേശീയമായി കൈകൾ കൊണ്ടു നിർമ്മിക്കുന്ന തുണിത്തരങ്ങളുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനും വേണ്ടിയുള്ള ശക്തമായ ശ്രമം കൂടിയായിരുന്നു ഇത്.

ഏതു തരത്തിലുള്ള വസ്ത്ര നിർമ്മാണത്തിനും ഖാദി നന്നായി ഇണങ്ങുമെന്നതും ഇതിന്റെ പ്രധാന പ്രത്യേകതകളിലൊന്നാണ്. കൈലേസുകളും തോർത്തുകളും മുതൽ മുന്തിയ ഇനം സാരികളും സ്യൂട്ടുകളും വരെയുള്ള വൈവിദ്ധ്യമാർന്ന വസ്ത്രങ്ങളുടെ നിർമ്മാണത്തിന് ഖാദി ഉത്തമമാണെന്ന് ഇതിനകം തന്നെ കണ്ടുകഴിഞ്ഞു. താരതമ്യേന ഇതിനു വിലകുറവാണെന്നതും സാധാരണക്കാർക്ക് താങ്ങാൻ കഴിയുന്ന തരത്തിലുള്ളതാണെന്നതും ഖാദിയുടെ പ്രത്യേകതയാണ്. സാമ്പത്തികമായി ഉയർന്ന നിലയിലുള്ളവരാണെങ്കിൽ അവരുടെ ധനസ്ഥിതിക്കു ചേർന്ന വിധത്തിലുള്ള മുന്തിയ തരം ഖാദി ഉല്പന്നങ്ങളും സാധാരണക്കാർക്കനുയോജ്യമായവയും ഒരേപോലെ ലഭ്യമാണ്. ഇതിലെല്ലാമുപരി ലക്ഷക്കണക്കിനു പേരുടെ തൊഴിൽ ദായകമേഖല കൂടിയാണു ഖാദി.

ഇതിനെ കേവലമൊരു സാധാരണ വസ്ത്രമെന്ന നിലയിൽ മാത്രം ചുരുക്കിക്കാണുന്നത് മൗഢ്യമാണ്. മറിച്ച് സ്വയം പര്യാപ്തത, പ്രകൃതി സ്നേഹം, ദേശസ്നേഹം എന്നിവ ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്ന ആത്മാഭിമാന പ്രതീകമാണത്! ഗാന്ധിജി ചർക്ക തിരിച്ചപ്പോൾ അതിൽ നിന്നൂർന്നു വന്നത് സ്വാതന്ത്ര്യസമരത്തിന്റെ ആയുധവും സ്വയം പര്യാപ്തതയുടെയും ദേശസ്നേഹത്തിന്റെയും അടയാള ചിഹ്നവുമായിരുന്നു.

ഖാദി പ്രസ്ഥാനം ഒരു നൂറ്റാണ്ടു പിന്നിടുമ്പോൾ അതു കടന്നുവന്ന വഴികളിൽ സൃഷ്ടിക്കപ്പെട്ട സാർത്ഥകവും സാമൂഹികവുമായ മാറ്റങ്ങൾ ചെറുതൊന്നുമല്ല. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അതിന്റെ കരതലസ്പർശമേൽക്കാത്ത ഒരു മേഖലയും ഇല്ലായെന്നുതന്നെ പറയാം.

ഖാദി അല്ലെങ്കിൽ ഖദർ ധരിക്കുന്നതിലൂടെ ഗാന്ധിജി നിരന്തരം നമ്മെ ഓർമ്മിപ്പിച്ചിരുന്ന ലാളിത്യത്തിന്റെ പ്രതീകമായി നാം മാറുന്നു എന്നതാണ് അഭിമാനകരമായ വസ്തുത. അതുമാത്രമല്ല, സ്വദേശീയതയുടെയും, സ്വയംപര്യാപ്തതയുടെയും, രാഷ്ട്രീയ ബോധത്തിന്റെയും, ആത്മാഭിമാനത്തിന്റെയും, ദേശസ്നേഹത്തിന്റെയും, സാമൂഹ്യബോധത്തിന്റെയും അടയാളമുള്ള കൊടിക്കൂറ ഉയർത്തിപ്പിടിക്കൽ കൂടിയാണ്! പരമമായ ഈ വസ്തുത മനസ്സിലാക്കാത്തവരും ഉൾക്കൊള്ളാത്തവരുമായി ആരെങ്കിലുമുണ്ടാവുമെന്നു കരുതാൻ വയ്യ. സാക്ഷര കേരളത്തിൽ സാമാന്യ വിദ്യാഭ്യാസമെങ്കിലും ലഭിച്ചവരായിരിക്കും എല്ലാവരുമെന്നതു തന്നെയാണ് ഇതിനു കാരണമായി ചൂണ്ടിക്കാട്ടുവാനുള്ളത്. അഥവാ മറിച്ചുള്ളവരുണ്ടെങ്കിൽ അവരോട് സഹതപിക്കുക എന്നതല്ലാതെ മറ്റൊരുമാർഗ്ഗവുമില്ല.

ഖാദിയുടെ പ്രാധാന്യം കുന്നോളമാണെങ്കിലും ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങളിൽ നിന്നും അതിനർഹമായ പ്രോത്സാഹനവും പിൻതുണയും ലഭിക്കുന്നുണ്ടോയെന്നത് ഇത്തരുണത്തിൽ പ്രസക്തമായ പ്രധാന ചോദ്യമാണ്. രാഷ്ട്രപിതാവിനാൽ സമാരംഭിക്കപ്പെട്ട് ഇരുളിലും വെളിച്ചത്തിലും കൂടി നൂറുവർഷം സഞ്ചരിച്ചെത്തിയ ഖാദി പ്രസ്ഥാനത്തിന് ഇനിയും ലോക വിപണിയിലെ പ്രധാന ഭാഗമായി ഉയരാൻ കഴിയും.

# ചരിത്രത്തിലെ ഒക്ടോബർ

ആശാറാണി. എ.എസ്

**ഒക്ടോബർ 1**

- 1880 - തോമസ് ആൽവ എഡിസൺ ലോകത്തിലെ ആദ്യത്തെ വൈദ്യുത വിളക്കു നിർമ്മാണശാല സ്ഥാപിച്ചു.
- 1958 ജൂലൈ 29 ന് നാഷണൽ എയറോനോട്ടിക്സ് ആൻഡ് സ്പേസ് ആക്ട് ഒപ്പുവച്ചതോടെ സ്ഥാപിതമായ നാസ 1958 ഒക്ടോബർ 1 ന് പ്രവർത്തനം ആരംഭിച്ചു.

**ഒക്ടോബർ 2**

- 1979 ഒക്ടോബർ 2-ന് ഇന്ത്യയിലെ 53-ആമത് ഡിവിഷനായി തിരുവനന്തപുരം റെയിൽവേ ഡിവിഷൻ രൂപീകൃതമായി. പാലക്കാട് റെയിൽവേ ഡിവിഷന്റെയും മധുര റെയിൽവേ ഡിവിഷന്റെയും ചില ഭാഗങ്ങൾ ഉൾപ്പെടുത്തിയാണ് ഈ ഡിവിഷൻ രൂപീകരിച്ചത്.
- 1958 - ഗിനിയ ഫ്രാൻസിൽ നിന്നും സ്വാതന്ത്ര്യം പ്രഖ്യാപിച്ചു.

**ഒക്ടോബർ 3**

- 1942-ജർമ്മനി ആദ്യമായി ബഹിരാകാശത്തേക്ക് റോക്കറ്റ് വിക്ഷേപിക്കുന്നു.
- 1990-പശ്ചിമ പൂർവ്വജർമ്മനികള് ഒന്നായി.

**ഒക്ടോബർ 4**

- 1824 - മെക്സിക്കോ റിപ്പബ്ലിക്ക് ആയി. ആദ്യത്തെ മെക്സിക്കൻ റിപ്പബ്ലിക് 1824 മുതൽ 1835 വരെ നിലനിന്നിരുന്നു.
- 1957-ആദ്യ മനുഷ്യ നിർമ്മിത ഉപഗ്രഹമായ സ്പുട്നിക് റഷ്യ ഭ്രമണപഥത്തിലെത്തിച്ചു.

**ഒക്ടോബർ 5**

- ജസ്റ്റിസ് എം.ഫാത്തിമാ ബീവിയെ സുപ്രിം കോടതി ജഡ്ജിയായി നിയമിച്ചു. സുപ്രിം കോടതിയിലെ ആദ്യ വനിതാ ജഡ്ജി (1989)

**ഒക്ടോബർ 6**

- 1860-ൽ രൂപീകരിച്ച ഇന്ത്യൻ പീനൽ കോഡ് ആക്ട് 1862-ൽ ബ്രിട്ടീഷ് ഇന്ത്യയിൽ പ്രാബല്യത്തിൽ വന്നു.

**ഒക്ടോബർ 7**

- 1919 ഒക്ടോബർ 7 - ഗാന്ധിജിയുടെ 'നവജീവൻ' മാസിക 1919 ൽ പ്രസിദ്ധീകരിച്ചു.
- 1950 ഒക്ടോബർ 7 - മദർ തെരേസ കൊൽക്കത്തയിൽ മിഷനറീസ് ഓഫ് ചാരിറ്റി സ്ഥാപിച്ചു.

**ഒക്ടോബർ 8**

- ഇന്ത്യൻ എയർഫോഴ്സ് ആക്ട് അനുസരിച്ച് 1932 ഒക്ടോബർ 8 - ന് ഇന്ത്യൻ വ്യോമസേന രൂപീകൃതമായി.

**ഒക്ടോബർ 9**

- 1962 ഒക്ടോബർ 9 ന് ഉഗാണ്ട യുകെയിൽ നിന്ന് സ്വാതന്ത്ര്യം നേടി.

**ഒക്ടോബർ 10**

- 1964- ഏഷ്യയിലെ ആദ്യ ഒളിമ്പിക്സ് ജപ്പാനിലെ ടോക്കിയോയിൽ തുടങ്ങി രണ്ടാം ലോക മഹായുദ്ധത്തിലെ രക്തസാക്ഷികൾക്ക് ആദരാഞ്ജലി അർപ്പിച്ചു കൊണ്ട് ഹിരോഷിമ ബോംബാക്രമണ ദിനമായ ആഗസ്റ്റ് 6 ന് ജനിച്ച യോഷിനോരി സകായി ഒളിമ്പിക് ദീപം തെളിയിക്കുന്നതിനുള്ള മുൻനിര ദീപ വാഹകരായി.

**ഒക്ടോബർ 11**

- 1984 ഒക്ടോബർ 11 - അമേരിക്കൻ ബഹിരാകാശ ശാസ്ത്രജ്ഞയായ കാതറിൻ ഡി. സള്ളിവൻ ബഹിരാകാശത്ത് നടന്ന ആദ്യ വനിതാ ബഹിരാകാശ സഞ്ചാരിയായി. അവർ സ്പേസ് ഷട്ടിൽ ചലഞ്ചറിൽ സഞ്ചരിച്ചിരുന്നു

**ഒക്ടോബർ 12**

- ഇന്ത്യയിൽ വിവരാവകാശനിയമം പ്രാബല്യത്തിൽ വന്നു . 2005 ജൂൺ 15 ന് പാർലമെന്റ് പാസ്സാക്കിയ വിവരാവകാശനിയമം 2005 ഒക്ടോബർ 12 നാണ് പ്രാബല്യത്തിൽ വന്നത്.
- 2008 മാർച്ച് ഒന്നാം തിയതി ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ അൽഫോൺസാമ്മയെ വിശുദ്ധപദവിയിലേയ്ക്ക് ഉയർത്താൻ തീരുമാനിക്കുകയും, 2008 ഒക്ടോബർ പന്ത്രണ്ടിന് വാഴ്ത്തപ്പെട്ട അൽഫോൺസാമ്മയെ വിശുദ്ധ എന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കുകയും ചെയ്തു

**ഒക്ടോബർ 13**

- 1884 നവംബർ 13 - ഗ്രീൻവിച്ച് ശരാശരി സമയം ലോകത്തിന്റെ സ്റ്റാൻഡേർഡ് സമയമായിരിക്കുമെന്ന് തീരുമാനിച്ചു.
- 1908 ഒക്ടോബർ 13 – കേണൽ ഗോദവർമ രാജയുടെ ജന്മദിനം. സംസ്ഥാന കായിക ദിനമായി ആചരിക്കുന്നു.

**ഒക്ടോബർ 14**

- കേരളത്തിന്റെ ആദ്യ വനിതാ ഗവർണറായി ജ്യോതി വെങ്കടാചലം ചുമതലയേറ്റു. 1977 ഒക്ടോബർ 14 മുതൽ 1982 ഒക്ടോബർ 27 വരെ കേരളത്തിലെ ഗവർണറായിരുന്നു അദ്ദേഹം

**ഒക്ടോബർ 15**

- 1932 - ടാറ്റ എയർലൈൻസ് (ഇപ്പോഴത്തെ എയർ ഇന്ത്യ) ആദ്യത്തെ വിമാന സർവീസ് ആരംഭിച്ചു.കറാച്ചിയിൽ നിന്ന് ബോംബെയിലേക്കുള്ള വിമാനയാത്രയോടെയാണ് ഇന്ത്യയുടെ വ്യോമയാന വ്യവസായം പിറന്നത്, പിന്നീട് എയർ ഇന്ത്യ എന്നറിയപ്പെട്ടു. ജെആർഡി ടാറ്റ എന്നറിയപ്പെടുന്ന ജഹാംഗീർ രത്തൻജി ദാദാഭോയ് ടാറ്റയാണ് ഇത് പറത്തിയത് .

**ഒക്ടോബർ 16**

- 1905 ഒക്ടോബർ 16-നു ആണ് അന്നത്തെ ഇന്ത്യയുടെ വൈസ്രോയി ആയിരുന്ന കഴ്സൺ പ്രഭു ബംഗാൾ വിഭജനം നടപ്പിലാക്കിയത്. വിഭജനം കൊണ്ടുണ്ടായ വൻപിച്ച രാഷ്ട്രീയ പ്രത്യാഘാതങ്ങളെ തുടർന്ന് പശ്ചിമ, പൂർവ്വ ബംഗാളുകൾ 1911-ൽ വീണ്ടും ഒരുമിപ്പിച്ചു.

**ഒക്ടോബർ 17**

- 2009 ഒക്ടോബർ 17- മാലിദ്വീപ് ലോകത്തിലെ ആദ്യത്തെ അണ്ടർവാട്ടർ കാബിനറ്റ് യോഗം നടത്തി, ആഗോളതാപനത്തിന്റെ അപകടത്തെക്കുറിച്ച് എല്ലാ രാജ്യങ്ങൾക്കും മുന്നറിയിപ്പ് നൽകുകയായിരുന്നു ലക്ഷ്യം. തലസ്ഥാനമായ മാലെയിൽ നിന്ന് ഏകദേശം 35 നോട്ടിക്കൽ മൈൽ അകലെയുള്ള ഗിരിഫുഷി ദ്വീപിലെ നീല ജലാശയത്തിൽ പ്രസിഡന്റ് മുഹമ്മദ് നഷീദ് തന്റെ മന്ത്രിസഭയെ നയിച്ചു.

**ഒക്ടോബർ 18**

- 1922 ഒക്ടോബർ 18 - ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷൻ സ്ഥാപിതമായി. ആദ്യം ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കമ്പനി എന്ന നിലയിൽ അറിയപ്പെട്ടിരുന്ന സ്ഥാപനം 1927 ജനുവരി 1ന് ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷൻ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു .

**ഒക്ടോബർ 19**

- 1943 - റട്ഗേഴ്സ് യൂണിവേഴ്സിറ്റിയിലെ ശാസ്ത്രജ്ഞർ ക്ഷയരോഗത്തിന്റെ പ്രതിവിധിയായ സ്ട്രെപ്റ്റോമൈസിൻ വേർതിരിച്ചെടുത്തു.

**ഒക്ടോബർ 20**

- 1973 - ഓസ്ട്രേലിയയിലെ സിഡ്നിയിൻ പ്രശസ്തമായ സിഡ്നി ഓപറ ഹൗസ് പ്രവർത്തനമാരംഭിച്ചു.

**ഒക്ടോബർ 21**

- 1945 ഒക്ടോബർ 21 - ഫ്രാൻസിൽ ആദ്യമായി സ്ത്രീകൾക്ക് വോട്ടവകാശം ലഭിച്ചു
- 1954 ഒക്ടോബർ 21 - പോണ്ടിച്ചേരി, കാരക്കൽ, മാഹി എന്നിവ ഇന്ത്യൻ റിപ്പബ്ലിക്കിലേക്ക് കൂട്ടിച്ചേർക്കുന്നതിനുള്ള ഒരു കരാറിൽ ഇന്ത്യയും ഫ്രാൻസും ഒപ്പുവച്ചു. ഈ കരാർ നവംബർ 1 മുതൽ പ്രാബല്യത്തിൽ വന്നു.

**ഒക്ടോബർ 22**

- ഇന്ത്യയുടെ ആദ്യ ചന്ദ്രയാത്ര പേടകമായ ചന്ദ്രയാൻ ചന്ദ്ര പര്യവേഷണങ്ങൾക്കായി ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനം (ഐ.എസ്.ആറ്.) 2008 ഒക്ടോബർ 22ന് ചന്ദ്രനിലേയ്ക്ക് അയച്ചു

**ഒക്ടോബർ 23**

- 1707 - ബ്രിട്ടനിൽ ആദ്യത്തെ പാർലമെന്റ് സമ്മേളിച്ചു.

**ഒക്ടോബർ 24ന്**

- 1945 ഒക്ടോബർ 24ന് ഐക്യരാഷ്ട്രസഭ ഔദ്യോഗികമായി നിലവിൽവന്നു. ഭരണഘടന പ്രകാരമുള്ള സുരക്ഷാസമിതിയിലെ അംഗങ്ങളായ അമേരിക്ക, ചൈന, ഫ്രാൻസ്, സോവ്യറ്റ് യൂണിയൻ, ബ്രിട്ടൺ എന്നീ രാജ്യങ്ങളും മറ്റംഗങ്ങളിൽ ഭൂരിഭാഗവും കരട് ഭരണഘടന അംഗീകരിച്ചതിനെത്തുടർന്ന് 1945 ഒക്ടോബർ 24ന് ഐക്യരാഷ്ട്രസഭ ഔദ്യോഗികമായി നിലവിൽവന്നു.

**ഒക്ടോബർ 25**

- 1951 ഒക്ടോബർ 25 - ഇന്ത്യയിലെ ആദ്യത്തെ പൊതുതെരഞ്ഞെടുപ്പ് നടന്നു.ആദ്യത്തെ പൊതുതെരഞ്ഞെടുപ്പ് 1951 ഒക്ടോബർ 25 മുതൽ 1952 ഫെബ്രുവരി 21 വരെ പല ഘട്ടങ്ങളിലായാണ് നടന്നത്.

**1947 ഒക്ടോബർ 26**

- ജമ്മു കാശ്മീരിനെ പാകിസ്ഥാനിൽ നിന്നുള്ള അധിനിവേശത്തിൽ നിന്ന് രക്ഷിക്കാനായി മഹാരാജാ ഹരിസിംഗ് ഇന്ത്യയിലേക്ക് പ്രവേശനത്തിനുള്ള ഉപകരണം (Instrument of Accession) ഒപ്പുവച്ചു.

**ഒക്ടോബർ 27**

- 1682 - അമേരിക്കയിലെ പെൻസിൽവാനിയ സംസ്ഥാനത്ത് ഫിലഡെൽഫിയ നഗരം സ്ഥാപിതമായി
- 1991 - തുർക്മെനിസ്ഥാൻ റഷ്യയിൽ നിന്നും സ്വതന്ത്രമായി.

**ഒക്ടോബർ 28**

- 1886 - അമേരിക്കൻ പ്രസിഡന്റ് ഗ്രോവർ ക്ലീവ്ലാൻഡ് ന്യൂയോർക്കിൽ സ്റ്റാച്ച്യൂ ഓഫ് ലിബർട്ടി തുറന്നു കൊടുത്തു.

**ഒക്ടോബർ 29**

- 1923 ഒക്ടോബർ 29 - ഓട്ടോമൻ സാമ്രാജ്യത്തിന്റെ തകർച്ചയ്ക്ക് ശേഷം തുർക്കി ഒരു റിപ്പബ്ലിക്കായി.

**ഒക്ടോബർ 30**

- 1945 ഒക്ടോബർ 30 – ഇന്ത്യ ഐക്യരാഷ്ട്രസഭയിൽ അംഗമായി.

**ഒക്ടോബർ 31**

- 1984 - ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധി അംഗരക്ഷകരുടെ വെടിയേറ്റു മരിച്ചു.


## ഗാന്ധി ഭാരത്

# ഗാന്ധിജിയുടെ വ്രതങ്ങൾ

ശ്രീലത എ.പി

ഗാന്ധിമാർഗ്ഗത്തെ മഹാത്മാവ് തന്നെ പതിനൊന്ന് (11) ആശ്രമ വ്രതങ്ങളിൽ നിർവചിച്ചിട്ടുണ്ട്. 1915-ൽ ഇന്ത്യയിൽ തന്റെ ആദ്യ ആശ്രമം സ്ഥാപിക്കുമ്പോഴാണ് അദ്ദേഹം ഇവ ആശ്രമവാസികൾക്കായി വ്യക്തമാക്കിയത്. അവ ആശ്രമ വ്രതങ്ങൾ എന്നും അറിയപ്പെടുന്നു.

"അഹിംസ സത്യമസ്തേയ
ബ്രഹ്മചര്യമസംഗ്രഹ
ശരീര ശ്രമമസ്വാദ
സർവ്വത്രഭയവർജ്ജന
സർവ്വധർമ്മീസമാനത്വസ്വദേശി
സ്പർശഭാവന"



**1. സത്യം**

ഗാന്ധിജി തന്റെ എല്ലാ ദർശനങ്ങളിലും പരമപ്രധാനമായി കണ്ടത് സത്യത്തെയാണ്. സത്യം ദൈവമാണെന്നും ദൈവമാണ് സത്യമെന്നും അദ്ദേഹം വ്യക്തമാക്കി. ജീവശക്തിയായാണ് അദ്ദേഹം സത്യത്തെ കണ്ടത്. ഒരു സത്യാന്വേഷി ദൈവത്തെയാണ് അന്വേഷിക്കണതെന്നും, ആ അന്വേഷണം പൂർണ്ണതയിൽ എത്തിയിലെങ്കിലും ആ വ്യക്തി ഈശ്വരനോട് കൂടുതൽ അടുക്കുകയാണെന്നും അദ്ദേഹം കണ്ടെത്തി.

**2. അഹിംസ**

ഏതൊരു ഹിംസയെയും അഹിംസ കൊണ്ട് തോൽപിക്കാമെന്ന് അദ്ദേഹം പഠിപ്പിച്ചു.സത്യത്തിന്റെ പ്രായോഗിക രൂപമായാണ് ഗാന്ധിജി അഹിംസയെ വിവരിക്കുന്നത്. മറ്റൊരാളെ ഹിംസിക്കാതിരിക്കുക മാത്രമല്ല, ചിന്തയിലും, വാക്കിലും,പ്രവർത്തിയിലും പരമമായ സ്നേഹം പുലർത്തുക എന്ന രീതിയാണ് ഗാന്ധിജിയുടെ അഹിംസാ സിദ്ധാന്തം. അഹിംസയെ അദ്ദേഹം സമരായുധമാക്കി വളർത്തിയെടുത്തു. ഭീരുവിന്റെ അഹിംസയെക്കാൾ ധീരന്റെ ഹിംസയാണ് താനിഷ്ടപ്പെടുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

**3. അസ്തേയ**

ഒരാൾ തന്റെ ആവശ്യങ്ങൾ പരിമിതപെടുത്തുകയും, കയ്യേറ്റങ്ങൾ ഒഴിവാക്കുകയും, അത്യാർത്തി ശമിപ്പിക്കുകയും ചെയ്യുമ്പോഴാണ് അസ്തേയവ്രതം പാലിക്കപ്പെടുന്നത്.മോഷ്ടിക്കാതിരിക്കുക എന്ന കേവലധർമ്മം മാത്രമായിരുന്നില്ല അസ്തേയ കൊണ്ട് ഉദ്ദേശിച്ചത്, പകരം എല്ലാവിധത്തിലുള്ള ചൂഷണത്തെയും എതിർക്കുക കൂടിയായിരുന്നു. അസ്തേയവ്രതം പാലിക്കുന്നതിലൂടെ പട്ടിണിയെ കുറയ്ക്കുമെന്നും ഇത് പുരോഗതിയെ സഹായിക്കുമെന്നും യർവാദാ മന്ദിർ-ൽ കഴിയുമ്പോൾ അദ്ദേഹം എഴുതിയിട്ടുണ്ട്.

**4. ബ്രഹ്മചര്യ**

ബ്രഹ്മത്തിലേക്കുള്ള ചര്യാ ഈശ്വരനിലേക്കുള്ള യാത്ര തുടങ്ങിയ സവിശേഷ അർത്ഥത്തിലാണ് ഗാന്ധിജിയുടെ ബ്രഹ്മചര്യം. ബ്രഹ്മചര്യം ശരീരത്തിൽ മാത്രം അനുഷ്ഠിക്കുന്ന ഒന്നല്ല എന്നും ഈശ്വര സാക്ഷാത്കാരത്തിനു വിരുദ്ധമാവുന്നതെല്ലാം വർജ്ജിക്കണമെന്നും ഗാന്ധിജി പറഞ്ഞു.

**5. അസംഗ്രഹ**

ആവശ്യമില്ലാത്തതൊന്നും കയ്യടക്കാതിരിക്കുക, അമിതമായ അത്യാഗ്രഹംവെടിയുക, എന്നതാണ് അസംഗ്രഹ കൊണ്ട് ഉദ്ദേശിക്കുന്നത്. സമ്പത്തുക്കളിൽ നിന്നും പൂർണ്ണമായി വിട്ടുനിൽക്കണമെന്ന് ഗാന്ധിജി പറഞ്ഞിട്ടില്ല. ഓരോരുത്തർക്കും സമ്പത്തിനോടുള്ള മനോഭാവവും, വേണ്ടപ്പോഴും, വേണ്ടാത്തപ്പോഴും അത് വർജ്ജിക്കാനുള്ള മനോഭാവവുമാണ് ഇതിൽ പറഞ്ഞിരിക്കുന്നത്.

**6. ശരീരശ്രമം**

കഠിനാദ്ധ്വാനം ഉൾപ്പെടുന്ന ജോലികളെ ഗാന്ധിജി മഹത്തരമായി കരുതി. ഓരോത്തരും നെറ്റിയിലെ വിയർപ്പു കൊണ്ട് അന്നം ഭുജിക്കണം എന്നതാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. ബൗദ്ധിക ജോലികളെയും ജോലിക്കാരെയും കായികാദ്ധ്വാനവുമായി കൂട്ടി ഇണക്കാനും ഈ വ്രതം സഹായകമാണ്.

**7. അസ്വാദ**

ദോഷകരമായ ഭക്ഷണശീലങ്ങൾ വെടിഞ്ഞാൽ അത് മനസ്സിനും ശരീരത്തിനും ആത്മാവിനും ഒരുപോലെ ഗുണം ചെയ്യുമെന്നാണ് അസ്വാദവ്രതത്തിലൂടെ മനസ്സിലാക്കി തരുന്നത്. മനുഷ്യശരീരത്തിന് ആവശ്യമായ ഊർജ്ജം ലഭിക്കുന്നത് ഭക്ഷണത്തിൽ നിന്നാണ്. മനസ്സിനെ നിയന്ത്രിച്ചാൽ ദോഷകരമായ ഭക്ഷണശീലത്തിൽ നിന്ന് പിൻമാറാൻ കഴിയും. ശരീരത്തിന്റെ ഇച്ഛകൾക്കും സ്വാദുകൾക്കും മാത്രം കീഴടങ്ങി ജീവിക്കുന്നവർ ഹിംസമൃഗങ്ങളെക്കാൾ മോശമായ നിലയിലെത്തും.

**8. നിർഭയത്വം**

സർവ്വത്രഭയവർജ്ജനം എന്നാണ് ഗാന്ധിജി ഉപയോഗിച്ച വാക്ക്. ഇത് ജീവിതത്തിൽ സർവ്വതല സ്പർശിയാണ്. ഭൂതങ്ങളിലോ, ദാരിദ്രത്തിലോ, ശത്രുവിലോ എന്നല്ലാ യാതൊന്നിലും ഭയം പാടില്ല. ക്രൂരതയിലേക്കോ, പരുഷ ഭാവത്തിലേക്കോ, മറ്റുള്ളവരെ ദ്രോഹിക്കുന്നതിലേക്കോ ഇത് വളരാൻ പാടില്ല.

**9. സർവ്വധർമ്മസമഭാവന**

എല്ലാ മതങ്ങളും സത്യത്തിലേക്ക് നയിക്കുന്ന വ്യത്യസ്ത പാതകളാണ്. എല്ലാ മതങ്ങളോടും ആദരവും സമഭാവവും പുലർത്തണം. സ്വന്തം മതം മാത്രമാണ് ശരിയെന്ന ചിന്ത പാടില്ലെന്നും, എല്ലാ മതങ്ങളും തുല്യമാണെന്നും, ഒരേ സമുദ്രത്തിലെത്തുന്ന വിവിധ നദികളാണ് മതങ്ങളെന്നും ഗാന്ധിജി പ്രതിപാദിച്ചു.

**10. സ്വദേശി**

സ്വന്തം രാജ്യത്തും, സംസ്ഥാനത്തും, ഗ്രാമത്തിലുമൊക്കെ ഉത്പാദിപ്പിക്കുന്ന വസ്തുക്കൾ കഴിവതും ഉപയോഗിക്കണമെന്ന് അദ്ദേഹം പറഞ്ഞു. പ്രാദേശിക ഉല്പന്നങ്ങൾ ലഭ്യമാകുമ്പോൾ അവയെ തിരസ്കരിച്ച് വിദേശവസ്തുക്കൾ ഉപയോഗിക്കുന്നത് ധർമ്മത്തിന് നിരക്കാത്തതും, പാപവുമാണെന്ന് അദ്ദേഹം പറഞ്ഞു. സ്വദേശി ഉല്പന്നങ്ങൾ ഉപയോഗിക്കുമ്പോൾ നാം നമ്മുടെ സമീപത്തെ വ്യക്തിയെ ജീവിക്കാൻ സഹായിക്കുകയാണെന്ന് 1919 ഏപ്രിൽ 20-ലെ യംഗ് ഇന്ത്യയിൽ ഗാന്ധിജി പറഞ്ഞിട്ടുണ്ട്.

**11. അയിത്തോച്ചാടനം**

മനുഷ്യൻ മറ്റുള്ളവരെ നിന്ദിക്കുന്നതും അകറ്റി നിർത്തുന്നതും തെറ്റാണ്. തലമുറകളായി അയിത്തത്തിന് ഇരയായവരെ ഗാന്ധി ഈശ്വരന്റെ മക്കൾ എന്ന അർത്ഥത്തിൽ ഹരിജനങ്ങൾ എന്ന് വിളിച്ചു. എല്ലാവിധത്തിലും മനുഷ്യർ പരസ്പര ആദരവോടെ കഴിയണമെന്നും അയിത്തം ആചരിക്കുന്നത് ദൈവത്തിനെതിരായ പാപമാണെന്നും ഗാന്ധിജി വിശ്വസിച്ചു. സാമൂഹ്യ പരിഷ്കരണത്തിനായാണ് ഗാന്ധിജി അയിത്തോച്ചാടനം എന്ന ഈ യുദ്ധം നടത്തിയത്.

(1-ാം പേജിൽ നിന്നും തുടർച്ച)

# ഗാന്ധിഭാരത് ഖാദി ദിനാഘോഷവും ചർക്കാസംഘ ശതാബ്ദിയും കെ. മുരളീധരൻ ഉദ്ഘാടനം ചെയ്തു

ചടങ്ങിൽവെച്ച് ഗാന്ധിഭാരത് ദേശീയ അവാർഡുകളുടെ വിതരണവും നടക്കുകയുണ്ടായി. അവാർഡ് ജേതാക്കളെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം ജയ ശ്രീകുമാർ നൽകി.

കേരള ഖാദി വ്യവസായ ബോർഡ് സെക്രട്ടറി ഡോ. കെ.എ. രതീഷ്, കേരള പ്രദേശ് ഗാന്ധിദർശൻ വേദി ചെയർമാൻ ഡോ.എം.സി. ദിലീപ്കുമാർ, കെ.പി.സി.സി ഗാന്ധിദർശൻ സമിതി വർക്കിംഗ് പ്രസിഡന്റ് കമ്പറ നാരായണൻ, കെ.ജി. ജഗദീശൻ (ഗാന്ധി സ്മാരകനിധി), സബർമതി ചെയർമാൻ ഇ. ഷംസുദ്ദീൻ, കേരള ഖാദി ഗ്രാമ വ്യവസായ ഫെഡറേഷൻ പ്രസിഡന്റ് കെ.പി. ഗോപാല പൊതുവാൾ, ഗാന്ധി പീസ് ഫൗണ്ടേഷൻ സെക്രട്ടറി മുരുക്കുംപുഴ രാജേന്ദ്രൻ, തിരുവനന്തപുരം സർവ്വോദയ സംഘം സെക്രട്ടറി ആർ. കിഷോർകുമാർ, വിനോഭാനികേതൻ പ്രസിഡന്റ് ബിജു രാജേന്ദ്രൻ എന്നിവരാണ് ഗാന്ധിഭാരത് പുരസ്കാരത്തിന് അർഹരായവർ. അവർ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.

ദേശീയ ഗാനാലാപനത്തോടെ സമാപിച്ച സമ്മേളനത്തിൽ കോ-ഓർഡിനേറ്റർ ശ്രീലത നന്ദി പ്രകാശിപ്പിച്ചു.

# ഖാദി പ്രസ്ഥാനത്തിന്റെ ശതാബ്ദിയാഘോഷം സർക്കാർ ആഭിമുഖ്യത്തിൽ വേണ്ടിയിരുന്നുവെന്ന് കെ.മുരളീധരൻ

ഖാദിവിരുദ്ധ മനോഭാവത്തെ ഒരു കാരണവശാലും അംഗീകരിക്കാനാവില്ലെന്ന് പറഞ്ഞ മുരളീധരൻ ഖാദിക്ക് സർക്കാർ അർഹമായ പ്രാധാന്യം നൽകുന്നില്ലായെന്നും കുറ്റപ്പെടുത്തുകയുണ്ടായി. വിദേശ വസ്ത്രം ഒഴിവാക്കി സ്വന്തമായി ധരിക്കാൻ വേണ്ട വസ്ത്രം സ്വയം നിർമ്മിച്ചെടുക്കാമെന്നതിലുപരി അത് വിൽപ്പന നടത്തി വരുമാനമുണ്ടാക്കുന്നതിലൂടെ സ്വയം പര്യാപ്തത നേടാമെന്നതു കൂടി കണ്ടുകൊണ്ടാണ് ഗാന്ധിജി ഇതിനെ കൂടുതൽ പ്രോത്സാഹിപ്പിച്ചത്- അദ്ദേഹം പറഞ്ഞു.

നേരത്തെ ഉണ്ടായ സ്വാതന്ത്ര്യസമരങ്ങൾ പരാജയപ്പെട്ടതിനു കാരണം ജനങ്ങളിലെ അനൈക്യം, ഭാഷ, വസ്ത്രം തുടങ്ങിയവ ഉൾപ്പെടെയുള്ള പ്രധാന കാര്യങ്ങളിലെ ഏകീകൃത സ്വഭാവമില്ലായ്മ തുടങ്ങിയവയാണെന്നു കണ്ട ഗാന്ധിജി ഇവ പരിഹരിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് ഖാദിയെ ഉയർത്തിക്കൊണ്ടുവന്നത്. അന്തർദ്ദേശീയ ഭാഷ എന്ന നിലയിൽ ഇംഗ്ലീഷും, ദേശീയ ഭാഷയെന്ന നിലയിൽ ഹിന്ദിയും പിന്നീട് പ്രാദേശിക ഭാഷയും എന്ന നിലയിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ശുപാർശ ചെയ്തപ്പോൾ ഹിന്ദിയെ ഗാന്ധിജി സർവ്വാത്മനാ അംഗീകരിച്ചു. വസ്ത്രത്തിന്റെ കാര്യത്തിലുള്ള ഏകീകൃത സ്വഭാവത്തിനായി ഖാദിയെ ഉയർത്തിക്കൊണ്ടുവരാനായിരുന്നു ഗാന്ധിജിയുടെ നിർദ്ദേശം. ധരിക്കുന്നതിനുള്ള വസ്ത്രം എന്നതിനൊപ്പം സ്വന്തമായി വരുമാനമാർഗ്ഗം കൂടി ഇതിലൂടെ തെളിയുന്നുവെന്നതായിരുന്നു ഗാന്ധിജിയെ ഇതിനായി പ്രേരിപ്പിച്ചത്.

മറ്റെല്ലാ മേഖലയിലുമെന്നപോലെ തന്നെ രാഷ്ട്രീയത്തിലും ചില പുഴുക്കുത്തുകളൊക്കെയുണ്ടെങ്കിലും അരാഷ്ട്രീയവാദം അപകടകരമാണെന്ന് മുരളീധരൻ ഓർമ്മിപ്പിച്ചു. ഖാദിയുടെ പ്രാധാന്യം നിലനിറുത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 'ഗാന്ധി ഭാരത്'ന്റെ ഈ വിധ പരിപാടികൾ അതിന് സഹാകമാകുമെന്നും കെ. മുരളീധരൻ തുടർന്നുപറഞ്ഞു.

# ഖദർ വസ്ത്രധാരണം ദേശീയ ബോധത്തിന്റെ അടയാളമായി കാണണം: എം.എം. ഹസ്സൻ

ഇന്നും നിലനിൽക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'ഗാന്ധിഭാരത്'ന്റെയും അഖില ഭാരത ചർക്കാ സംഘത്തിന്റേയും ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട ദേശീയ ഖാദി ദിനാഘോഷ-ചർക്കാ സംഘം ശതാബ്ദിയാഘോഷ പരിപാടിയിൽ പങ്കെടുത്ത് ഖാദിദിന സന്ദേശം നൽകുകയായിരുന്നു മുൻ മന്ത്രി എം.എം. ഹസ്സൻ.

ഖദർ വസ്ത്രം നിർബന്ധമെന്ന് കരുതാത്ത കുറച്ചു നേതാക്കളും പ്രവർത്തകരുമെങ്കിലും ഇന്ന് കോൺഗ്രസ്സിൽ ഇല്ലാതില്ല. അവർ ഖദർ വസ്ത്രധാരണത്തെ മഹത്തായ ദേശീയ ബോധത്തിന്റെ അടയാളമായി വേണം കരുതാൻ. ജനങ്ങൾക്ക് വേണ്ട ഭക്ഷണവും തൊഴിലും നൽകി അവരെ സ്വാശ്രയത്വത്തിലേയ്ക്ക് നയിച്ചുകൊണ്ടുമാത്രമേ സ്വാതന്ത്ര്യസമരത്തിന് അവരെ സജ്ജമാക്കാൻ കഴിയൂ എന്ന തിരിച്ചറിവോടെയുള്ള വീക്ഷണമായിരുന്നു ഗാന്ധിജിക്കുണ്ടായിരുന്നത്. സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ദേശീയ പ്രസ്ഥാന നേതാക്കളാകുന്ന 'താരാപഥ'ത്തിന് മുന്നിൽ ഇക്കാര്യം ഗാന്ധിജി അവതരിപ്പിച്ചപ്പോൾ നേതാജി സുഭാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിലുള്ളവർ സായുധ സമരത്തിലൂടെ സ്വാതന്ത്ര്യം നേടിയെടുക്കണമെന്ന വ്യത്യസ്ഥമായ അഭിപ്രായമാണ് മുന്നോട്ടുവെച്ചത്. അന്ന് ഗാന്ധിജി സ്വീകരിച്ച ശക്തമായ സമരായുധമാണ് ചർക്ക. കോൺഗ്രസ്സ് പ്രവർത്തകർ ഖദറിന്റെയും ചർക്കയുടെയും ചരിത്രം പഠിക്കണം - എം.എം. ഹസ്സൻ തുടർന്ന് പറഞ്ഞു.

# രാമായണത്തിലെ പ്രധാന വനം ദണ്ഡകാരണ്യം: ബി.എസ്സ്. ബാലചന്ദ്രൻ




ദേവഹിതങ്ങളായ ഒട്ടനവധി സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച ഘോരവനമാണ് ദണ്ഡകാരണ്യമെന്ന് ബി.എസ്സ്.എസ്സ്. ദേശീയ ചെയർമാൻ ബി.എസ്സ്. ബാലചന്ദ്രൻ രാമായണ പ്രഭാഷണം നടത്തവേ ചൂണ്ടിക്കാട്ടി.

രാവണ നിഗ്രഹത്തിനായി ശ്രീമഹാവിഷ്ണു ദശരഥനന്ദനൻ ശ്രീരാമനായി ഭൂതലത്തിൽ അവതരിച്ചശേഷം തന്റെ ദൗത്യനിർവ്വഹണത്തിന്റെ ഭാഗമായുള്ള വനവാസത്തിനിടെ ഉണ്ടായ പല പ്രധാന സംഭവങ്ങൾക്കും വേദിയായത് ഈ വനമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

രാമായണത്തിലെ ഏറ്റവും പ്രധാന സംഭവമായ സീതാപഹരണം നടന്നത് ദണ്ഡകാരണ്യത്തിൽ വച്ചാണ്. സീതയെ അപഹരിക്കുവാനുള്ള കളമൊരുക്കുവാനായി മനസ്സിലാമനസ്സോടെയാണെങ്കിലും ജീവഭയം മൂലം പൊന്മാനായി വേഷം മാറിയെത്തേണ്ടിവന്ന മാരീചനെ ശ്രീരാമൻ വധിച്ച് മോക്ഷം നൽകിയതും ഇവിടെ വച്ചു തന്നെ.

വിരാധൻ, കബന്ധൻ തുടങ്ങിയ ക്രൂര രാക്ഷസന്മാരുടെ ആവാസ കേന്ദ്രമായിരുന്ന ഇവിടെ വച്ചു തന്നെയാണ് ശ്രീരാമൻ അവരെ വധിച്ചത്. ഒട്ടനവധി മറ്റ് രാക്ഷസരേയും ശ്രീരാമൻ ദണ്ഡകാരണ്യത്തിൽ വച്ച് കാലപുരിക്കയക്കുകയുണ്ടായി. ശൂർപ്പണഖയുടെ മൂക്കും മാറും ഛേദിച്ചതും, ദുഷ്ട രാക്ഷസരായ ഖര-ദൂഷണന്മാരെ വധിച്ചതും ഇവിടെ വച്ചാണ്. മൈഥിലി അപഹരിക്കപ്പെട്ടതോടെ ദുഃഖക്കയത്തിലാണ്ട ശ്രീരാമ-ലക്ഷ്മണന്മാർ സീതാന്വേഷണത്തിനായി അലഞ്ഞതും ഈ വനത്തിൽ തന്നെ. രാവണൻ സീതയെ അപഹരിച്ച് പുഷ്പക വിമാനത്തിൽ ലങ്കയിലേക്കു കൊണ്ടുപോയ മാർഗ്ഗ മദ്ധ്യേ വിമാനം തടഞ്ഞ് രാവണനുമായി യുദ്ധം ചെയ്ത ജടായുവെന്ന പക്ഷിശ്രേഷ്ഠനെ രാവണൻ ചിറകരിഞ്ഞു വീഴ്ത്തിയതും സീതാന്വേഷണത്തിനിടെ രാമലക്ഷ്മണന്മാർ ജടായുവിനെ കണ്ടതും ജടായുവിനു മോക്ഷം നൽകിയതുമെല്ലാം ഈ വനത്തിൽ വച്ചാണ്.

ഇതിന് ദണ്ഡകാരണ്യമെന്ന പേരുവരാൻ കാരണമുണ്ട്. സൂര്യവംശ രാജാവായ ഇക്ഷാകുവിന് നുറുപുത്രന്മാരായിരുന്നു. ഇവരിൽ ഏറ്റവും ഇളയവനാണ് ദണ്ഡൻ. ഏതെങ്കിലും കാരണവശാൽ ഇവൻ ദണ്ഡിക്കപ്പെടുമെന്ന് ജ്യോതിഷപ്രവചന പ്രകാരം രാജാവിന് നേരത്തേ അറിയാമായിരുന്നതിനാലാണ് അവന് ദണ്ഡൻ എന്ന പേരു നൽകിയത്.



ദണ്ഡൻ ശാന്ത സ്വഭാവിയായിരുന്നുവെങ്കിലും സ്ത്രീകൾ അയാളുടെ ഏറ്റവും വലിയ ദൗർബല്യമായിരുന്നു. സദാസമയവും സ്ത്രീകളോടൊത്ത് ആട്ടവും, പാട്ടും, മദ്യപാനവും, സ്ത്രീസമാഗമവുമൊക്കെയായി കഴിഞ്ഞിരുന്ന ദണ്ഡന് ഇതല്ലാതെ മറ്റൊരു ചിന്തയുമുണ്ടായിരുന്നില്ല. ഒരു നാൾ ദണ്ഡൻ വനത്തിൽ മൃഗയാ വിനോദത്തിനായി പോയി. ഏറെ ദൂരം സഞ്ചരിച്ച് തളർന്ന ദണ്ഡൻ ദാഹശമനത്തിനായി ജലമന്വേഷിച്ചു നടന്നു. കുറേ ദൂരം ചെന്നപ്പോൾ അവിടെ ഒരാശ്രമം കണ്ടു. ദണ്ഡൻ അവിടേയ്ക്കു നീങ്ങി. അസുര ഗുരുവായ ശുക്ര മഹർഷിയുടെ ആശ്രമമായിരുന്നു അത്. ദണ്ഡൻ ഇവിടെയത്തുമ്പോൾ ശുക്ര മഹർഷി ആശ്രമത്തിൽ ഉണ്ടായിരുന്നില്ല. മഹർഷിയുടെ പുത്രി അര അതിഥിയെ സ്വീകരിച്ച് ജലവും ഭക്ഷണവും നൽകി. രുചികരമായ ഭക്ഷണവും മധുരമൂറുന്ന പഴവർഗ്ഗങ്ങളുമെല്ലാം കഴിക്കുമ്പോഴും ദണ്ഡന്റെ ശ്രദ്ധ സുന്ദരിയായ മുനികന്യകയിലായിരുന്നു. കന്യകയുടെ അഭൗമസൗന്ദര്യത്തിലും ആകാരവടിവിലും സ്വയം മറന്ന ദണ്ഡൻ മുൻ-പിൻ ചിന്തിക്കാതെ അരയെ കടന്നു പിടിച്ചു. താൻ മുനി കന്യകയാണെന്നും തന്റെ പരിശുദ്ധിക്കു കളങ്കം വരുത്താൻ അനുവദിക്കില്ലായെന്നും പറഞ്ഞ് അര ദണ്ഡനോട് എതിർത്തുനിന്നുവെങ്കിലും ദണ്ഡന്റെ കായബലത്തിനു മുമ്പിൽ അവൾ തോറ്റുപോയി. ദണ്ഡൻ അവളെ പ്രാപിച്ചു.

സന്ധ്യയോടെ ശുക്രമഹർഷി ആശ്രമത്തിൽ മടങ്ങിയെത്തി. താതനെ കണ്ട അര പൊട്ടിക്കരഞ്ഞു. കാര്യം തിരക്കിയ മഹർഷിയോട് അവൾ എല്ലാം പറഞ്ഞു. മഹർഷി കോപത്താൽ വിറച്ചു. കണ്ണുകൾ അഗ്നിഗോളം പോലെ ജ്വലിച്ചു. ശുക്രമഹർഷിയുടെ ഭാവമാറ്റം കണ്ട് പ്രകൃതിയും ദേവഗണങ്ങളും പോലും ഭയന്നു.

കോപം പൂണ്ട മഹർഷി കമണ്ഡലുവിൽ നിന്നും ജലം കൈകളിലെടുത്ത് മൂർദ്ധാവിലേയ്ക്കുയർത്തി ശപിച്ചു."എന്റെ മകളോട് അതിക്രമം കാട്ടിയ ദണ്ഡാ; നിന്റെ രാജ്യം വെന്തു വെണ്ണീറായി പോകട്ടെ. മഹർഷിമാരും, സത്ജനങ്ങളും, പക്ഷിമൃഗാദികളും ഒഴികെ നീയും നിന്റെ സർവ്വവും ബന്ധുക്കളും അനുചരന്മാരും എല്ലാം ഇന്നു മുതൽ ഏഴു ദിവസം നീണ്ടു നിൽക്കുന്ന അഗ്നി വർഷത്തിൽ നശിച്ച് ചാരമായി പോകട്ടെ."

ഏഴു ദിവസത്തെ അഗ്നിപാതത്തിൽ ദണ്ഡരാജ്യം നിന്നു കത്തി. ദണ്ഡനും കുടുംബവും സൈന്യവും അനുചരന്മാരും എല്ലാം കത്തിയമർന്നു. ഏറ്റവുമൊടുവിൽ രാജ്യം ഒരു ചാരക്കൂമ്പാരമായിക്കിടന്നു. കുറേ വർഷങ്ങൾ കഴിഞ്ഞപ്പോൾ ആ ഭൂപ്രദേശം കൊടുംവനമായി മാറി. അവിടം ദുഷ്ടമൃഗങ്ങളുടെയും നരഭോജികളായ രാക്ഷസന്മാരുടെയും ആവാസ കേന്ദ്രമായി തീർന്നു. അതാണ് ദണ്ഡകാരണ്യം. ബി.എസ്സ്. ബാലചന്ദ്രൻ തന്റെ പ്രഭാഷണത്തിൽ തുടർന്നു പറഞ്ഞു.

## ആൽബം



മഹാത്മ ഗാന്ധിയുടെ ചെറുമകനായ തുഷാർ ഗാന്ധിയും, ബി.എസ്.ബാലചന്ദ്രനും



ബി.എസ്.എസ് സംസ്കാര ഭാരതത്തിന്റെയും കണ്ണമ്മൂല അക്ഷരശ്ലോക സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട അക്ഷരശ്ലോക സദസ്സ്

# സദ്ഭാവന ട്രസ്റ്റ്

**കോൺഗ്രസ് നേതാവ് കെ.സി. ജോസഫിന്റെ നിയമസഭാ പ്രസംഗങ്ങൾ കോൺഗ്രസ് ദേശീയ നേതാവും മുൻ മുഖ്യമന്ത്രിയുമായ എ.കെ. ആന്റണി പ്രകാശനം ചെയ്തു**




സ്വാഗതമാശംസിച്ച് ബി.എസ്. ബാലചന്ദ്രൻ



കോൺഗ്രസ് ദേശീയ നേതാവ് എ.കെ. ആന്റണി മുസ്‌ലിം ലീഗ് നേതാവ് പി.കെ. കുഞ്ഞാലിക്കുട്ടിക്ക് പുസ്തകം നൽകി പ്രകാശനം ചെയ്യുന്നു




മുൻ മുഖ്യമന്ത്രി എ.കെ. ആന്റണി പുസ്തകം പ്രകാശനം ചെയ്ത് സംസാരിക്കുന്നു

## കാര്യവിചാരം

### ഗാന്ധിയുടെ ബാല്യവും ബാരിസ്റ്ററായ ഗാന്ധിയും



പ്രൊഫ. ജി. ബാലചന്ദ്രൻ

സുദാമ പുരി എന്ന വിശുദ്ധ ഭൂമിയിലാണ് മോഹൻദാസ് ഭൂജാതനായത്. 1869 ഒക്ടോബർ 2 ന്. കുചേലന്റെ ദുഃഖം മാറ്റാൻ വേണ്ടി ശ്രീകൃഷ്ണൻ നിർമ്മിച്ചു നൽകിയ പട്ടണമാണത്രേ സുദാമപുരി. ബാല്യത്തിൽ പോലും കള്ളം പറയാതെ ഈശ്വര ഭക്തിയോടെ പ്രാഥമിക പഠനം പൂർത്തിയാക്കി. പന്ത്രണ്ട് വയസ്സായപ്പോൾ ഹൈസ്ക്കൂൾ പഠനത്തിനുള്ള അർഹത നേടി. ക്ലാസ്സിൽ വച്ച് വിദ്യാഭ്യാസ ഡയറക്ടർ നൽകിയ കേട്ടെഴുത്തിൽ Kettle എന്ന വാക്ക് തെറ്റിച്ചപ്പോൾ അടുത്തിരുന്ന കുട്ടിയുടെ നോട്ടുബുക്കിൽ നോക്കിയെഴുതാൻ ടീച്ചർ ആംഗ്യഭാഷയിൽ നിർദേശിച്ചെങ്കിലും അതിന് ഗാന്ധിയുടെ മനസ്സാക്ഷി അനുവദിച്ചില്ല.

തന്നെക്കാൾ ആറു മാസം പ്രായക്കൂടുതലുള്ള കണ്ണൂർ ബായെ 13-ാം വയസ്സിൽ കല്യാണം കഴിച്ചു. 16-ാം വയസ്സിൽ പിതാവായി. കുട്ടിത്തം മാറാത്ത ആ ഭാര്യാ ഭർത്താക്കന്മാർ ബാലലീലകളുമായി കഴിഞ്ഞു. കൂട്ടുകാരുമൊത്ത് ചങ്ങാത്തം കൂടി മോഹൻദാസ് അപഥ സഞ്ചാരത്തിലേക്കു തിരിഞ്ഞു. ശക്തിയുണ്ടാകാൻ സുഹൃത്തിന്റെ നിർദ്ദേശാനുസരണം മാംസം ഭക്ഷിച്ചു. പ്രായമായവർ വലിച്ചുപേക്ഷിച്ച സിഗററ്റു കുറ്റികൾ ശേഖരിച്ച് പുകവലി തുടങ്ങി. ചില്ലറ നാണയങ്ങൾ വീട്ടിൽ നിന്ന് മോഷ്ടിച്ചു. ഏറെത്താമസിയാതെ തെറ്റുകൾ മനസ്സിലാക്കിയ മോഹൻ ദാസ്തെറ്റുകൾ ഏറ്റു പറഞ്ഞ് പിതാവിനോട് മാപ്പപേക്ഷിച്ചു. ആദ്യ ശിശുവിന്റെ ജനനവും മരണവും സ്വന്തം പിതാവിന്റെ മരണവും മോഹൻ ദാസിനെ അതീവ ദുഃഖാകുലനാക്കി.

ജേഷ്ഠന്റെ നിർദ്ദേശമനുസരിച്ച് ബാരിസ്റ്റർ പരീക്ഷ പഠിക്കാൻ മോഹൻ ദാസ് ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടു. മാംസവും മദ്യവും തൊടുകയില്ലെന്ന് അമ്മയോട് സത്യം ചെയ്തിട്ടാണ് മോഹൻദാസ് പുറപ്പെട്ടത്. വലിയ പ്രതീക്ഷയോടെയാണ് നിയമം പഠിക്കാൻ ഇംഗ്ലണ്ടിലേക്കു കപ്പൽ കയറിയത് 'ബനിയാ' വംശത്തിലാരും മോഹൻ ദാസിന്റെ യാത്രയിൽ പങ്കെടുക്കരുതെന്നു ഗ്രാമത്തലവൻ കല്പിച്ചു. ഇതിനു വിപരീതമായി ആരെങ്കിലും പ്രവർത്തിച്ചാൽ ഒരു രൂപാ നാലണ പിഴയിടുമെന്നും താക്കീത് ചെയ്തു. അതൊന്നും വക വയ്ക്കാതെ മോഹൻദാസ് മൂന്നു വർഷത്തെ ബാരിസ്റ്റർ പഠനത്തിനു പുറപ്പെട്ടു.

കപ്പൽ യാത്രയിൽ സഹായിക്കാനും ഇംഗ്ലണ്ടിലെത്തിയാൽ സഹായിക്കാനു മുതകുന്ന ചിലരുടെ മേൽ വിലാസവും കൈയ്യിൽ കരുതിയിരുന്നു. പക്ഷേ ഇംഗ്ലീഷു ഭാഷയിലുള്ള അല്പജ്ഞാനം ആശയ വിനിമയത്തിന് ഒട്ടും മതിയായില്ല. എന്നാലും അദ്ദേഹം കടിച്ചു പിടിച്ചു വിദ്യാഭ്യാസം പൂത്തിയാക്കാൻ തന്നെ നിശ്ചയിച്ചു. തന്റെ സസ്യാഹാരം വളരെയേറെ ക്ലേശമുണ്ടാക്കി. ബ്രിട്ടീഷുകാരുടെ ഒരു സാധനവും തൊടരുതെന്നും അങ്ങോട്ടു കയറി ഒരു ചോദ്യവും ചോദിക്കരുതെന്നും ഉച്ചത്തിൽ സംസാരിക്കരുതെന്നുമാണ് ഡോക്ടർ മെഹ്ത്ത ഉപദേശിച്ചത്.

പാശ്ചാത്യ സംസ്കാരത്തോടും വേഷത്തോടും യോജിച്ചു പോകാതെ തരമില്ല. ചിലതു കൂടി വേണമെന്ന് മുതിർന്ന വിദ്യാർത്ഥികൾ നിർദ്ദേശിച്ചു. പാന്റ്സ്, കോട്ട്, ടൈ, സോക്സ് എല്ലാം വാങ്ങി. ഒന്നരയടി നീളമുള്ള രണ്ടറ്റത്തും വെള്ളി കെട്ടിയ 'സ്റ്റിക്ക്' എന്ന വടിയും സംഘടിപ്പിച്ചു. ബോൾ റൂം ഡാൻസു ചെയ്യാനും പാടാനും പിയാനോ വായിക്കാനും ശ്രമമാരംഭിച്ചു. ബാരിസ്റ്റർ പരീക്ഷ പാസാകുന്നതിന് മൂന്നു വർഷത്തെ അദ്ധ്യയനമാണ് വേണ്ടത്. ഒരു വർഷം നാലു ടേം. അങ്ങനെ പന്ത്രണ്ടു ടേം. ഓരോ ടേമിലും ഇരുപത്തിനാലു ഡിന്നർ പാർട്ടികൾ. നാലു പേർ വീതമായി തിരിച്ചതാണ് ഡിന്നർ പാർട്ടി. ഓരോ ബാച്ചിനും രണ്ടു കുപ്പി മദ്യവും അനുസാരികളും നിർബ്ബന്ധമായിരുന്നു. വെറും ആറു ഷില്ലിംഗേ ഡിന്നർ പാർട്ടിക്കു കൊടുക്കേണ്ടതുള്ളൂ. അതിന് വലിയ സാമ്പത്തിക ഭാരമില്ലായിരുന്നു. സാധാരണ ഡിന്നർ പാർട്ടിക്കു കൊടുത്തിരുന്ന രണ്ടു കുപ്പി വിസ്കിയും ഒരു കുപ്പി ഷാംപെയിനും മൂന്നുപേർ പങ്കു വച്ചാൽ മതി. മോഹൻദാസ് മദ്യപിക്കുകയില്ലല്ലോ. പുഴുങ്ങിയ ഉരുളക്കിഴങ്ങും പച്ചക്കാരറ്റും രണ്ടോ മൂന്നോ അണ്ടിപ്പരിപ്പും കഴിച്ച് മോഹൻ ദാസ് തൃപ്തിയടഞ്ഞിരുന്നു.

ക്ലാസ്സിൽ അദ്ധ്യയനം കാര്യമായി ഒന്നും നടന്നിരുന്നില്ല. എന്നാലും വിജയ ശതമാനം ഏറ്റവും കൂടുതലായിരുന്നു. രണ്ടു തരത്തിലായിരുന്നു നിയമ പഠനം. ഒന്നു റോമൻ ലാ, രണ്ട് കോമൺ ലാ. കോളേജ് ലൈബ്രറിയിൽ ആവശ്യത്തിലധികം പുസ്തകങ്ങളുണ്ടായിരുന്നു. പക്ഷേ മുന്നൂറു വർഷം ഇന്ത്യയെ അടക്കി ഭരിച്ച ഇംഗ്ലീഷുകാരുടെ ലൈബ്രറിയിൽ ഇന്ത്യൻ നിയമങ്ങളെക്കുറിച്ചുള്ള ഒറ്റ പുസ്തകം പോലും ഉണ്ടായിരുന്നില്ല. മോഹൻ ദാസ് കരുതി താൻ ഇന്ത്യയിൽ മടങ്ങിച്ചെല്ലുന്നത് 'ഒരു ഡിന്നർ ബാരിസ്റ്ററായിട്ടാവും'

ആൾ പ്രമോഷനാണ്. എല്ലാവരും റാങ്കുകാർ. തോറ്റവരാരുമില്ല. പഠിപ്പിക്കുന്ന പ്രൊഫസറന്മാർക്കും വിഷയങ്ങളെക്കുറിച്ച് വലിയ ഗ്രാഹ്യമില്ലെന്നാണ് മോഹൻദാസ് രേഖപ്പെടുത്തിയത്. 1891 ജൂൺ പത്താം തീയതി ബാരിസ്റ്റർ സർട്ടിഫിക്കറ്റു കിട്ടി. പിറ്റേന്നു തന്നെ ലണ്ടൻ കോടതിയിൽ ബാരിസ്റ്ററായി രജിസ്റ്റർ ചെയ്തു . മടങ്ങി വന്നപ്പോൾ അമ്മ വേർപിരിഞ്ഞു പോയിരുന്നു. ബാരിസ്റ്ററായി വരുന്ന തന്റെ അനുജനു വേണ്ടി മോടി പിടിപ്പിച്ച ഒരു വക്കീലാഫീസും മറ്റുപകരണങ്ങളും ജ്യേഷ്ഠൻ സജ്ജീകരിച്ചിരുന്നു. വലിയ കേസൊന്നും കിട്ടാതിരുന്നതു കൊണ്ടും ജ്യേഷ്ഠന് സാമ്പത്തിക ബുദ്ധിമുട്ടായതു കൊണ്ടും മൂന്നാലു മാസം കഴിഞ്ഞപ്പോൾ വക്കിലാഫീസ് പൂട്ടേണ്ടി വന്നു. പിന്നെ വരുമാനത്തിനു വേണ്ടി നെട്ടോട്ടമായി. മോട്ടിലാൽ നെഹ്റുവിനെപ്പോലുള്ള വക്കീലന്മാർ ഗർജ്ജിക്കുന്ന സിംഹങ്ങളായിരുന്നു. അപ്പോൾ പിന്നെ മൂന്നാംകിട വക്കീലന്മാരുടെ ഗതികേട് പറയേണ്ടതില്ലല്ലോ. അങ്ങനെയാണ് ബാരിസ്റ്റർ ഗാന്ധി ദക്ഷിണാഫ്രിക്കയിലേക്കു കപ്പൽ കയറിയത്. അവിടെ കേസു നടത്തുകയല്ല. കേസിന്റെ കടലാസുകൾ ഗുജറാത്തിയിൽ നിന്ന് ഇംഗ്ലീഷിലാക്കിക്കൊടുക്കുന്ന ഒരു ഗുമസ്തപ്പണി മാത്രമാണു ചെയ്യേണ്ടിയിരുന്നത്. കോടതികളിലെ മജിസ്ട്രേട്ടന്മാരെല്ലാം ഗർവ്വിഷ്ഠരും ഇന്ത്യൻ വക്കീലന്മാരെ പുച്ഛത്തോടെ നോക്കുന്നവരുമായിരുന്നു. ദക്ഷിണാഫ്രിക്കയിൽ വച്ച് ഒരു ഇന്ത്യാക്കാരനു വേണ്ടിയാണ് ഗാന്ധി വക്കീൽ ക്കോട്ടണിഞ്ഞത്. ഇതാണ് ബാരിസ്റ്റർ ഗാന്ധിയുടെ കഥ.

## മേറുകും മേലയും



ഡോ. രമേശ് ഇളമൺ നമ്പൂതിരി

**അക്ഷര നടയിൽ**

സാരമാം 'സ്വ' ഭാവത്തെ തരുന്നവൾ
കൂരിരുൾ നീക്കി അക്ഷരമൂട്ടുന്നവൾ
നാരായത്തുമ്പിലെ തീർത്ഥമാകുന്നവൾ
മാതംഗ കന്യക മൂകാംബിക

**എല്ലാം**

ഞാൻ തന്നെ വൃക്ഷവും ശാഖയും
പുഷ്പവും
കെൽപ്പുള്ളതാക്കുമീ വേരും ഇലകളും
വീഴാതെയെന്നെ താങ്ങി നിർത്തീടുന്ന
ഭൂമിയും ഞാൻ തന്നെ ഫലങ്ങളും
ഞാൻ തന്നെ
ഉദയവും സന്ധ്യയും രാവും
കൈകോർത്തീടുവാൻ
മുറിയാതെ നിൽക്കുന്ന പാശവും
ഞാൻ തന്നെ.

**മൃത്യു ഗീതം**

ഞാൻ നടക്കുന്ന ശവപ്പെട്ടി.
എന്നെ പലതവണ
ഇതിൽ അടക്കിയിരിക്കുന്നു.

**മറ്റൊരാൾ**

വായിയ്ക്കാറുണ്ട് പുസ്തകങ്ങൾ ഞാൻ
പക്ഷെ
എന്നെ വായിപ്പതു മറ്റൊരാൾ
ബാല്യം മുതൽ ഈ ദിനം വരെ കൃത്യമായ്
പനയോലത്താളിലെ കറുപ്പും
വെളുപ്പുമെന്നും
വായിപ്പതു മറ്റൊരാൾ
അമ്മയെന്ന മറ്റൊരാൾ

**പരിണാമം.**

സിംഹം ചത്തിരിയ്ക്കുന്നു
എന്തൊരു ഭാരമായിരുന്നു!
ഇപ്പോൾ എല്ലാവർക്കും എന്നെ ഇഷ്ടമാണ്.

Edited, Printed and Published by B.S. Balachandran on behalf of Satbhavana Publishing Chamber, Sri Nikethan, Thycaud P.O, Thiruvananthapuram 695014. Printed at Rainbow Printers, Kumarapuram, for BRN Printers.
Managing Editor: Manju Sreekandan, Chief Editor: Jaya Sreekumar